PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

FIRST SESSION—1952

Wednesday, *the 26th March, 1952*

VOL. V] OFFICIAL REPORT [No. 3

The Assembly met again in the Legislative Chamber, Trivandrum, at Eleven of the Clock on Wednesday, the 26th March 1952, with Mr. Speaker in the Chair.

QUESTIONS AND ANSWERS

(The number within brackets indicates the number within the list of admitted questions for the day).

Oral Answers

രാഷ്ട്രീയപ്രവർത്തനങ്ങൾ

*൧൰. (൧) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

(എ) എയിഡഡ് സ്കൂൾ അദ്ധ്യാപകന്മാരെ രാഷ്ട്രീയപ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നതിൽനിന്നു ഗവൺമെണ്ട് വിലക്കിയിട്ടുണ്ടോ;

(ബി) കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളിൽ പങ്കെടുത്തു എന്ന കാരണം പറഞ്ഞ് ഏതെങ്കിലും എയിഡഡ് സ്കൂൾ അദ്ധ്യാപകനേയോ അദ്ധ്യാപികയേയോ സർവ്വീസിൽനിന്നു പിരിച്ചുവിടുകയുണ്ടായിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഗവൺമെണ്ട് അങ്ങനെ വിലക്കിയിട്ടില്ല.

(ബി) ഉണ്ട്. വിധ്വംസകപ്രവർത്തനങ്ങളിൽ ഏർപ്പെട്ടിരുന്നതുകൊണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഏതു സ്കൂളുകളിൽനിന്നാണ് പിരിച്ചു വിട്ടിട്ടുള്ളത്?

ശ്രീ. എ. ജെ. ജോൺ: കോട്ടംപാക്കൽ, എഴുപുന്ന, ഓച്ചൻതുരുത്ത്, ഇരഞ്ഞിക്കോട്, എ. വി. എം. മുഹമ്മദ്, എൽത്തുരുത്ത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ എൽത്തുരുത്ത് സ്കൂളിൽനിന്നും പിരിച്ചുവിടപ്പെട്ട അദ്ധ്യാപകനെ സംബന്ധിച്ച് ഡിപ്പാർട്ടുമെൻറലായി അന്വേഷണം നടത്തിയതിൽ അയാൾ കുററക്കാരനല്ലെന്നു കണ്ട് അയാളെ റീഇൻസ്റ്റേററ് ചെയ്യുവാൻ ഡയറക്ടർ ആർഡർ പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ പുറപ്പെടുവിച്ചിട്ടുള്ളതായി അറിവില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഇങ്ങനെയുള്ള കുറ്റങ്ങൾക്ക് കോടതി മുഖാന്തിരം വിധി സമ്പാദിക്കേണ്ടതല്ലേ?

ശ്രീ. എ. ജെ. ജോൺ: അതിന്റെ ആവശ്യം ഇല്ല. എഡ്യുക്കേഷൻ കോഡിൽതന്നെ അതിനുള്ള വ്യവസ്ഥയുണ്ട്. അതനുസരിച്ചാണ് ശിക്ഷിച്ചിട്ടുള്ളത്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ സ്കൂളിൽനിന്നും എത്ര പേരെയാണ് ഇങ്ങനെ ശിക്ഷിച്ചിട്ടുള്ളത്?

ശ്രീ. എ. ജെ. ജോൺ: രണ്ടുപേർ.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഇവരെ കോടതിയിൽ വിസ്തരിക്കേണ്ട ആവശ്യമില്ലേ?

ശ്രീ. എ. ജെ. ജോൺ: ഇല്ല. ഡിപ്പാർട്ടുമെന്റലായി വിസ്തരിച്ചാൽ മതി.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അങ്ങനെ എൽത്തുരുത്ത് സ്കൂളിൽനിന്നും പിരിച്ചുവിടപ്പെട്ട രണ്ടു അദ്ധ്യാപകന്മാരുടെ സ്ഥാനത്ത് അവിടത്തെ മാനേജർ അദ്ദേഹത്തിന്റെ മകനേയും അനന്തിരവനേയും നിയമിച്ചതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിവില്ല.

ശ്രീ. പി. ഗോവിന്ദപിള്ള: രാമസ്വാമിഅയ്യരുടെ കാലത്തെപ്പോലെ ഭരണകക്ഷിക്ക് ഇഷ്ടംപോലെ ആരെയെങ്കിലും ഉപദ്രവിക്കാമോ?

Mr. Speaker: That question is disallowed.

ശ്രീ. അവിരാതരകൻ: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മേലുള്ള നിരോധനം നീക്കിയിരിക്കുന്ന സ്ഥിതിക്ക് ഈ ആളുകളെ തിരിയെ സർവ്വീസിലെടുക്കാമോ?

ശ്രീ. എ. ജെ. ജോൺ: വിധ്വംസക പ്രവർത്തനങ്ങളിൽനിന്നും ഒഴിഞ്ഞുമാറി എന്നു ഗവമ്മെന്റിനു ബോദ്ധ്യം വന്നാൽ ഇതേപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. സി. കെ. വിശ്വനാഥൻ: അദ്ധ്യാപകന്മാർക്ക് കോൺഗ്രസ്സ് പ്രവർത്തനങ്ങളിൽ പങ്കെടുക്കാമോ?

ശ്രീ. എ. ജെ. ജോൺ: അത് ആലോചിച്ചു പറയേണ്ടതാണ്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: വിധ്വംസക പ്രവർത്തനങ്ങളെന്നാൽ എന്താണ്?

ശ്രീ. എ. ജെ. ജോൺ: ഗവമ്മെന്റിനെ തകിടം മറിക്കുവാനുള്ള പ്രവർത്തനങ്ങൾ.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: എന്നു പറഞ്ഞാൽ എന്താണ്?

ശ്രീ. എ. ജെ. ജോൺ: ഇതിൽ കൂടുതൽ വ്യാഖ്യാനം സാദ്ധ്യമല്ല.

ശ്രീ. ചെങ്ങാരപ്പള്ളി പി. നാരായണൻ പോറ്റി: ചോദ്യം ചോദിച്ചിരിക്കുന്നത് കമ്മ്യൂണിസ്റ്റ് പ്രവർത്തനങ്ങളിൽ പങ്കെടുത്തതുനിമിത്തം എത്രപേരെ പിരിച്ചുവിട്ടു എന്നാണ്. ഉത്തരം പറഞ്ഞതനുസരിച്ച് ഇതും വിധ്വംസകപ്രവർത്തനങ്ങളിൽ ഒന്നാണോ?

ശ്രീ. എ. ജെ. ജോൺ: അതേ.

ശ്രീ. അച്ചുതമേനോൻ: കമ്മ്യൂണിസ്റ്റ് പ്രവർത്തനം വിധ്വംസക പ്രവർത്തനമാണോ?

ശ്രീ. എ. ജെ. ജോൺ: വിധ്വംസക പ്രവർത്തനത്തിൽ കമ്മ്യൂണിസ്റ്റുകാർ ഏർപ്പെട്ടിരിക്കുന്നിടത്തോളം കാലം അവരെ സഹായിക്കുന്നതും വിധ്വംസക പ്രവർത്തനമായിട്ടുവരും.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: കോൺഗ്രസ്സിനു വോട്ടുപിടിച്ചതു് വിധ്വംസക പ്രവർത്തനമാണോ?

ശ്രീ. എ. ജെ. ജോൺ: അതു് നിയമം നോക്കി പറയേണ്ട ഒന്നാണു്.

ശ്രീ. ടി. കെ. ദിവാകരൻ; കോൺഗ്രസിനു എതിരായി ഒരു എക്സ് മന്ത്രി പ്രവർത്തിച്ചതു് വിധ്വംസകമാണോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ഒരു എക്സ് മന്ത്രി പ്രവർത്തിച്ചതായിട്ടു് അറിവില്ല.

ശ്രീ. കെ. കരുണാകരൻ: ഏതുവിധ പ്രവർത്തനങ്ങളെല്ലാമാണു് വിധ്വംസക പ്രവർത്തനങ്ങളായി കണക്കാക്കുന്നതു്?

Mr. Speaker: Order, order. I may call the attention of the hon. Members to the way in which supplementary questions are put. The Members may well realise how yesterday even though there were more than hundred questions, only twenty-three were answered. As hon. Members are aware, the purpose of supplementary questions is to elucidate matters arising from the answer given to the original question. Vague questions put and vague answers given are not going to help matters and serve the purpose for which they are put. Members will, therefore, realise the relevancy of supplementary questions so that they may reach more questions today.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ൨൮–൧൧–൫൦-ലെ ഗവണ്മെണ്ടു് ഓർഡർ പ്രകാരം ഇവരെ തിരിയെ സർവ്വീസിൽ എടുക്കണമെന്നു് ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: ആ ഗവണ്മെണ്ടു് ആർഡർ ഇപ്പോൾ എന്റെ കൈവശമില്ല.

ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ്

*൨൯. (൨) ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പ്രധാനമന്ത്രി സ്വയം മറുപടി നൽകുമോ:—

(എ) തിരു-കൊച്ചി സംസ്ഥാനത്തു് ൧൯൫൧–൧൯൫൨ വിദ്യാഭ്യാസവർഷത്തിൽ ടീച്ചേഴ്സ് ട്രെയിനിംഗ് കോഴ്സ് നടത്തുന്ന എത്ര അദ്ധ്യാപകവിദ്യാർത്ഥികളുണ്ടു്;

(ബി) ഗവണ്മെൻറു് സർവ്വീസിൽ ജോലിചെയ്യുന്ന എത്ര പേരെ ട്രെയിനിംഗ് കഴിക്കുവാൻ തിരഞ്ഞെടുത്തിട്ടുണ്ടു്;

(സി) അവരിൽ എത്ര പേർ തിരുവിതാംകൂർ വിഭാഗത്തിൽ ട്രെയിനിംഗ് കഴിക്കുന്നു; എത്ര പേർ കൊച്ചിവിഭാഗത്തിൽ ട്രെയിനിംഗ് കഴിക്കുന്നു;

(ഡി) കൊച്ചി വിഭാഗത്തിൽ സ്റ്റൈപ്പൻഡായി നൽകുന്നതെത്ര സംഖ്യയാണ്; തിരുവിതാംകൂർ വിഭാഗത്തിൽ എത്ര സംഖ്യയാണ് നൽകുന്നത്;

(ഇ) ബി. ടി. കോഴ്സ് കഴിക്കുന്നവർക്കു മുഴുവൻ ശമ്പളവും അലവൻസും സ്റ്റൈപ്പൻഡായി നൽകുന്നുണ്ടോ;

(എഫ്) പ്രാഥമികാദ്ധ്യാപകന്മാർക്കു മുഴുവൻ ശമ്പളവും അലവൻസും സ്റ്റൈപ്പൻഡായി നൽകാത്തതു് എന്തുകൊണ്ടു്?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ൩൮൩൦.

(ബി) ൪൪൩.

(സി) തിരുവിതാംകൂർ വിഭാഗം ൨൪൮; കൊച്ചി വിഭാഗം ൧൯൮.

(ഡി) കൊച്ചി വിഭാഗത്തിലെ സർക്കാർസ്കൂളുകളിൽ നിന്നും, പ്രൈവറ്റ് സ്കൂളുകളിൽനിന്നും സെക്കണ്ടറി ട്രെയിനിംഗിനു പോകുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു് അവർ ട്രെയിനിംഗിനു പോകുന്ന സമയത്തു് വാങ്ങിച്ചിരുന്ന ശമ്പളത്തിന്റെ പകുതി (൨൦) രൂപയിൽ കുറയാതെയാണു് സ്റ്റൈപ്പൻഡായി കൊടുക്കുന്നതു്. ഇ സ്റ്റൈപ്പൻഡിനു പുറമെ സാധാരണ - നിരക്കിലുള്ള ക്ഷാമബത്തയും കൊടുക്കുന്നുണ്ടു്. എന്നാൽ ൧൧൧൮-ൽ സ്കൂൾ തുറന്നതിനുശേഷം നിയമിതരായിട്ടുള്ള പ്രൈവറ്റ് സ്കൂൾ അദ്ധ്യാപകന്മാർക്കും ൪൮-നുശേഷം സർക്കാർസർവ്വീസിൽ പ്രവേശിച്ച സർക്കാർസ്കൂൾ അദ്ധ്യാപകന്മാർക്കും സ്റ്റൈപ്പൻഡും ക്ഷാമബത്തയും കൊടുക്കുന്നില്ല.

തിരുവിതാംകൂർ വിഭാഗത്തിലെ സർക്കാർ സ്കൂളുകളിൽനിന്നും ട്രെയിനിങ്ങിനു പോകുന്ന അദ്ധ്യാപകവിദ്യാർത്ഥികൾക്കു് ൨൦ രൂപാ വീതം സ്റ്റൈപ്പൻഡായി കൊടുക്കുന്നുണ്ടു്. പ്രൈവറ്റ് സ്കൂളുകളിലെ മാനേജർമാരോ അദ്ധ്യാപകവിദ്യാർത്ഥികൾക്കും വേണ്ടി ൧൦ രൂപയിൽ കവിയാത്തതായ സ്റ്റൈപ്പൻഡ് കൊടുത്തുവരുന്നുണ്ടു്.

സ്പെഷ്യലിസ്റ്റുകൾക്കു രണ്ടു വിഭാഗത്തിലുമുള്ളവർക്കും ഒരേ രീതിയിലാണു് സ്റ്റൈപ്പൻഡ് കൊടുക്കുന്നതു്. സർക്കാർ സ്കൂളുകളിൽനിന്നു പോകുന്നവർക്കു അവർ ട്രെയിനിംഗിനു പോകുന്ന സമയത്തു് വാങ്ങിയിരുന്ന ശമ്പളമാണു് സ്റ്റൈപ്പൻഡായി കൊടുക്കുന്നതു്. ഇതു ൪൦ രൂപയിൽ കൂടുവാൻ പാടില്ല. അവർ ട്രെയിനിംഗിനു പോകുന്നതിനു തൊട്ടു മുമ്പു വാങ്ങിയിരുന്ന ക്ഷാമബത്തയും അവർക്കു കൊടുക്കുന്നുണ്ടു്. എന്നാൽ പ്രൈവറ്റ്സ്കൂളുകളിലെ സെക്കണ്ടറി വിഭാഗത്തിൽനിന്നും ട്രെയിനിംഗിനു പോകുന്ന ഭാഷാദ്ധ്യാപകന്മാർക്കു് സ്റ്റൈപ്പൻഡിനു പുറമെ ക്ഷാമബത്തയുടെ പകുതിഭാഗം മാത്രമേ ഗവമ്മെന്റിൽനിന്നു കൊടുക്കുന്നുള്ളു.

ചേർപ്പിലെ ബേസിക്ക് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂഷനിൽ ട്രെയിനിംഗിനു പോയിരിക്കുന്നവർക്കു അവരുടെ സിലക്ഷനു മുൻപു വാങ്ങിയിരുന്ന ശമ്പളം സ്റ്റൈപ്പൻഡായി കൊടുത്തുവരുന്നു.

(ഇ) ഉണ്ടു്.

(എഫ്) ഈ കാര്യം ഗവമ്മെന്റ് ആലോചിക്കുന്നതാണു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: തിരുവിതാംകൂറിലെ അദ്ധ്യാപകവിദ്യാർത്ഥികളുടെ സ്റ്റൈപ്പൻഡ് വർദ്ധിപ്പിക്കുന്ന കാര്യം ഗവമ്മെ

ന്റിന്റെ പരിഗണനയിൽ ഇരിക്കുന്നുവെന്ന് പറയുകയുണ്ടായിട്ടുണ്ട്. അതിനെ സംബന്ധിച്ച് എന്തെങ്കിലും നടപടി നടത്തിയോ?

ശ്രീ. ഏ. ജെ. ജോൺ: ഗവൺമെന്റ് ഈ വക സംഗതികളിൽ നടപടി എടുത്തുവരുന്നുണ്ട്.

ஸ்ரீ. ஸி. சங்கர் : கவர்மெண்ட் சர்வீஸில் Training school-ல் உள்ள உபாத்தியாயர்களில் தமிழர்கள் எத்தனை ? மலையாளிகள் எத்தனை ?

ശ്രീ. ഏ. ജെ. ജോൺ: അതിന്റെ കണക്കുകൾ എന്റെ കയ്യിലില്ല.

ശ്രീ. പി. ഗോവിന്ദപ്പിള്ള: സ്റ്റൈപ്പന്റ് കൊടുക്കാതിരുന്നതിനെപ്പറ്റി പരാതി വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഏ. ജെ. ജോൺ: കിട്ടിയിട്ടുള്ളതായി തോന്നുന്നില്ല.

ശ്രീ. പി. ഭാസ്കരൻനായർ: ബേസിക്ക് ട്രെയിനിംഗ് നടത്താൻ ഉള്ള കാരണമെന്താണ്?

ശ്രീ. ഏ. ജെ. ജോൺ: ആ സ്കീം നടപ്പിൽ വരുത്തണമെന്നുള്ളതുകൊണ്ടാണ്.

സ്റ്റേററ് ട്രാൻസ്പോർട്ടുതൊഴിലാളികൾ

*൩൦ (൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ട്രാൻസ്പോർട്ട് വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ:—

(എ) സ്റ്റേററ് ട്രാൻസ്പോർട്ട് വർക്ക്ഷാപ്പുകളിൽ ഫാക്ടറി ആക്ട് ബാധകമാണോ;

(ബി) ആണെങ്കിൽ, അതനുസരിച്ചുള്ള പല അവകാശങ്ങളും ഇന്ന് അവിടങ്ങളിലെ തൊഴിലാളികൾക്ക് നിഷേധിക്കപ്പെട്ടിരിക്കയാണെന്നുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) തങ്ങളുടെ സേവനവേളയിൽ അപകടം സംഭവിക്കുന്ന സ്റ്റേററ് ട്രാൻസ്പോർട്ടുപോർട്ടർമാർക്ക് കോമ്പൻസേഷൻ ആക്ടിന്റെ വെളിച്ചത്തിൽ നഷ്ടപരിഹാരം നൽകാനുള്ള ബാദ്ധ്യത ആർക്കാണ്?

മരാമത്തും ഗതാഗതവും വകുപ്പുമന്ത്രി

(ശ്രീ. കളത്തിൽ വേലായുധൻനായർ):

(എ) അതേ.

(ബി) ഇല്ല.

(സി) പോർട്ടർമാർ വർക്ക്മെൻസ് കോമ്പൻസേഷൻ അനുസരിച്ച് അതിൽ ഉൾപ്പെടുന്നില്ല. അതിനാൽ അതനുസരിച്ച് ഗവൺമെന്റ് കോമ്പൻസേഷൻ കൊടുക്കാൻ ബാദ്ധ്യതപ്പെട്ടവരല്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഡെയിലിവേജസ്കാർക്ക് ൨൦ ദിവസത്തെ ക്യാഷ്വൽലീവ്, പ്രൊട്ടക്ഷൻഡ്രസ് ഇവ അനുവദിച്ചിട്ടില്ലെന്ന് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിഞ്ഞുകൂടാ.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: മൂന്നു മാസം ജോലിചെയ്താൽ അവർക്ക് സ്ഥിരസേവനക്കാരെപ്പോലെ ഈമാതിരി അവകാശങ്ങൾ കൊടുക്കേണ്ടതാണെന്ന് നിയമമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അങ്ങനെയുള്ളതായി അറിവില്ല.

ശ്രീ. ടി. കെ. ദിവാകരൻ: ൨൦-ൽ കൂടുതൽ ആളുകൾ ജോലി ചെയ്യുകയാണെങ്കിൽ അതു് ഫാക്ടറിനിയമത്തിൽ ഉൾപ്പെടുന്നതാണെന്നു് നിയമമില്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇതു് ഫാക്ടറിനിയമത്തിൽ പെടുത്തിവരുന്നതേയുള്ളു.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: ഈ പോർട്ടേഴ്സിനു് സമയാസമയങ്ങളിൽ ശമ്പളം കൊടുക്കാറില്ലെന്നു് ഗവൺമെന്റിനു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിഞ്ഞുകൂടാ.

ஸ்ரீ. ஸி. சங்கர்: நாகர்கோவில் ஒர்க் ஷாப்பில் வேலை செய்யக் கூடிய தொழிலாளர்களுக்கு லஞ்ச் டயத்தில் ரெஸ்ட் எடுப்பதற்கும், சாப்பிடப்போவதற்கும் போன்ற மற்று காரியங்களுக்கு வேண்டிய வசதிகள் செய்யப்படவில்லை என்பது மந்திரி அவர்களுக்குத் தெரியுமா ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഈ ചോദ്യം ഇതിൽനിന്നും ഉദിക്കുന്നില്ല.

ശ്രീ. നീലകണ്ഠരു പണ്ടാരത്തിൽ: ൨൦ മാസങ്ങളിൽ കൂടുതൽ ആയി ജോലിചെയ്തിട്ടുള്ള തൊഴിലാളികളെ കാരണംകൂടാതെ പിരിച്ചുവിടാറുള്ളതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അറിയാൻ പാടില്ല.

ശ്രീ. കെ. കെ. ചെല്ലപ്പൻപിള്ള: ട്രാൻസ്പോർട്ടു് വർക്ക്ഷാപ്പിൽ ഇങ്ങനെയുള്ള ജോലിക്കാർ എത്രപേരുണ്ടെന്നു് അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞുകൂടാ.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി യൂണിയൻ ആക്ടനുസരിച്ചു് ഇതു് രജിസ്റ്റർ ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇതുവരെ രജിസ്റ്റർചെയ്യാതിരിക്കുന്നതിനു കാരണമുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നടപടി നടത്തിക്കൊണ്ടിരിക്കുകയാണു്.

ശ്രീ. ടി. കെ. ദിവാകരൻ: നടപടി ഇതുവരെ പൂർത്തിയാകാത്തതെന്തുകൊണ്ടാണു്?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനെപ്പററി ലേബർ കമ്മീഷണർ മുതലായവരുമായി ആലോചിച്ചു വേണ്ടതു ചെയ്തുകൊണ്ടിരുന്നു. പര്യാലോചന പൂർത്തിയായി. ഉടൻതന്നെ രജിസ്റ്റർ ചെയ്യുന്നതാണു്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: ഗവൺമെന്റു് വ്യവസായസ്ഥാപനങ്ങളെല്ലാം രജിസ്റ്റർ ചെയ്തുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ആക്ട്പ്രകാരം ഇതുവരെ രജിസ്റ്റർചെയ്യാതിരുന്നതിനു ട്രാൻസ്പോർട്ടുഡയറക്ടരുടെ പേരിൽ നടപടിയെടുത്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിന്റെ ആവശ്യം ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഇതുവരെ രജിസ്റ്റർചെയ്യാതിരുന്നതു നിയമവിരുദ്ധമല്ലേ?

ശ്രീ. കളത്തിൽ വേലായുധൻനായർ: നിയമവിരുദ്ധമല്ല; പക്ഷെ തെറ്റായിരുന്നേക്കാം.

ஸ்ரீ. ஸி. சங்கர்: Factory Act பிரகாரம், ரெஸ்ட் எடுப்பதற்கும் சாப்பிடுவதற்கும் வேண்டி தொழிலாளர்களுக்கு வேண்டிய வசதிகள் செய்துகொடுக்கவேண்டாமா?

ശ്രീ. കളത്തിൽ വേലായുധൻനായർ: അതിനു് വകുപ്പുണ്ടോ എന്നു നോക്കട്ടെ. ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സർ, ഒരു പായിന്റ് ഓഫ് ഓർഡർ. ഇതുമാതിരി നിയമപ്രശ്നങ്ങൾ ബഹുമാനപ്പെട്ട മന്ത്രി പഠിക്കുന്നതിനു മുമ്പു് പഠിച്ചു അഡ്വക്കേറ്റ്ജനറൽ സഭയിൽ ഉള്ളപ്പോൾ അദ്ദേഹത്തെക്കൊണ്ടു് പറയിപ്പിക്കുന്നതു് നന്നായിരിക്കുകയില്ലേ?

Mr. Speaker: That is exactly the suggestion that I made before the House yesterday. If the questions are such that the Members in charge deem it necessary to 'claim notice', it is for the hon. Members not to put such questions. That is to say, Members may remember that they put questions which naturally arise from the main questions or answer given and are, therefore, necessary supplementaries to them.

ശ്രീ. ടി. കെ. ദിവാകരൻ: ഫാക്ടറി ആക്ട് അനുസരിച്ചു് ഒരു വർക്ക്ഷാപ്പ് രജിസ്റ്റർ ചെയ്യാതിരുന്നതുകൊണ്ടു് തൊഴിലാളികൾക്കുണ്ടായ നഷ്ടം പരിഹരിക്കുന്നതിനു് ഗവർമ്മെന്റ് ശ്രദ്ധിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: രജിസ്റ്റർ ചെയ്തിട്ടില്ലെങ്കിലും യാതൊരവകാശങ്ങളും നഷ്ടപ്പെട്ടിട്ടില്ല. ഫാക്ടറി ആക്ട് അനുസരിച്ചുള്ള എല്ലാ അവകാശങ്ങൾക്കും പുറമെ ടി. എസ്സ്. ആർ. അനുസരിച്ചുള്ള അവകാശങ്ങളും അവർക്ക് ലഭിച്ചുകൊണ്ടിരിക്കുകയാണു്.

ശ്രീ. എൻ. രാജഗോപാലൻ നായർ: ഇവിടെ അറിവില്ലെന്നു സമ്മതിച്ച ചില കാര്യങ്ങളും അറിവില്ലാത്ത മറ്റു കാര്യങ്ങളും അറിയുന്നതിനു് ബഹുമാനപ്പെട്ട മന്ത്രി ശ്രമിക്കുമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിവില്ലാത്ത പല കാര്യങ്ങളും അറിയുന്നതിനു ശ്രമിച്ചുകൊണ്ടിരിക്കുകയാണു്.

HOUSING SCHEME

***31.** [4] **Shri R. Gangadharan:** Will the Minister for Housing be pleased to state:

(*a*) how many houses have been constructed in accordance with the Housing Scheme of the Government;

(*b*) what is the criterion adopted in the selection of localities for the construction of those Houses;

(*c*) what are the names of those localities; and

(*d*) whether the Government propose to constitute a Housing Committee to manage the working of the Housing Scheme?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) 266 houses

(*b*) Availability of Government poromboke land or other suitable lands, competent Co-operative Society or other agencies who are prepared to take up the responsibility of working the scheme and demand from the local people are some of the considerations adopted in the selection of localities;

(*c*) The localities where the construction of houses is completed are:

1. Cape Comorin
2. Theroor
3. Enayam
4. Vizhinjam
5. Trivandrum (Thamalam)
6. Quilon
7. Punalur
8. Kumarakam
9. Alleppey
10. Thevara
11. Irinjalakuda
12. Alwaye
13. Edavilangu

(*d*) No.

ശ്രീ. ആർ. ഗംഗാധരൻ: ഈ സംസ്ഥാനത്തുള്ള വീടില്ലാത്തവരുടെ ഒരു കണക്ക് ഗവൺമെന്റ് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെന്റ് കണക്കെടുത്തുവരികയാണ്. തീർന്നിട്ടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: പണികഴിപ്പിച്ചിട്ടുള്ള വീടുകൾ നശിച്ചുപോയിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അങ്ങനെ അറിവില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഈ പദ്ധതിയനുസരിച്ച് ഉണ്ടാക്കുന്ന കെട്ടിടങ്ങൾക്ക് വാടക വസൂലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ കെ. കൊച്ചുകുട്ടൻ: അതിനു നോട്ടീസുവേണം.

ஸ்ரீ. ஷி. சங்கர்: இது வரை எத்தனை வீடுகள் கட்டிக் கொடுக்கப்பட்டுள்ளன?

ശ്രീ. കെ. കൊച്ചുകുട്ടൻ: എത്ര വീടുകൾ കൊടുത്തിട്ടുണ്ടെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇടവിലങ്ങിലുള്ള വീടുകൾക്ക് മാസം ൧൦ രൂപാ വാടക നിശ്ചയിക്കാൻ പോകുന്നതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ അറിയാൻ പാടില്ല.

ശ്രീ. ടി. കെ. ദിവാകരൻ: കശുവണ്ടി തൊഴിലാളികൾക്ക് പ്രത്യേകം വീടുകൾ ഉണ്ടാക്കിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവർക്കായി പ്രത്യേകം ഉണ്ടാക്കിയിട്ടില്ല. ഇൻഡസ്ട്രിയൽ ലേബറേഴ്സിന്റെ കൂട്ടത്തിൽ കശുവണ്ടിതൊഴിലാളികളും ഉൾപ്പെടും.

Shri M. M. Abdul Khader: Will the hon'. Speaker be kind enough to turn to this direction also?

Mr. Speaker: Certainly.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: ഇതുവരെ എത്ര വീട് ഉണ്ടാക്കിയിട്ടുണ്ടെന്നും ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്നും പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൨൦ വീടുകൾ ഉണ്ടാക്കിക്കൊടുത്തിട്ടുണ്ട്. ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്ന് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: അലാട്ട് ചെയ്തുകഴിഞ്ഞോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കഴിഞ്ഞു.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: ൨൦ വീടുകളിൽ ആഗ്രിക്കൾച്ചറൽ ലേബറേഴ്സ് ആരുമില്ലെന്നും ഒരു കോൺഗ്രസ് സെക്രട്ടറിയും അദ്ദേഹത്തിൻെറ ആളുകളുമാണ് അവിടെയുള്ളതെന്നും അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ വീട് ആർക്ക് ആവശ്യമുണ്ടോ അവർക്കാണ് കൊടുത്തിട്ടുള്ളത്.

ശ്രീ. ടി. എസ്. രാമസ്വാമി പിള്ള: വീട് കൊടുത്തിട്ടുള്ളവരിൽ ആരും ആഗ്രിക്കൾച്ചറൽ ലേബറേഴ്സ് അല്ലെന്ന് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഗവൺമെൻറിന് അറിവില്ല.

ശ്രീ. കെ. പി. കൃഷ്ണമേനോൻ: വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നതിൽ വടക്കൻ താലൂക്കുകളെക്കൂടി ഗവൺമെൻറ് ദയവായി ഓർക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: വടക്കൻതാലൂക്കുകളേയും ഈ സ്കീമിൽ പെടുത്തിയിട്ടുണ്ട്.

ശ്രീ. കുഞ്ഞിത്തൊമ്മൻ: കുന്നത്തുനാട് താലൂക്കിനെ ഉൾപ്പെടുത്തിയിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉൾപ്പെടുത്തിയിട്ടില്ല. അവിടെയും വീടുകൾ ആവശ്യമുണ്ടെങ്കിൽ ഉൾപ്പെടുത്തും.

ശ്രീ. എം. എം. അബ്ദുൾഖാദർ: വീടുകൾ ആർക്കെല്ലാമാണ് കൊടുത്തിട്ടുള്ളതെന്ന പറയാൻ ദയവുണ്ടാകുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അത് ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. എം. എം. അബ്ദുൾഖാദർ: വീട് കൊടുക്കാനുള്ള പരിഗണനകൾ എന്താണെന്ന് പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: മുൻപു വായിച്ച ലിസ്റ്റ് അനുസരിച്ച് ആർക്കെല്ലാം ആവശ്യമുണ്ടോ അവർക്കെല്ലാം വീട് ഉണ്ടാക്കിക്കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. അയ്യപ്പൻ പഴയാർത്തുണ്ടി: ഹരിജനങ്ങൾ അല്ലാത്തവർക്കും വീട് കൊടുക്കുന്നുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: കൊടുക്കുന്നുണ്ട്.

RESIDENTIAL QUARTERS TO THE COASTAL PEOPLE

*32. [5] **Shri Kunjan Nadar:** Will the Minister for Land Revenue be pleased to state:

(*a*) whether the Government received any representation for the acquisition of land for residential quarters to the coastal people of Paruthiyoor and Kollamcode (Kulathoor pakuthy, Neyyattinkara);

(*b*) if so, what steps are taken ?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) Yes ;

(*b*) The matter is engaging the attention of Government.

ശ്രീ. കുഞ്ഞൻനാടാർ: അപേക്ഷ കിട്ടിയിട്ട് എത്ര കൊല്ലമായി യെന്നു പറയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ൧൨–൧൧–൧൯൫൧-ൽ ആണ് അപേക്ഷ കിട്ടിയതായി അറിയുന്നത്.

ശ്രീ. കുഞ്ഞൻ നാടാർ: അനേകം കുടുംബക്കാർ വീടില്ലാത്തവരായുണ്ടെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതുകൊണ്ടാണ് ഗവമ്മെൻറ് അന്വേഷണം നടത്തിവരുന്നത്.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: സ്ഥലമെടുക്കുമ്പോൾ കുടികിടപ്പുകാർ പല സ്ഥലത്തുനിന്നും ഇറങ്ങേണ്ടതായി വരുമെന്നറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ധാരാളം സ്ഥലമുള്ള ആളുകളിൽനിന്നു സ്ഥലമെടുക്കുമ്പോൾ അങ്ങനെ ഒരു ബുദ്ധിമുട്ടുവന്നേക്കും. കുടികിടപ്പുകാരെ ബുദ്ധിമുട്ടിക്കാതെതന്നെ സ്ഥലമെടുക്കും.

ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: കൃഷ്ണപുരത്തു ധാരാളം ആളുകൾ ഇങ്ങനെ കഷ്ടപ്പെടുന്നുണ്ട്. അതുസംബന്ധിച്ചു നിവേദനങ്ങൾ നടത്തിയിട്ടും ഫലമൊന്നുമുണ്ടാകാതെ അവർ റോഡിൽതന്നെയാണ് കിടക്കുന്നത്.

ശ്രീ. കെ. കൊച്ചുകുട്ടൻ: അതെല്ലാം ശ്രദ്ധിക്കാം. ഇറങ്ങിപ്പോയ ആളുകൾക്കും ഈ സ്കീമിന്റെ ഗുണം കിട്ടും.

STATE TRANSPORT BUSES

33. [6] **Shri Kunjan Nadar:** Will the Minister for State Transport be pleased to state:—

(*a*) the number of State Transport buses plying in the routes south of Trivandrum and the number in other routes in the State of Travancore-Cochin ; and

(*b*) the net income derived from the routes south of Trivandrum and that derived from the other routes in the years 1949, 1950 and 1951 respectively ?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) 60 and 181 respectively ;

(*b*) Route-war net income account is not available as the accounts are maintained for the whole department.

ശ്രീ. കുഞ്ഞൻനാടാർ: മററു റോഡുകളിൽ ഓടി നാശമായ ബസ്സുകളാണ് കിഴക്കൻ റോഡുകളിൽ ഓടുന്നതെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിയാൻ പാടില്ല.

ശ്രീ. കുഞ്ഞൻനാടാർ: തെക്കൻ റോഡുകളിൽ ഓടുന്ന ബസ്സുകൾ പൊതുവേ മൂട്ടയുടേയും മററും ശല്യംകൊണ്ടു് യാത്രക്കാർക്ക് വളരെ അസൗകര്യമുണ്ടാക്കുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിയാൻ പാടില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: അടുത്തകാലത്തു ബഹുമാനപ്പെട്ട് മന്ത്രിമാർ ആരെങ്കിലും ട്രാൻസ്പോർട്ട് വണ്ടിയിൽ യാത്ര ചെയ്തിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ബഹുമാനപ്പെട്ട മെമ്പറോക്കാൾ എത്രയോ കൂടുതൽ യാത്ര ചെയ്തിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ: ബഹുമാനപ്പെട്ട മന്ത്രിമാർ അങ്ങനെ യാത്ര ചെയ്യുമ്പോൾ റോഡിൽകൂടി ഓടിപ്പോകുന്ന വണ്ടി ചിലസ്ഥലത്തു ചെല്ലുമ്പോൾ ചാടാറുള്ളതായി അറിഞ്ഞിട്ടുണ്ടോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അറിഞ്ഞിട്ടുണ്ട്.

ശ്രീ. ആർ. സുഗതൻ: അതിനു കാരണമെന്താണെന്നു പറയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: റോഡിൽ ചിലടത്തു് കുഴികളുള്ളതാണ് അതിന് ഒരു കാരണം. അതു പരിഹരിക്കാൻ ശ്രമിക്കയാണ്.

ஸ்ரீ. ஸி. சங்கர்: தென் திருவிதாங்கூரில் 60 பஸ்கள் ஓடுவதாக மந்திரி அவர்கள் கூறினீர்கள். ஆனால் டிரான்ஸ்போர்ட் டயரக்டர் 30 பஸ்கள் தான் ஓடுகிறது என்று கூறுவது மந்திரி அவர்களுக்குத் தெரியுமா?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ൬൦ ബസ്സാണ് തെക്കൻ തിരുവിതാംകൂറിൽ ഓടുന്നതെന്നു ട്രാൻസ്പോർട്ട് ഡയറക്ടർ പറഞ്ഞിരിക്കാനിടയില്ല. ൩൦ ബസ്സാണ് ഓടുന്നതു്.

ശ്രീ. എം. എം. അബ്ദുൽഖാദർ: ട്രാൻസ്പോർട്ട് വണ്ടികൾ ഓടാത്ത സ്ഥലങ്ങളിൽ പ്രൈവററ കമ്പനിക്കാർക്ക് ബസ്സ് ഓടിക്കുന്നതിനുള്ള മോണോപ്പളി കൊടുത്തുവരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: അങ്ങനെ അറിവില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: പുനലൂരേക്കുള്ള വണ്ടി കൊട്ടാരക്കര എത്തുമ്പോൾ പുനലൂരാണെന്നുള്ള പരിഗണനയിൽ മടങ്ങിപ്പോരുന്നതായി അറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതുവരെ അറിവില്ല. ഇനി ശ്രദ്ധിക്കാം.

SAHITYA VISARAD AND TAMIL VIDWAN EXAMINATIONS

34. [7] **Shri Kunjan Nadar:** Will the Minister for Education be pleased to state.—

(*a*) whether Sahitya Visarad and Tamil Vidwan Examinations are equivalent and recognised as such;

(*b*) whether Sahitya Visarad passed candidates are allowed to appear for B. A. degree examination privately; and

(*c*) is the same privilege given to Tamil Vidwans: if not, why that privilege is not given?

Chief Minister **(Shri A. J. John):**

(*a*) Yes, Sahityavisarad Title in Malayalam and Vidwan Title in Tamil are treated on a par for purposes of appointment as teachers in the respective languages and for admission to higher studies.

(*b*) Bona fide teachers who are Sahityavisarad Title holders are allowed to appear for the B. A. degree examination of the University of Travancore privately.

(c) This has not been given so far. But necessary steps have already been taken in the matter by the University.

ശ്രീ. കുഞ്ഞൻ നാടാർ: തമിഴ് വിദ്വാൻ പരീക്ഷയുള്ളവരെ ബി. എ. ക്കു് എഴുതാൻ അനുവദിക്കാതിരിക്കാൻ വല്ല കാരണവുമുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഗവർമ്മെണ്ടല്ല അതാലോചിക്കേണ്ടതു്; യൂണിവേഴ്സിററിയാണു്.

Shri A. Chidambaranatha Nadar: Is it not the duty of the Government to look into such matters?

ശ്രീ. എ. ജെ. ജോൺ: അതു് യൂണിവേഴ്സിററിയോടു് ആലോചിക്കേണ്ട സംഗതിയാണു്. ഗവർമ്മെണ്ടിനു അതിൽ പ്രവേശിച്ചു് ഒരു ഡയറക്ഷൻ കൊടുക്കാൻ നിവൃത്തിയില്ല.

Shri A. Chidambaranatha Nadar: The hon. Minister says that the Malayalam Vidwan title holders are allowed to sit for the B. A. degree Examination while the Tamil Vidwan title holders are not allowed. Is it not high time on the part of Government to look into such disparities?

Shri A. J. John: That is why I said that the University is looking into that matter.

PRICE OF COCOANUTS

35. [8] **Shri R. Gangadharan:** Will the Minister for Industries be pleased to state.—

(a) is it a fact that there is a considerable fall in the price of cocoanuts;

(b) what are the reasons for the same; and

(c) do the Government intend to take necessary steps in this connection?

Minister for Finance & Civil Supplies **(Shri Panampilli Govinda Menon):** (a) It is a fact that there is a considerable fall in the price of cocoanuts in recent days.

(b) The main reasons are the following:—

(i) There is a general slump in the price of commodities;

(ii) The Government of India have reduced the import duty of cocoanut oil and copra;

(iii) A Trade Agreement has been signed between India and Ceylon by which India is free to get her requirements estimated at 50,000 tons in terms of cocoanut oil from Ceylon.

(c) This is a matter in which the State Government on occount of its limited powers which are enumerated can do very little. This is a matter for the Central Government to decide and accordingly this Government has taken up the matter with the Central Government and correspondence is going on.

ശ്രീ. ആർ. ഗംഗാധരൻ: തേങ്ങയുടെ വില കുറഞ്ഞതുകൊണ്ടു് സംസ്ഥാനത്തുള്ള ധനസ്ഥിതിയ്ക്കു് കുറവുവന്നിട്ടുണ്ടെന്നു ഗവർമ്മെണ്ടിനു് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഞാൻ പറയാതെതന്നെ അതു് അറിയാമെന്നുള്ളതാണു്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇൻഡ്യാഗവമ്മെണ്ട് ഈ കരാറിൽ ഏർപ്പെടുന്നതിനുമുമ്പായി ഈ ഗവമ്മെണ്ടുമായി വല്ല ആലോചനയും നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇല്ല.

ശ്രീ. ടി. കെ. ദിവാകരൻ: ഉത്തര ഇൻഡ്യയിലുള്ള ഏതാനും സോപ്പു നിർമ്മാണ വ്യവസായികളെ സഹായിക്കുന്നതിനാണ് ഇൻഡ്യാഗവമ്മെണ്ട് ഈ ഡ്യൂട്ടി കുറവുചെയ്തിട്ടുള്ളതെന്ന് അറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: എനിക്ക് ഒഫീഷ്യലായി അറിഞ്ഞുകൂടാ. ഇൻഡ്യയിലെ വ്യവസായത്തിന് ആവശ്യമായ എണ്ണ ഇല്ലാത്തതുകൊണ്ടാണ് അങ്ങനെ ചെയ്തതെന്നു ഞാൻ ധരിച്ചിട്ടുണ്ട്.

ശ്രീ. അവിരാതരകൻ: നാളികേരം കൂടുതൽ ഇറക്കുമതി ചെയ്യുന്നത് ലിവർ ബ്രദേഴ്സിനു വേണ്ടിയാണന്നുള്ള വിവരം ഗവമ്മെണ്ടിനറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അറിവില്ല.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതു സംബന്ധിച്ചു വല്ല നടപടികളും ഈ ഗവമ്മെണ്ട് എടുത്തിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതേപ്പററി ഈ ഗവമ്മെണ്ട് ഇൻഡ്യാഗവമ്മെണ്ടുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണ്.

ശ്രീ. ടി. കെ. കൃഷ്ണൻ: ഇതുവരെയായി വല്ല തീരുമാനവും ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതേ വരെ തീരുമാനമൊന്നുമുണ്ടായിട്ടില്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇങ്ങിനെ ഈ വില ഇടിവ് നാട്ടിലെ സാമ്പത്തികസ്ഥിതിക്ക് നല്ലതാണെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങിനെ ഒരഭിപ്രായം ഗവമ്മെണ്ടിനു ലേശവും ഇല്ല.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: അപ്പോഠം ഗവമ്മെണ്ട് ഇതേ സംബന്ധിച്ച് ഇൻഡ്യാഗവമ്മെണ്ടിൽ പോയി നിവേദനം നടത്തി തീരുമാനം ഉണ്ടാക്കേണ്ടതല്ലായിരുന്നോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അവിടെ പോയി നിവേദനം നടത്തിയില്ല. പക്ഷെ നിവേദനം നടത്തിയിട്ടുണ്ട്.

ശ്രീ. അവിരാതരകൻ: സാട്ടാ കച്ചവടം ഇല്ലാതാക്കിയാൽ ഈ വിലയിടിവ് ഉണ്ടാകാതിരിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതേപ്പററി ഈ അവസരത്തിൽ അഭിപ്രായം പറയാൻ ഒരുങ്ങുന്നില്ല.

ശ്രീ. എം. എം. അബ്ദുൽഖാദർ: ഈ വിലയിടിവിന് ഒരു പരിഹാരം ഉണ്ടാക്കുന്നതിനായി വല്ല നടപടികളോ, നിർദ്ദേശങ്ങളോ ഇൻഡ്യാഗവമ്മെണ്ടിൽ സമപ്പിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാഗവമ്മെണ്ടിൽ നിവേദനം നടത്തിയിട്ടുണ്ട്. തീരുമാനമൊന്നുമായിട്ടില്ല എന്നല്ലാതെ അതിനിപ്പോൾ മറുപടി പറയാൻ ഞാൻ ഒരുങ്ങുന്നില്ല.

ശ്രീ. ടി. എ. മജീദ്: ഈയിടെ ബാംഗ്ളൂർ വച്ച് നടന്ന യോഗത്തിൽ വല്ല തീരുമാനങ്ങളോ നിർദ്ദേശങ്ങളോ ഉണ്ടായിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിനു നോട്ടീസുകൂടാതെ മറുപടി പറയാൻ നിവൃത്തിയില്ല.

ശ്രീ. ടി. എ. മജീദ്: ബാംഗ്ളൂർ വച്ച് നടന്ന യോഗത്തിൽ നാളികേരത്തിൻെറ വിലയിടിവിനെപ്പററി ഭിന്നാഭിപ്രായമാണ് ഉന്നയിച്ചതെന്നറിയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും നോട്ടീസുകൂടാതെ പറയാൻ നിവൃത്തിയില്ല.

ശ്രീ. അവിരാതരകൻ: ഇതേസംബന്ധിച്ച് കോക്കനട്ട് കമ്മിററിയുടെ അഭിപ്രായം വല്ലതും ലഭിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ലഭിച്ചിട്ടില്ല.

Shri K. Balakrishna Menon: May I know whether this Government will examine the voluntary price?

Shri Panampilli Govinda Menon: That is a matter of opinion which I don't want to divulge now.

Shri K. Balakrishna Menon: What exactly is the attitude of this Government, I want to know.

Shri Panampilli Govinda Menon: That is again divulging information.

ശ്രീ. എൻ. രാഘവക്കുറുപ്പ്: ഈ വിലയിടിവ് നിമിത്തം കൂടുതൽ വിഷമതകൾ അനുഭവിക്കുന്നത് ഏതു സ്റേററാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നാളികേരോല്പന്നങ്ങളുടെ വിലയിടിവുനിമിത്തം കൂടുതലായി അഫക്ട്ചെയ്തിട്ടുള്ളതു് ഈ രാജ്യത്തെയാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അങ്ങിനെ ഈ രാജ്യത്തെ കൂടുതൽ അഫക്ട്ചെയ്യുന്ന ഒരു കാര്യത്തെ സംബന്ധിച്ച് ഇൻഡ്യാഗവമ്മെൻറുമായി ആലോചിച്ച് അതിലേയ്ക്കു വല്ല നടപടികളും നിവേദനങ്ങളും നടത്തിയിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതിലേയ്ക്കു ഈ ഗവമ്മെൻറു പ്രധാനമായി ചെയ്തിട്ടുള്ളതിൽ ഒന്നു് നിവേദനം നടത്തി എന്നുള്ളതാണ്. ഇതിനു തീരുമാനം ഉണ്ടാക്കേണ്ടതും ഇൻഡ്യാഗവമ്മെൻറാണ്. നമുക്ക് ഈവക കാര്യങ്ങളിൽ ലിമിറെറഡ് പവ്വേഴ്സ് ആണുള്ളതു്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: അതിനു അവർ പരിഹാരമുണ്ടാക്കിയില്ലെങ്കിൽ വല്ല പ്രതിഷേധ നടപടികളും എടുക്കാമെന്നു വിചാരിക്കുന്നുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പ്രതിഷേധിക്കാം എന്നല്ലാതെ അവരുടെ പേരിൽ നടപടികൾ എടുക്കാൻ ഈ ഗവമ്മെൻറിനു നിവൃത്തിയില്ല.

ശ്രീ. ടി. വി. തോമസ്സ്: നമുക്ക് ലിമിറ്റെഡ് പൗവ്വേഴ്സേ ഉള്ളു എന്നു പറഞ്ഞു, അപ്പോൾ ഇതിനു ഒരു തീരുമാനമുണ്ടാക്കാൻ അവർ കാലതാമസമുണ്ടാക്കിയാൽ അതു നമ്മുടെ സ്റ്റേററിന്റെ സാമ്പത്തികസ്ഥിതിയെ ബാധിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ഇൻഫ്ളേഷൻ ഡിഫ്ളേഷൻ മുതലായവ തടയുന്നതിനു ഇൻഡ്യാ ഗവമ്മെൻറിന്റെ അധികാരത്തോടുകൂടിയല്ലാതെ ഈ ഗവമ്മെൻറിനൊന്നും ചെയ്യാൻ കഴികയില്ല.

ശ്രീ. ടി. വി. തോമസ്സ്: തൻമൂലം ഈ സ്റ്റേററിന്റെ സാമ്പത്തികസ്ഥിതി വളരെ മോശമായിപ്പോകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതാണ് ഞാൻ പറഞ്ഞതു്, ഈ ഇംപോർട്ട് ഡ്യൂട്ടി കുറയ്ക്കുക മുതലായ കാര്യങ്ങൾ എല്ലാം ചെയ്യുന്നതു് സ്റ്റേററ് ഗവമ്മെൻറുകൾക്കു് സാധിക്കാവുന്നതല്ല, അതെല്ലാം ഇൻഡ്യാഗവമ്മെൻറിനെ സാധിക്കുകയുള്ളു എന്നു്.

വക്കലെ ഇൻസ്പെക്ടരുടെ പേരിൽ പരാതി

*൩൬. (൧൦) ശ്രീ. ആർ. ഗംഗാധരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട പോലീസുവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു് വക്കലെ പോലീസ് ഇൻസ്പെക്ടർ നെടുങ്ങണ്ടക്കാരൻ ബാലൻ എന്ന ആളിനെ ഐക്യമുന്നണി പ്രവത്തകനല്ലേ എന്നു ചോദിച്ചുകൊണ്ടു് വക്കലെ ലാക്കപ്പിൽവെച്ചു മർദ്ദിച്ചതിനെക്കുറിച്ചു് ഗവമ്മെൻറിനു പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിൽ എന്തു നടപടി നടത്തി;

(സി) വക്കലെ ഇൻസ്പെക്ടരുടെ പേരിൽ ഇതിനുമുമ്പു് എത്ര പരാതികൾ കിട്ടിയിട്ടുണ്ടു്;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ എന്തു നടപടികൾ നടത്തീട്ടുണ്ടു്?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വറുഗീസ്): ഈ ചോദ്യത്തിനു പൂണ്ണമായ ഉത്തരം പറയുന്നതിനാവശ്യമായ വിവരങ്ങളെല്ലാം ലഭിച്ചിട്ടില്ല. വിവരങ്ങൾ ലഭിക്കുന്നപക്ഷം ഈ സെഷനിൽതന്നെ സഭയുടെ അനുവാദത്തോടുകൂടി മറുപടി പറയുകയോ മേശപ്പുറത്തു വയ്ക്കുകയൊ ചെയ്യാവുന്നതാണ്. ഇപ്പോൾ ഉത്തരം പറയാൻ നിവൃത്തിയില്ല.

ശ്രീ. എൻ. രാഘവക്കുറുപ്പു്: ഒരു പോയിൻറ് ആഫ് ആർഡർ. റൂൾ അനുസരിച്ചു് ആവശ്യമായ നോട്ടീസ് കൊടുത്താൽ ചോദ്യങ്ങൾക്കു് ഈ അസ്സംബ്ളിയിൽ സമയത്തിനുത്തരം പറയണമെന്നു പറയുന്നതിനു് സ്പീക്കർക്കു് അധികാരമുണ്ടോ?

Mr. Speaker: The matter is this. Members can send questions for answer on a particular date. Hundreds of questions may be received for that day and departmental communications have to be carried on for getting necessary information. And so, the needed answer might not have reached the hon. Minister in charge of the question in time. That is possible.

ശ്രീ. എൻ. രാജഗോപാലൻ നായർ: പല ഡിപ്പാർട്ടുമെൻറുകളിൽ നിന്നും കൃത്യമായി മറുപടികൾ ലഭിച്ചുകൊണ്ടിരിക്കേ പോലീസ് ഡിപ്പാർട്ടുമെൻറിൽനിന്നുമാത്രം അതും ചില പ്രത്യേക ഉദ്യോഗസ്ഥന്മാരെ സംബ

സംബന്ധിച്ചുള്ള ചോദ്യങ്ങൾക്കുമാത്രം മറുപടി ലഭിക്കുന്നതിനു് കാലതാമസം വരുന്നതെന്തുകൊണ്ടാണെന്നു പറയാമോ?

Mr. Speaker: That is an insinuation. I do not propose to allow that.

Shri M. M. Abdul Khader: On a point of information. Does not the hon. Speaker think that this is a very convenient method of evading inconvenient questions?

Mr. Speaker: That is what is permitted under the Rules and Standing Orders. (*Laughter.*)

കുടിയേറിപ്പാർപ്പു സൗകര്യങ്ങൾ

*൩൯. (൧൧) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) ഈ സംസ്ഥാനത്തുള്ള ജനങ്ങൾ വെളിയിൽ പോയി കുടികേറി പാർക്കുന്നതിനു് അനുകൂലമായ പരിതഃസ്ഥിതികൾ സൃഷ്ടിക്കുന്നതിനായി ഈ ഗവൺമെന്റ കേന്ദ്രഗവൺമെന്റിന്റെ പക്കൽ നിവേദനം നടത്തിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആ നിവേദനങ്ങളുടെ സ്വഭാവമെന്താണു്;

(സി) അതിനെ സംബന്ധിച്ചു് കേന്ദ്രഗവൺമെന്റിൽനിന്നും എന്തെങ്കിലും മറുപടി ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ): (എ) ഉവ്വു്.

(ബി) നോർത്തു ബോർണ്ണിയാവിലേക്കു് പതിനായിരം കുടുംബങ്ങൾ കുടിയേറിപ്പാർക്കുന്നതിലേയ്ക്കു അവശ്യമുണ്ടെന്നുള്ള വാർത്തയെ അടിസ്ഥാനപ്പെടുത്തി ഈ ഗവൺമെന്റ് ഇൻഡ്യാഗവൺമെന്റുമായി എഴുത്തുകുത്തു നടത്തിക്കൊണ്ടിരിക്കുകയാണു്. അതിന്റെ പൂർണ്ണവിവരങ്ങൾ അറിയിക്കണമെന്നു് എഴുതി അയച്ചിരുന്നു.

(സി) ഉണ്ടു്. അതനുസരിച്ചു് മലയായിലെ ഇൻഡ്യൻ പ്രതിനിധി മുഖാന്തിരം അന്വേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണു്. വിവരങ്ങൾ ലഭിച്ചാലുടനെ അതു പരസ്യംചെയ്യുന്നതാണു്. ആ വിവരം ഉടനെ ഈ ഗവൺമെന്റിനെ അറിയിക്കുന്നതാണെന്നും മറുപടി ലഭിച്ചിട്ടുണ്ടു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഇതേസംബന്ധിച്ചു് വല്ല നിവേദനങ്ങളും ഗവൺമെന്റിനു കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: കിട്ടിയിട്ടില്ല.

ഭക്ഷ്യോല്പാദനത്തിനു സഹായധനം

*൩൪. (൧൨) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൧൨൬-ലും, ൧൧൨൭-ലും കേന്ദ്രഗവൺമെന്റിൽനിന്നും ഭക്ഷ്യോല്പാദനത്തിനായി കടമായോ, സഹായധനമായോ എന്തെങ്കിലും സംഖ്യകൾ അനുവദിക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു ഏതു കൊല്ലത്തിലാണു്;

(സി) ഏതിനത്തിലാണു് അനുവദിച്ചിട്ടുണ്ടായിരുന്നതു്;

(ഡി) ഈ സംഖ്യകൾ മുഴുവനും വാങ്ങി അതാതുകൊല്ലത്തിൽ ചിലവാക്കിയിട്ടുണ്ടോ;

(ഇ) ഈ സംഖ്യകളിൽ ഏതെങ്കിലും തുക ലാപ്സായിപ്പോയിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): (എ) ൧൯൫൦-ലും ൧൯൫൧-ലും കേന്ദ്രഗവൺമെന്റിൽനിന്നു ഭക്ഷ്യോൽപാദനത്തിനായി കടമായും സഹായധനമായും സംഖ്യകൾ കിട്ടുകയുണ്ടായിട്ടുണ്ട്.

(ബി) ൧൯൪൯–൧൯൫൦-ലേയ്ക്കും
൧൯൫൦–൫൧-ലേയ്ക്കും
൧൯൫൧–൫൨-ലേയ്ക്കും ആണ്.

(സി) സഹായധനമായും കടമായും കിട്ടിയിട്ടുണ്ട്.

൧൯൪൯–൧൯൫൦-ൽ സഹായധനമായി	൪൧,൭൨,൩൯൨ രൂ.
ആ കൊല്ലത്തിൽ കടമായി	൧൦,൦൦,൦൦൦ രൂ.
൧൯൫൦–൫൧-ൽ സഹായധനമായി	൪൩,൮൮,൭൨൩ രൂ.
കടമായി	൧൩,൨൫,൦൦൦ രൂ.
൧൯൫൧–൫൨-ൽ സഹായധനമായി	൧൨,൭൯,൦൦൦ രൂ.
കടമായി	൧൨,൫൦,൦൦൦ രൂ.

(ഡി) ഈ സംഖ്യകൾ മുഴുവൻ അതാതുകൊല്ലത്തിൽ ചെലവാക്കീട്ടില്ല. ചെലവുകൾ താഴെ പറയുന്ന രീതിയിലാണ്.

൧൯൪൯–൧൯൫൦ൽ ക. ൨൨,൧൭,൭൭൫—൧൧—൨.
൧൯൫൦–൧൯൫൧ൽ ക. ൨൪,൫൩,൪൯൧—൧൧—൧൦.
൧൯൫൧–൧൯൫൨ൽ ക. ൧൩,൨൦,൦൦൦.

(ഇ) ഈ സംഖ്യകളിൽ ഒന്നും ലാപ്സായിപ്പോയിട്ടില്ല. ഓരോ കൊല്ലത്തിലും ബാക്കി വരുന്ന തുക അതിനടുത്ത കൊല്ലത്തിൽ ചെലവഴിക്കുന്നതാണ്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: ഈ സംഖ്യകൾ അതതു കൊല്ലത്തിൽ ചെലവാകാത്തതു ആർക്കും ആവശ്യമില്ലാത്തതുകൊണ്ടാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഓരോ സ്കീം വരുന്ന അവസരങ്ങളിൽ അതു ഗവൺമെന്റ് പരിശോധിക്കണം. കൂടാതെ പബ്ലിക്ക് ഫണ്ട്സ് ചെലവാക്കേണ്ടിയിരിക്കുന്നതുകൊണ്ടു അതിനു എസ്റ്റിമേറ്റുകൾ തയാറാക്കണം. ഇങ്ങിനെയുള്ള കാര്യങ്ങൾക്കായി കുറെ കാലതാമസം നേരിടും. അതുകൊണ്ട് അതാതു ആണ്ടിൽ തുകകൾ മുഴുവൻ ചെലവാക്കാൻ സാധിക്കുന്നില്ല.

ശ്രീ. ആർ. കേശവപിള്ള: ഈ സഹായധനം മൊത്തത്തിൽ എത്ര? കടമായി ലഭിച്ച തുക മൊത്തത്തിലെത്ര?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ; തൽക്കാലം ഞാൻ അതു കൂട്ടി പറയാം. മൊത്തത്തിൽ പറയുകയാണെങ്കിൽ . . .

ശ്രീ. എ. താണുപിള്ള: ഒരു പായിന്റ് ഓഫ് ആർഡർ. ഇങ്ങനെ ഒരു കണക്കുകൂട്ടി സഭയുടെ സമയം ചെലവഴിക്കുന്നതു ശരിയാണോ?

Shri Panampilli Govinda Menon: I am not particular.

ஸ்ரீ. ஸி. சங்கர்; இந்த தொகையிலிருந்து தென் திருவிதாங்கூர் தாலூகாக்களுக்கு ஏதாவது பணம் செலவாக்கப்பட்டிருக்கிறதா? எந்தெந்த தாலூகாக்களில் எவ்வளவு எவ்வளவு பணம் செலவுசெய்யப்பட்டிருக்கிறது என்று சொல்ல முடியுமா?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ചെലവാക്കീട്ടുണ്ട്. അതെത്രയാണെന്നു പറയണമെന്നുണ്ടെങ്കിൽ ബഹുമാനപ്പെട്ട മെമ്പർ പ്രത്യേകമായി ചോദ്യം ചോദിച്ചാൽ കൊള്ളാം.

ശ്രീ. അച്ചുതമേനോൻ: മുൻ ആണ്ടിൽ ചെലവാകാത്ത തുകകഠം രണ്ടാമത്തെ കൊല്ലത്തിലും മൂന്നാമത്തെ കൊല്ലത്തിലും ചെലവാക്കിയെന്നാണോ പറയുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതെ.

ശ്രീ. എ. താണുപിള്ള: ഈ സഹായധനംപോലും അതാതു ആണ്ടിൽ ചെലവാക്കാതെയിരിക്കുന്നതെന്തുകൊണ്ടാണു്? ൧൧൨൫-ൽ ൨൭ ലക്ഷം രൂപാ സഹായധനവും പത്തുലക്ഷം കടമായും ൧൧൨൭-ൽ ൨൭ ലക്ഷവും വാങ്ങിച്ചു എന്നു പറയുന്നു. ആ കടത്തിനു പലിശയുണ്ടോ, എന്നു തിരിയെ കൊടുക്കണം എന്നൊന്നും അറിവില്ല. ആ വിവരങ്ങഠം അറിഞ്ഞാൽ കൊള്ളാം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇൻഡ്യാ ഗവമ്മെൻറിൽ നിന്നും ഷോർട്ട്ടേം പദ്ധതികഠക്കായും ലോംഗ്ടേം പദ്ധതികഠക്കായും സഹായധനം ലഭിക്കുന്നുണ്ടു്. അതിൽ ലാംഗ്ടേം പദ്ധതികഠക്കുള്ള തുക കടമായി കാണിച്ചിട്ടുള്ളതും ഹ്രസ്വകാലപദ്ധതികഠക്കുള്ള തുക സഹായധനത്തിൽ ഉഠപ്പെടുത്തിയുമാണു് കാണിച്ചിരിക്കുന്നതു്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കൃഷിക്കാക്കു സഹായധനമായി കടം കൊടുക്കാൻ വല്ല വ്യവസ്ഥയും ഉണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: കൃഷിക്കാക്കു ഭക്ഷ്യവർദ്ധന പദ്ധതിസംബന്ധിച്ച പ്രവൎത്തനങ്ങഠക്കായി കടം കൊടുക്കാൻ ഏപ്പാടുണ്ടു്.

ശ്രീ. ജോസഫ് വാഴപ്പിള്ളി: സഹായധനം അതതുകൊല്ലത്തിൽ ചെലവാക്കി കൂടുതൽ ആവശ്യമാണെന്നു ബോദ്ധ്യപ്പെടുത്തിയാൽ കേന്ദ്രത്തിൽനിന്നും കൂടുതലായി ലഭിക്കയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായത്തെ ഗവമ്മെൻറു ശ്രദ്ധിക്കുന്നതാണു്.

തടവുകാരുടെ ദിവസപ്പടി

*൩൯ (൭൮) ശ്രീ. പി. ദാമോദരൻനായർ: താഴെ പറയുന്ന ചോദ്യങ്ങഠക്കു ബഹുമാനപ്പെട്ട ജയിൽവകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ഈ സംസ്ഥാനത്തുള്ള ലോക്കപ്പുകളിലും സബ്ജയിലുകളിലും ഒരേനിരക്കിലുള്ള ദിവസപ്പടിയാണോ തടവുകാക്കു നൽകിവരുന്നതു്;

(ബി) ഒന്നിൽക്കൂടുതൽ നിരക്കിലാണു് ദിവസപ്പടി നിശ്ചയിക്കപ്പെട്ടിരിക്കുന്നതെങ്കിൽ അവ എവിടെയെല്ലാം ഏതേതു തോതിലാണു് നൽകപ്പെടുന്നതു്;

(സി) ഈ സ്ഥിതിക്കു് പരിഹാരം വരുത്താൻ എന്തു നടപടി സ്വീകരിച്ചിട്ടുണ്ടു്?

ആഭ്യന്തരകാൎയ്യ മന്ത്രി (ശ്രീ. ടി. എം. വർഗീസ്): (എ) അല്ല.

(ബി) തിരുവിതാംകൂറിൽ ഒരാൾക്ക് ഒരു ദിവസം ഒരു രൂപാ നാലണ വീതം. കൊച്ചിയിൽ ഈ നിരക്കല്ല. അവിടത്തെ ജയിലുകളിലു ള്ള നിരക്ക വിവരങ്ങൾ താഴെ പറയുന്നപ്രകാരമാണ്.

മട്ടാഞ്ചേരി സബ്ബ്ജയിൽ	ൻ അണ.
എറണാകുളം	വ്യ ണ.
ഇരിഞ്ഞാലക്കട	൭ ണ.
കൊടുങ്ങല്ലൂർ	൬ ണ.
ട്രിച്ചൂർ	ൻ ണ. ൱ സ.
ചിറ്റൂർ	ൻ ണ.

(സി) ഈ നിരക്കുകൾക്ക് ഐകരൂപ്യം വരുത്തുന്നതിനു സത്വര നടപടികൾ ഗവമ്മെൻറ് സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നതും വേഗത്തിൽ അതിൽ ഐകരൂപ്യം വരുത്തുന്നതിനു വേണ്ടതു ചെയ്യുന്നതാണ്.

ശ്രീ. പി. ഭാസ്കരൻ നായർ: ഇപ്പോഴും അനുവദിച്ചിട്ടുള്ള തുകകൾ തന്നെ തടവുകാക്ക ശരിക്ക കിട്ടുന്നില്ല എന്നറിയാമോ? പോലീസുകാർ തന്നെ ഇതിന്റെ കൺട്രാക്റ്റ് എടുത്തു നടത്തുന്നതു മൂലമാണ് ചില സ്ഥലങ്ങളിൽ ഇപ്രകാരം ശരിക്ക കൊടുക്കാതിരിക്കുന്നതെന്നറിയാമോ?

ശ്രീ. ടി. എം. വർഗീസ്: അറിവില്ല.

ശ്രീ. പി. ഭാസ്കരൻ നായർ: കോട്ടയത്തു അപ്രകാരം നടത്തുന്നതു കൊണ്ട് തടവുകാക്ക ശരിയായി ആഹാരം കിട്ടുന്നില്ല എന്നു പരാതി ഉണ്ടായതായും അതിനുശേഷം അവർ നിരാഹാരം തുടങ്ങിയതായും അറിയാമോ?

ശ്രീ. ടി. എം. വർഗീസ്: ഇതു് നിരക്കിനെപ്പററിയുള്ള ചോദ്യമാണ്. അതുകൊണ്ട് ആ വിവരം അന്വേഷിച്ചില്ല. ആവശ്യമാണെങ്കിൽ അതേപ്പററി അന്വേഷിച്ചു സഭയെ അറിയിക്കാം.

ശ്രീ. ടി. കെ. കൃഷ്ണൻ: ഈ നിരക്ക് ഐകരൂപ്യപ്പെടുത്തുന്നതിനു ഇത്രയും കാലതാമസം വന്നതെന്തുകൊണ്ടാണ്?

ശ്രീ. ടി. എം. വർഗീസ്: അതിനു പല കാരണങ്ങളുമുണ്ട്. എററവും വേഗത്തിൽ ഐകരൂപ്യപ്പെടുത്തുന്നതിനുള്ള നടപടികൾ എടുക്കുന്നതാണ്.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ഓരോ സബ്ജയിലിലും കിടക്കുന്ന തടവുകാക്ക് ദിവസപ്പടി കൊടുക്കുന്നതിനെപ്പററിയുള്ള റേററ നിശ്ചയിക്കുന്നതു് ഗവമ്മെൻറല്ലേ?

ശ്രീ. ടി. എം. വർഗീസ്: ഗവമ്മെൻറിന്റെ വരുതിയിലുൾപ്പെട്ട റൂളുകളനുസരിച്ചാണ് നിശ്ചയിക്കുന്നതു്.

ശ്രീ. അമ്പാട്ടു ഈച്ചരമേനോൻ: ചിററൂർ സബ്ജയിലിൽ കിടക്കുന്ന തടവുകാക്ക കൊടുക്കുന്ന ദിവസപ്പടി അവക്ക മതിയാകുന്നില്ലെന്നു പോലീസുകാരോടു പറഞ്ഞപ്പോൾ അധികാരികൾ ഇത്രയും സംഖ്യമാത്രമെ അനുവദിച്ചിട്ടുള്ളു എന്നു അവർ പറയുകയുണ്ടായി.

ശ്രീ. ടി. എം. വർഗീസ്: അതു ശരിയായിരിക്കാം. അധികാരികൾ അനുവദിച്ചിരിക്കുന്ന തുകയിൽ കൂടുതൽ പോലീസുകാക്ക കൊടുക്കുവാൻ അധികാരമില്ല.

ശ്രീ. അമ്പാട്ടു ഈശ്വരമേനോൻ: ഇപ്പോൾ അനുവദിച്ചിരിക്കുന്ന തുക അവരുടെ ആഹാരത്തിനു തീരെ മതിയാകുന്നില്ലെന്നു ഗവൺമെൻറിനറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഈ തുക ആഹാരത്തിനു മതിയാകാതെ വരുന്നുവെന്നും, അതുകൊണ്ടു നിരക്കു കൂട്ടേണ്ടതാണെന്നുമുള്ള വസ്തുത ഗവൺമെൻറിൻെറ ശ്രദ്ധയിൽ വന്നിട്ടില്ല. വന്നാൽ അതേപ്പററി ആലോചിക്കാം.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ഇരിങ്ങാലക്കുട സബ്ജയിലിൽ ഒരാളിനു പ്രതിദിനം എഴണയാണ് ദിവസപ്പടിയെന്നു കാണുന്നു. ഈ തുകകൊണ്ടു ഒരാൾ എത്രകാലം ജീവിക്കുമെന്നു പറയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതാണ് നിരക്ക്. അതുകൊണ്ടു ജീവിക്കുന്നുമുണ്ട്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: ശരിക്കുള്ള ആഹാരം കഴിക്കാത്തതുനിമിത്തം ഇരിങ്ങാലക്കുട സബ്ജയിലിൽ കിടന്നു ആരെങ്കിലും മരിച്ചതായി ഗവൺമെൻറിനു അറിവുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ മരിച്ചതായി അറിവില്ല.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ബഹു. മന്ത്രി ഈ ലാക്കപ്പുകൾ നേരിട്ടു കണ്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ചില ലാക്കപ്പുകൾ ഞാൻ നേരിട്ടുകണ്ടിട്ടുണ്ട്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: ഇരിങ്ങാലക്കുട ലാക്കപ്പു കണ്ടിട്ടുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഇല്ല. എല്ലാ ലാക്കപ്പുകളും സന്ദർശിക്കുന്ന സന്ദർഭത്തിൽ ഇരിങ്ങാലക്കുട ലാക്കപ്പും സന്ദർശിക്കുന്നതാണ്.

ശ്രീ. കെ. വി. കൃഷ്ണൻകുട്ടി വാര്യർ: തത്സമയം അവിടെയുള്ള തടവുകാർക്ക് ബഹുമാനപ്പെട്ട മന്ത്രിയെ കാണുന്നതിനുള്ള സൗകര്യം കൊടുക്കുമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അതു മന്ത്രി അവിടെ ചെന്നതിനുശേഷം നടക്കേണ്ട കാര്യമാണ്.

ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: റിമാൻറനുവദിക്കുന്നതുവരെ കസ്റ്റഡിയിലിരിക്കുന്ന തടവുകാർക്ക് യാതൊരാഹാരവും കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അറിഞ്ഞുകൂടാ.

ശ്രീ. ആർ. സുഗതൻ: ആഹാരം കൊടുക്കുന്നതിനു നിയുക്തരായിട്ടുള്ള കൺട്രാക്ടർമാർ പലപ്പോഴും ആഹാരം കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. ടി. എം. വർഗ്ഗീസ്: അങ്ങനെ അറിവില്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ക്രമാതീതമായ വിലക്കയററം ഉണ്ടായിട്ടും, പ്രതിദിനം ആറണയും എഴണയും നിരക്കുവച്ചിരിക്കുന്നതു ഏററവും പൈശാചികമാണെന്നു ഗവൺമെൻറ് വിചാരിക്കുന്നുണ്ടോ?

ശ്രീ. ടി. എം. വർഗ്ഗീസ്: ഗവൺമെൻറിൻെറ ഒരു നടപടിയും പൈശാചികമാണെന്നു വിചാരിക്കുന്നില്ല.

DISPENSARY AT PUNNAVOOR

*40. [15] **Shri J. T. Moraes:** Will the Minister for Medicine be pleased to state whether any representation has been received from the inhabitants of Punnavoor and neighbouring places in Maranalloor Pakuthi, Neyyattinkara taluk to open a dispensary at Punnavoor; if so what action has been taken on that representation ?

പൊതുജനാരോഗ്യവകുപ്പു മന്ത്രി (ശ്രീ. വി. മാധവൻ): അങ്ങനെ ഒരു നിവേദനം ഗവൺമെൻറിന് ലഭിച്ചിട്ടുണ്ട്. അന്വേഷണത്തിൽ അവിടെ ഒരു ഡിസ്പെൻസറിയുടെ ആവശ്യമില്ലെന്നാണ് ഗവൺമെൻറ് വിചാരിക്കുന്നതു്.

ശ്രീ. ജെ. ടി. മൊറൈസ്: അന്വേഷിക്കാൻ പോയതു് ആരാണ്?

ശ്രീ. വി. മാധവൻ: സർജൻ ജനറലിൻെറ റിപ്പോർട്ടിൽ അങ്ങനെയാണ് കാണുന്നതു്.

ശ്രീ. ജെ. ടി. മൊറൈസ്: സർജൻ ജനറൽതന്നെ സ്ഥലത്തുപോയി അന്വേഷിച്ചതായി അറിയാമോ ?

ശ്രീ. വി. മാധവൻ: അദ്ദേഹം സ്ഥലത്തുപോയി അന്വേഷിച്ചോ, വേറെ ആളയച്ചു അന്വേഷിപ്പിച്ചോ എന്നറിവില്ല.

ശ്രീ. ജെ ടി. മൊറൈസ്: അദ്ദേഹം സ്ഥലത്തുപോയി അന്വേഷിച്ചിട്ടില്ലെങ്കിൽ, അദ്ദേഹംതന്നെ ഒരന്വേഷണം നടത്തുവാൻ പറയുമോ ?

ശ്രീ. വി. മാധവൻ: പറയുന്നതിന് വിരോധമില്ല, പക്ഷെ ഡിസ്പെൻസറികൾ സ്ഥാപിക്കുന്നതു സംബന്ധിച്ച് ഒരു പൊതുനയം ഗവൺമെൻറിനുണ്ട്. ഏതെങ്കിലും ഒരു ഡിസ്പെൻസറി സ്ഥാപിച്ചിരിക്കുന്ന സ്ഥലത്തുനിന്നും. അഞ്ചുമൈൽ ദൂരത്തിനകത്തു് മറെറാരു ഡിസ്പെൻസറി സ്ഥാപിക്കുക എന്നുള്ളതു് ഗവൺമെൻറിൻെറ സാധാരണ നയമല്ല. അഥവാ, ഡിസ്പെൻസറി വേണമെന്നു ആവശ്യപ്പെടുന്ന സ്ഥലത്തിന് ചുററും ഇരുപതിനായിരത്തിൽ കുറയാതെ ജനസംഖ്യ ഉണ്ടെന്നു ഗവൺമെൻറിന് ബോദ്ധ്യപ്പെട്ടാൽ അവിടെ ഒരു ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കുന്ന കാര്യത്തെപ്പററി ഗവൺമെൻറ് ആലോചിക്കുന്നതുമാണ്. ഇതാണ് ഗവൺമെൻറിൻെറ നയം. കാട്ടാക്കടയിൽ ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടുണ്ട്. ഇപ്പോൾ ആവശ്യപ്പെട്ടിരിക്കുന്ന സ്ഥലം, അതിന് അഞ്ചുമൈലിനകത്താണ്.

ശ്രീ. കുഞ്ഞൻ നാടാർ: ഇരുപതിനായിരം ജനസംഖ്യയുള്ള സ്ഥലത്തു് ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കുകയെന്നുള്ളതാണ് ഗവൺമെൻറ് നയമെങ്കിൽ, നാല്പതിനായിരം ജനസംഖ്യയുള്ള സ്ഥലത്തുപോലും ഡിസ്പെൻസറി സ്ഥാപിച്ചുകൊടുക്കാത്തതിൻെറ കാരണം എന്താണെന്നു പറയുമോ ?

ശ്രീ. വി. മാധവൻ: ബഹുമാനപ്പെട്ട മെമ്പർ ഏതു് സ്ഥലത്തെ ഉദ്ദേശിച്ചാണ് പറയുന്നതെന്നു മനസ്സിലാകുന്നില്ല. ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അതേപ്പററി ആലോചിക്കുന്നതാണ്.

ശ്രീ. ജെ. ടി. മൊറൈസ്: കാട്ടാക്കട ഡിസ്പെൻസറിയിൽനിന്നും, അഞ്ചുമൈലിൽ കൂടുതൽ ദൂരമുണ്ടെന്നു കണ്ടാൽ ഡിസ്പെൻസറി അനുവദിച്ചുതരുമോ ?

ശ്രീ. വി. മാധവൻ. കൂടുതൽ ദൂരമുണ്ടെന്നു കാണുന്നപക്ഷം അതേപ്പറ്റി ആലോചിക്കാവുന്നതാണ്.

ശ്രീ. ഇ. കൃഷ്ണൻനായർ: കൊട്ടാരക്കര അഞ്ചൽ എന്ന സ്ഥലത്തു ഇതുവരെ ഒരു ഡിസ്പെൻസറി സ്ഥാപിച്ചിട്ടില്ലെന്നറിയാമോ?

ശ്രീ. വി. മാധവൻ: അതിനെപ്പറ്റി ഒരു നിവേദനം കിട്ടിയാൽ ശ്രദ്ധിക്കുന്നതായിരിക്കും.

ശ്രീ. എം. എം. അബ്ദുൽഖാദർ: പല സ്ഥലങ്ങളിലും ഡിസ്പെൻസറികൾ സ്ഥാപിക്കണമെന്നു നിവേദനങ്ങൾ അയച്ചിട്ടും യാതൊരു ഫലവുമുണ്ടായിട്ടില്ലെന്നുള്ള വസ്തുത ഗവമെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: ഡിസ്പെൻസറികൾ സ്ഥാപിക്കുന്ന കാര്യത്തിൽ ഗവമെൻറ് ഒരു പ്രത്യേകനയം എടുത്തിട്ടുണ്ട്. എവിടെ ഡിസ്പെൻസറി സ്ഥാപിക്കണമൊ, ആ സ്ഥലത്തുള്ളവർ അതിലേക്കു ആവശ്യമുള്ള സ്ഥലവും കെട്ടിടവും ഉണ്ടാക്കി ഗവമെൻറിനെ ഏല്പിക്കേണ്ടതാണ്. അങ്ങനെ ചെയ്യാതെ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലെല്ലാം ഡിസ്പെൻസറികൾ സ്ഥാപിച്ചുകൊടുക്കുക എന്നു വന്നാൽ അതിനുതന്നെ അനവധി പണം ഗവമെൻറിനു ചെലവുവരും.

ശ്രീ. കുഞ്ഞൻ നാടാർ: അപ്രകാരം സ്ഥലവും കെട്ടിടവും ഉണ്ടാക്കികൊടുക്കുവാൻ കെല്പില്ലാത്ത സാധുക്കളാണ് ഒരു സ്ഥലത്തു താമസിക്കുന്നതെങ്കിൽ അവക്ക് ഒരു ഡിസ്പെൻസറി വേണ്ടെന്നാണോ ഗവമെൻറ് വിചാരിക്കുന്നതു്?

ശ്രീ. എ. ജെ. ജോൺ: അതു് ഒരു ഹൈപോതെററിക്കൽ കേസ്സാണ്.

പെരിങ്ങൽകുത്തു പദ്ധതി

*൪൧. (൧൩) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഇലക്ട്രിസിററി വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരിങ്ങൽകുത്തു ഹൈഡ്രോ ഇലക്ട്രിക് പദ്ധതി ഇപ്പോൾ എത്രവരെ പുരോഗമിച്ചിട്ടുണ്ട്;

(ബി) പ്രസ്തുത പദ്ധതി എന്നു പൂർത്തിയാക്കുവാനാണ് ഗവമെൻറ് ഉദ്ദേശിക്കുന്നതു്?

മരാമത്തും ഗതാഗതവും വകുപ്പു മന്ത്രി (ശ്രീ. കളത്തിൽ വേലായുധൻ നായർ:) (എ) അണക്കെട്ടിൻെറ പണി മുക്കാൽ ഭാഗവും തീർത്തിട്ടുണ്ട്. ടണൽ ഡ്രൈവിംഗ് മുഴുവനും പൂർത്തിയായി. ലൈനിംഗ് ജോലിയും തീരാറായി. ജോലി പകുതിയിലധികം പുരോഗമിച്ചിട്ടുണ്ട്. പൗവർ ഹൗസ് കെട്ടിടത്തിൻെറ ജോലിക്ക് ടെൻറർവിളിച്ചിട്ടുണ്ട്. യന്ത്രങ്ങൾ നിർമ്മിച്ചതിനുശേഷം ൧൯൫൩-ലും ൧൯൫൪-ലുമായി ഇറക്കുമതി ചെയ്യുന്നതാണ്. റോഡുകളും സ്റ്റാഫിനു് താമസിക്കാനുള്ള കെട്ടിടങ്ങളും പൂർത്തിയായിട്ടുണ്ട്.

(ബി) ൧൯൫൪-ൽ.

ഹരിജൻ വിദ്യാർത്ഥികൾ

*൪൮. (൫ ൧) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

നിയമം, മെഡിക്കൽ, എഞ്ചിനീയറിങ്ങ് എന്നിവയിൽ ഉന്നത വിദ്യാഭ്യാസത്തിനായി കഴിഞ്ഞകൊല്ലം എത്ര ഹരിജൻ വിദ്യാർത്ഥികളെ എടുത്തിട്ടുണ്ട്?

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ): നിയമം, എൻജിനീയറിംഗ്, മെഡിക്കൽ എന്നിവയിൽ ഉന്നത വിദ്യാഭ്യാസത്തിനായി കഴിഞ്ഞകൊല്ലം എടുത്തിട്ടുള്ള ഹരിജന വിദ്യാർത്ഥികളുടെ എണ്ണം താഴെ കൊടുക്കുന്നു.

നിയമം	൧
എൻജിനീയറിംഗ്	൯
മെഡിക്കൽ	൫

ശ്രീ. സി. സി. അയ്യപ്പൻ: കൊച്ചിയിൽനിന്നും ഗവമ്മെൻറ് ആരെയെങ്കിലും മെഡിക്കൽ പരീക്ഷയ്ക്ക് എടുത്തിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഈ വിദ്യാഭ്യാസവർഷത്തിൽ കൊച്ചിയിൽനിന്നും ആരേയും എടുത്തിട്ടില്ല. കാരണം, ശരിയായ അപേക്ഷകർ ഇല്ലെന്നുള്ളതാണ്. ഇതിനുമുൻപ് എടുത്തിട്ടുണ്ട്. കൽക്കട്ടാ മെഡിക്കൽ കോളേജിലേക്ക് കൊച്ചിയിൽനിന്നും ഒരാളെ അയച്ചിട്ടുണ്ട്. തിരുവിതാംകൂർ ഭാഗത്തുനിന്നും രണ്ടുപേരെ പുറത്തേക്ക് അയച്ചിട്ടുണ്ട്. ഒരാൾ മണിപ്പാൽ കോളേജിലും മറ്റൊരാൾ ആസാം കോളേജിലും പഠിച്ചുവരുന്നു.

ശ്രീ. സി. സി. അയ്യപ്പൻ: ശരിയായി സ്റ്റൈപ്പൻറ് കിട്ടാത്തതുകൊണ്ട് അയച്ച വിദ്യാർത്ഥികൾതന്നെ മടങ്ങിപ്പോന്നിട്ടുള്ളതായി അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അയച്ചവരിൽ ആരും മടങ്ങിപ്പോന്നതായി അറിവില്ല.

ശ്രീ. ആർ. കേശവപിള്ള: ഇവരെ എടുക്കുന്നതിന് വച്ചിട്ടുള്ള മാനദണ്ഡം എന്താണ്:

ശ്രീ. കെ. കൊച്ചുകുട്ടൻ: പ്രധാനമായി അവർക്ക് ലഭിച്ചിട്ടുള്ള മാർക്കുകളാണ്.

ശ്രീ. സി. സി. അയ്യപ്പൻ: ഗ്രൂപ്പ് മാർക്കുകൂടി മാനദണ്ഡമായി സ്വീകരിച്ചിട്ടുണ്ടോ?

മിസ്റ്റർ സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ஸ்ரீ. ஸி. சங்கர்: இந்த ரிஜன ஹவித்தியார்த்திகளில் தமிழர்கள் யாராவது உண்டா?

ശ്രീ. കെ. കൊച്ചുകുട്ടൻ: തമിഴരിൽനിന്നും എൻജിനീയറിംഗ് കോളേജിലേക്ക് ഒരാളെ അയച്ചിട്ടുണ്ട്. അദ്ദേഹം ഇപ്പോൾ ഉദ്യോഗത്തിലിരിക്കുന്നുമുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: ശരിയായ അപേക്ഷകരുണ്ടായാൽ അവരെയെല്ലാം എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: എല്ലാവരേയും എടുക്കുവാൻനിവൃത്തിയില്ല. ഗവമ്മെണ്ടിൻെറ സാമ്പത്തികമായ കഴിവുകൂടി പരിഗണിക്കുന്നതാണ്.

ഹരിജൻ കോളനികൾ

* ൪൩. (൧൮) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട അവശസമുദായോദ്ധാരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സംസ്ഥാനത്തിൽ എത്ര ഹരിജൻ കോളനികൾ ഉണ്ട്;

(ബി) അവയിൽ എത്ര എണ്ണത്തിൽ കൊല്ലത്തിൽ ൩൬൫ ദിവസവും കുടിക്കുവാനുള്ള വെള്ളം ഉണ്ടാകും;

(സി) എല്ലാ കോളനികളിലും നടക്കുവാനുള്ള വഴിയുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ) :

(എ) ൧൭൪.

(ബി) എല്ലാ കോളനികളിലും ൩൬൫ ദിവസവും കുടിക്കുവാനുള്ള വെള്ളമുണ്ടാകും.

(സി) എല്ലാ കോളനികളിലുംനടക്കുവാനുള്ള വഴിയുണ്ട്.

ശ്രീ. സി. സി. അയ്യപ്പൻ: ൩൬൫ ദിവസവും വെള്ളം കുടിക്കുവാൻ കിട്ടുമെന്നു പറഞ്ഞതു ശരിയാണോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ശരിയാണ്. വെള്ളമില്ലാതെ ആരും ജീവിക്കുകയില്ല. പക്ഷെ, കൊടും വെയിലുണ്ടാകുമ്പോൾ ചില കോളനികളിൽ വെള്ളംകിട്ടുന്നകാര്യത്തിൽ പ്രയാസം നേരിട്ടേക്കാം. അങ്ങനെയുള്ള സന്ദർഭങ്ങളിൽ വസ്തുത ഗവമ്മെൻറിൻെറ ശ്രദ്ധയിൽപെടുത്തിയാൽ വേണ്ട നടപടികൾ നടത്തുന്നതാണ്.

ശ്രീ. സി. സി. അയ്യപ്പൻ: വെള്ളമില്ലെന്നുകാണിച്ചു എവിടെനിന്നെങ്കിലും നിവേദനങ്ങൾ ഗവമ്മെൻറിനു എപ്പോഴെങ്കിലും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്. അവയ്ക്കു വേണ്ട നടപടികൾ നടത്തിയിട്ടുമുണ്ട്.

ശ്രീ. അച്ചുതമേനോൻ: ബഹുമാനപ്പെട്ട മന്ത്രി ഈ കോളനികൾ എല്ലാം സന്ദർശിച്ചിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില കോളനികൾ സന്ദർശിച്ചിട്ടുണ്ട്.

ശ്രീ. അച്ചുതമേനോൻ: അപ്പോൾ അവിടെ വെള്ളം ഇല്ലെന്നുള്ള കാര്യം കണ്ടുബോദ്ധ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ചില കോളനികളിൽ വെള്ളം കിട്ടാൻ പ്രയാസമുള്ളതായി കണ്ടിട്ടുണ്ട്.

ശ്രീ. ആർ. കേശവപിള്ള: കൊട്ടാരക്കരതാലൂക്കിൽ എത്ര കോളനികൾ ഉണ്ട്?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. സി. ആദിച്ചൻ: ബഹുമാനപ്പെട്ട മന്ത്രി സന്ദർശിച്ച കോളനികളിലെല്ലാം നടക്കാൻ വഴിയുള്ളതായി കണ്ടിട്ടുണ്ടോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: ഉണ്ട്.

ശ്രീ. പി. സി. ആദിച്ചൻ: നടക്കാൻ വഴിയില്ലാത്ത കോളനികൾ ഞാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽ പെടുത്തിയാൽ വഴിയുണ്ടാക്കി കൊടുക്കുന്നതിനുള്ള നടപടികൾ എടുക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: തീർച്ചയായും എടുക്കുന്നതാണ്.

കുടിയിറക്ക്

* ൮൮. (൨ൻ) ശ്രീ. സി. സി. അയ്യപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട റവന്യൂവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഗവമ്മെൻറ പുറംപോക്കുകളിൽ താമസിക്കുന്ന അധഃകൃതരിൽ ആരെയെങ്കിലും ഇക്കൊല്ലം കുടിയിറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എത്ര പേരുണ്ട്;

(സി) അവരുടെ ദുരിതനിവാരണത്തിനു വല്ലതും ഗവമ്മെൻറ ചെയ്തിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

ഈ ചോദ്യത്തിന് ഉത്തരം പറയുവാൻ ആവശ്യമായ വിവരങ്ങൾ കിട്ടിയിട്ടില്ല.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: ഗവമ്മെൻറ പുറംപോക്കുകളിൽ താമസിക്കുന്ന അധഃകൃതരെ ഒഴിപ്പിക്കുകയില്ലാ എന്നുള്ളതല്ലേ ഗവമ്മെൻറ നയം?

ശ്രീ. എ. ജെ. ജോൺ: അങ്ങനെ ഖണ്ഡിതമായ ഒരു നയമില്ല. ചിലപ്പോൾ ചില സ്ഥലങ്ങളിൽനിന്നും ഒഴിപ്പിക്കേണ്ടതായും വരും.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി: അധഃകൃതർ എന്ന വാക്ക ഉപയോഗിച്ചുകൂടാ എന്നു ഗവമ്മെൻറ വല്ലകാലത്തും ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ടായിരിക്കണം. പക്ഷെ ചോദ്യത്തിൽ അധഃകൃതർ എന്ന വാക്കാണുപയോഗിച്ചിരിക്കുന്നതു്. ചോദ്യം ചോദിച്ചിരിക്കുന്നതു ശ്രീ. സി. സി. അയ്യപ്പനമാണ്.

ശ്രീ. എൻ. രാഘവക്കുറുപ്പ്: റോഡിനടുത്തുള്ള പുറംപോക്കുകളിൽ താമസിക്കുന്നവരെ കുടിയിറക്കിയിട്ടുള്ളതായി അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അങ്ങനെയുള്ളവരെ കുടിയിറക്കാതെ നിവൃത്തിയില്ല.

ശ്രീ. സി. കെ. വിശ്വനാഥൻ: വൈക്കംതാലൂക്കിൽ, ആരെയെങ്കിലും കുടിയിറക്കിയിട്ടുള്ളതായി ഗവമ്മെൻറിനറിയാമോ?

ശ്രീ. എ. ജെ. ജോൺ: കുടിയിറക്കിയിട്ടുണ്ടായിരിക്കാം.

ശ്രീ. എം. എം. അബ്ദുൽ ഖാദർ: തരിശുഭൂമികളിൽ താമസിക്കുന്ന അധഃകൃതരെയൊ മററുള്ളവരെയൊ കുടിയിറക്കുകയില്ല എന്നനയമല്ലേ ഗവമ്മെൻറ സ്വീകരിച്ചിട്ടുള്ളതു്?

ശ്രീ. എ. ജെ. ജോൺ: ആക്ഷേപമില്ലാത്ത സ്ഥലങ്ങളാണെങ്കിൽ അധഃകൃതരുടെ കാര്യത്തെപ്പററി പ്രത്യേകം പരിഗണിക്കാം. എന്നാൽ മററുള്ളവരുടെകാര്യം പരിഗണനാർഹമല്ല.

Written Answers

വിമുക്തഭട സഹകരണസംഘങ്ങൾ

*൪൫. (൨൧) ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട സഹകരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വിമുക്തഭടസഹകരണസംഘങ്ങൾ തിരു-കൊച്ചിയിൽ എത്രയെണ്ണം പ്രവർത്തനം നടത്തുന്നുണ്ട്;

(ബി) എത്ര സംഘങ്ങൾക്ക് കടവായ്പ കൊടുത്തിട്ടുണ്ട്;

(സി) എത്ര സംഘങ്ങൾ ആ തുക തിരിച്ചടച്ചിട്ടുണ്ട്?

പൊതുജനാരോഗ്യവകുപ്പുമന്ത്രി (ശ്രീ. വി. മാധവൻ):

(എ) ൪൬ എണ്ണം.

(ബി) ൧൧ സംഘങ്ങൾക്ക് കടവായ്പ കൊടുത്തിട്ടുണ്ട്.

(സി) ഒരു സംഘം ഒഴികെ മററ് സംഘങ്ങൾ ഒന്നുംതന്നെ വായ്പകൾ കരാറനുസരിച്ച് തിരിച്ചടച്ചിട്ടില്ല.

പോലീസ് കയ്യേററം

*൪൬. (൨൨) ശ്രീ. എൻ. രാജഗോപാലൻനായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പുനലൂരെ റിപ്പബ്ലിക്ക് ദിനാഘോഷങ്ങളിൽ പോലീസ് സർക്കിൾ ഇൻസ്പെക്ടർ അനാശാസ്യമായി ഇടപെട്ടെന്ന പരാതി കിട്ടിയിട്ടുണ്ടോ;

(ബി) അതിനെപ്പററി എന്തുനടപടി നടത്തി?

ആഭ്യന്തരകാര്യമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

(എ) ഉണ്ട്.

(ബി) അന്വേഷണത്തിൽ ഇരിക്കയാണ്.

സറണ്ടർ സ്കൂളുകളും ഗവമ്മെൻറപ്രൈമറി സ്കൂളുകളും

*൪൭. (൨൩) ശ്രീ. ടി. എ. മജീദ്: താഴെകാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) സറണ്ടർ സ്കൂളുകളേയും ഗവമ്മെൻറ പ്രൈമറി സ്കൂളുകളേയും വ്യത്യസ്തനിലയിലാണോ ഡിപ്പാർട്ടുമെൻറ വീക്ഷിക്കുന്നതു്;

(ബി) ഗവമ്മെൻറ സ്കൂളുകളിലേയ്ക്കു് നൽകുന്നതുപോലെ സറണ്ടർ സ്കൂളുകളിലേയ്ക്കു് പുസ്തകങ്ങൾ, ഉപകരണങ്ങൾ എന്നിവ നൽകുന്നുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജാൺ):

(എ) അല്ല.

(ബി) ഉണ്ട്.

കല്ലൂപ്പാറ പകുതിയിലെ സെററിൽമെൻറ്

* ൪൮. (൩൫) ശ്രീ. ഒ. സി. നൈനാൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) കല്ലൂപ്പാറ പകുതിയിലെ സെററിൽമെൻറ് പൂത്തിയായിട്ട് എത്ര വർഷമായി;

(ബി) ആ പകുതിക്ക് സെററിൽമെൻറ് രജിസ്റ്റർ അച്ചടിച്ചിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ എന്തുകൊണ്ട് അച്ചടിച്ചിട്ടില്ല;

(ഡി) അച്ചടിക്കാത്തതിനെപ്പററി പരാതി എന്തെങ്കിലും ഗവമ്മെൻറിന ലഭിച്ചിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) നാൽപതു വർഷം.

(ബി) ഇല്ല.

(സി) ൧൯൬൦ സെപ്റ്റംബർ ൪-ാം൹ ൧൧൩൫൪-ാം നമ്പർ ഗവമ്മെൻറ് ആർഡറിലെ തീർച്ചയനുസരിച്ച് ഇടപ്പള്ളി സ്വരൂപം വകയായുള്ള വസ്തുക്കളുടെ സെററിൽമെൻറ് രജിസ്റ്ററുകൾ ഇടപ്പള്ളി കാര്യക്കാർ തന്നെ വേണ്ട വ്യവസ്ഥചെയ്തു അച്ചടിപ്പിച്ചുകൊള്ളേണ്ടതാകുന്നു.

(ഡി) ഇല്ല.

പഞ്ചായത്തു തെരഞ്ഞെടുപ്പ്

* ൪൯. (൩൪) ശ്രീ. കുഞ്ഞിത്തൊമ്മൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) പഞ്ചായത്തു തെരഞ്ഞെടുപ്പ് ഉടനെ നടത്തുന്നതാണെന്ന് പലപ്രാവശ്യവും ഗവമ്മെൻറ് പ്രഖ്യാപിച്ചിട്ടും ഇതുവരെ നടക്കാതെ ഇരിക്കുന്നതു് എന്തുകൊണ്ട്;

(ബി) അതു് എന്നേക്ക് നടക്കുവാനിടയുണ്ട്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) തെരഞ്ഞെടുപ്പിനുള്ള പ്രാരംഭജോലികൾ പൂത്തിയാകാത്തതുകൊണ്ട്.

(ബി) ൧൯൬൫ സെപ്റ്റംബർ-ഒക്ടോബറിൽ നടക്കുവാൻ ഇടയുണ്ട്.

DIPLOMA AND DEGREE HOLDERS

***50.** [37] **Shri M. M. Abdul Khader:** Will the Minister for Public Works be pleased to state.—

(*a*) the ratio of promotion of diploma Overseers as Supervisors to that of direct recruitment of degree holders to the same post in the Electrical Department and the similar ratio in the P. W. Department.

(*b*) what is the reason for differentiation, if any, between the two departments in this regard;

(c) has the Government received representation from diploma Overseers for the alteration of the ratio;

(*d*) what action does the Government propose to take; and

(*e*) is the Government aware of the existing practice in Madras State?

Minister for Works & Transport **(Shri Kalathil Velayudhan Nair):**

(*a*) The graduate-non-graduate (diploma and certificate) proportion for the filling up of vacancies of Supervisors in the Electricity Department is 3:1 where non-graduates, include diploma holders and certificate holders. The corresponding ratio in the P. W. Department is 5:3:2 among graduates diploma holders and certificate holders.

(*b*) The nature of the work in the Electricity Department demands greater technical knowledge and experience from its officers and to maintain efficiency a larger proportion of graduates in Electrical Engineering is recruited as II grade Supervisors.

(*c*) Yes.

(*d*) The matter is under the consideration of Government.

(*e*) No.

LIFT IRRIGATION

***51.** [38] **Shri M. M. Abdul Khader:** Will the Minister for Irrigation be pleased to state.—

(*a*) the extent of the lands irrigated by lift irrigation in the Kunnathunad Taluk with reference to each pakuthy;

(*b*) will the Government soon put into operation the Mudikal Lift Irrigation project?

Minister for Finance & Civil Supplies **(Shri Panampilli Govinda Menon):**

(*a*)

	Pakuthy		*Extent in acres*
1.	Kothakulangara	..	465
2.	Manickamangalam	..	220
3.	Cheranelloor	..	200
4.	Perumbavoor	..	350
5.	Vazhakkulam	..	220
	Total	..	1,455

(*b*) This will be considered.

FREEDOM OF MOVEMENT AND SPEECH

***52.** [39] **Shri M. M. Abdul Khader:** Will the Minister for Law and Order be pleased to state the reason why the Government imposed restrictions on the freedom of movement and speech of non-Congress visitors to the State like Shri A. K. Gopalan, Dr. Kitchelew and Shri K. A. Abbas?

Minister for Home Affairs **(Shri T. M. Varghese):**

The Government did not impose restrictions; but they were imposed by the District Magistrates concerned. The reasons for imposing the restrictions have been stated in the notifications issued by the District Magistrates in each case.

അഡ്ജുഡിക്കേഷൻ

*൫൩. (൪൦) ശ്രീ. ആർ. സുഗതൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചിയിൽ ൧൯൫൦, ൧൯൫൧, ൧൯൫൨-ൽ അഡ്ജുഡിക്കേഷന് വെച്ചിട്ടുള്ള തൊഴിൽ തർക്കങ്ങൾ എത്ര;

(ബി) അവയിൽ തീരുമാനമുണ്ടാകാതെ ശേഷിക്കുന്നവ എത്ര?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൯൫൦, ൧൯൫൧, ൧൯൫൨ എന്നീ കൊല്ലങ്ങളിൽ യഥാക്രമം ൫൦, ൪൭, ൪ തൊഴിൽ തർക്കങ്ങൾ അഡ്ജൂഡിക്കേഷന് വച്ചിട്ടുണ്ട്.

(ബി) ആകെയുള്ള ൭൨ കേസുകളിൽ ൫൭ കേസുകൾക്ക് തീരുമാനമുണ്ടാകാതെ ശേഷിക്കുന്നു.

പഞ്ചായത്തു തെരഞ്ഞെടുപ്പുകൾ

*൫൪. (൪൫) ശ്രീ. കെ. കുട്ടപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട പ്രാദേശിക സമിതി വകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

തിരു-കൊച്ചി സംസ്ഥാനത്തെ വില്ലേജ് പഞ്ചായത്തുകളിലെ തെരഞ്ഞെടുപ്പുകൾ എന്നു നടത്തുവാനാണു തീരുമാനിച്ചിരിക്കുന്നതു്?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

൧൯൫൨ സെപ്റ്റംബർ–ഒക്ടോബറിൽ നടത്തണമെന്നാണ് ഉദ്ദേശിക്കുന്നതു്.

OODUKUR SETTLEMENT

*55. [46] **Shri M. William:** Will the Minister for Revenue be pleased to state.—

(*a*) whether Oodukur Settlement establishment has completed the work;

(*b*) If not how many years more it will take?

Chief Minister **(Shri A. J. John):**

(*a*) No.

(*b*) It is expected that the work in the Taluks of Kalkulam, Vilavancode and Neyyattinkara can be completed by the close of the financial year 1954-55.

മിനിമം വേജസ് കമ്മിററി

*൫൬. (൪൭) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട തൊഴിൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരു-കൊച്ചി സംസ്ഥാനത്തു് മിനിമം വേജസ് കമ്മിററി എന്നൊരു കമ്മിററി ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) എന്താണ് പ്രസ്തുത കമ്മിററിയുടെ ചുമതലകൾ;

(സി) പ്രസ്തുത കമ്മിററി എന്തെങ്കിലും റിപ്പോർട്ട് ഇതിനിടെ ഗവണ്മെൻറിന് സമർപ്പിച്ചിട്ടുണ്ടോ?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) മിനിമം വേജസ് ആക്ട് സെക്ഷൻ ൫—൧(a) അനുസരിച്ച് പ്രസ്തുത ആക്ടിൻെറ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള മൂന്നുതരം

തൊഴിലുകൾക്ക് കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനായി ഓരോ കമ്മിററി പ്രവർത്തിക്കുന്നുണ്ട്.

൧. കയർ തൊഴിലാളികൾ.

൨. മുനിസിപ്പൽ തൊഴിലാളികൾ.

൩. തോട്ടം തൊഴിലാളികൾ.

(ബി) കുറഞ്ഞ കൂലി എന്തായിരിക്കണമെന്നുള്ളതിനെക്കുറിച്ച് അന്വേഷിച്ചു ഗവമ്മെൻറിനെ ഉപദേശിക്കുക.

(സി) തോട്ടം തൊഴിലാളികളുടെ കൂലിയെ സംബന്ധിച്ചുള്ള റിപ്പോർട്ട് ഗവർമ്മെൻറിലേക്ക് സമർപ്പിച്ചിട്ടുണ്ട്.

VILLAGE PANCHAYATS

*57. [52] **Shri P. Ramaswami Pillai:** Will the Minister for Village Panchayats be pleased to state.—

(*a*) whether there is any reason for not constituting village panchayats in Devicolam taluk;

(*b*) is there any taluk in the whole of Travancore-Cochin State where no village panchayat has been constituted?

Minister for Local Self-Government **(Shri K. Kochukuttan):**

(*a*) Yes. Certain complaints have been received regarding the constitution of panchayats in the Devicolam taluk, and till these complaints are enquired into the constitution of panchayats in the taluk cannot be finalised.

(*b*) No.

നെല്ലെടുപ്പും, ഭക്ഷ്യവിതരണവും

*൫൮. (൫൩) ശ്രീ. വാസുദേവൻപിള്ള: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തിലും, കൊച്ചി വിഭാഗത്തിലും ഒരേ നെല്ലെടുപ്പുപദ്ധതിയാണോ നിലവിൽ ഇരിക്കുന്നതു്;

(ബി) ഭക്ഷ്യവിതരണം സംബന്ധിച്ചും ഒരേ പദ്ധതിയാണോ നിലവിൽ ഇരിക്കുന്നതു്?

ധനകാര്യവും ഭക്ഷ്യവും വകുപ്പുമന്ത്രി
(ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ, ബി) അതെ.

പിന്നോക്ക വിദ്യാർത്ഥികൾക്കുള്ള സ്റ്റൈപ്പൻറ്

*൫൯. (൫൪) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) പട്ടികജാതിയിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് സ്റ്റൈപ്പൻറായി പ്രതിമാസം കട്ടി ഒന്നിന് എത്ര രൂപാവീതം കൊടുക്കുന്നുണ്ട്;

(ബി) പട്ടികജാതിയിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് ആർക്കെങ്കിലും സ്റ്റൈപ്പൻറ് നൽകാതിരിക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ എന്തുകൊണ്ട്?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ).

(എ) ഈ സംസ്ഥാനത്തിലുള്ള കോളേജുകളിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് താഴെ പറയുന്ന നിരക്കനുസരിച്ചുള്ള സ്റ്റൈപ്പന്റു നൽകുന്നുണ്ട്.

കോഴ്സ്	പ്രതിമാസനിരക്ക്
ആർട്ട്സ്, സയൻസ്, എൻജിനിയറിംഗ്, ലാ, ആയുർവ്വേദം എന്നിവയിൽ അദ്ധ്യയനത്തിന്	കോളേജുകളിൽനിന്ന് ൫ മൈലിനുള്ളിലുള്ള സ്ഥലങ്ങളിൽനിന്നു വരുന്നവർക്ക് ൧൫ രൂപയും ൫ മൈലിൽ കൂടുതൽ അകലെനിന്നു വരുന്നവർക്ക് ൫൦ രൂപയും.

ഈ സംസ്ഥാനത്തിന് പുറത്തു രണ്ടു പട്ടികജാതി വിദ്യാർത്ഥികൾ വൈദ്യം പഠിച്ചുവരുന്നു. ഒരാൾ കൽക്കട്ടയിലും മറേറയാൾ ആസ്സാമിലുമാണ്. അവർക്ക് യഥാക്രമം ൧൦൦-ം ൭൫-ം രൂപ പ്രതിമാസം സ്റ്റൈപ്പൻറായി നൽകുന്നുണ്ട്.

(ബി) & (സി) കോളേജ് അധികൃതർ അറിയിച്ചിട്ടുള്ള എല്ലാ പട്ടികജാതി വിദ്യാർത്ഥികൾക്കും സ്റ്റൈപ്പൻറ് നൽകിയിട്ടുണ്ട്.

പ്രൈവററ് ഹോസ്റ്റലുകൾ

*൩൦. (൩൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട പിന്നോക്ക സമുദായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ,—

(എ) പട്ടികജാതിയിൽപ്പെട്ട ഹൈസ്കൂൾ വിദ്യാർത്ഥികൾക്ക് താമസിച്ചുപഠിക്കത്തക്കവണ്ണം തിരു-കൊച്ചിയിൽ പ്രൈവററ് ഹോസ്റ്റലുകൾ ആരെങ്കിലും നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആരുടെ മാനേജ്മെൻറിൽ;

(സി) എവിടെയെല്ലാം;

(ഡി) അതിൽ ഏതെങ്കിലും സ്ഥാപനത്തിന് ഗവർമ്മെൻറ് ഗ്രാൻറ് നൽകുന്നുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതിനുള്ള കാരണം?

തദ്ദേശ സ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ), (ബി) & (സി) ഹിന്ദുയൂണിയൻ ഹോസ്റ്റൽ എന്ന പേരിൽ ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രിയുടെ മാനേജ്മെൻറിൽ തിരുവനന്തപുരത്തും, ശ്രീകൃഷ്ണാഹരിജൻ ഹോസ്റ്റൽ എന്ന പേരിൽ വക്കീൽ ശ്രീ. വി. എൻ. രാമകൃഷ്ണൻ നായരുടെ മാനേജ്മെൻറിൽ ഏററുമാനൂരും രണ്ടു പ്രൈവററ് ഹോസ്റ്റലുകൾ നടത്തുന്നുണ്ട്.

(ഡി) ഇല്ല.

(ഇ) പട്ടികജാതി വിദ്യാർത്ഥികൾക്ക മാത്രമായി ഹോസ്റ്റലുകൾ നടത്തേണ്ടതില്ലെന്നും മററു വിദ്യാർത്ഥികൾകൂടി താമസിക്കുന്ന പൊതു ഹോസ്റ്റലുകളിൽ അവർ താമസിച്ചു പഠിക്കുന്നതാണ് കൂടുതൽ ആശാസ്യമെന്നും ഗവർമ്മെൻറ് കരുതുന്നു.

കോളനൈസേഷൻ പദ്ധതി

*൩൧. (൭൦) ശ്രീ. പി. സി. ആദിച്ചൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലാൻറ് റവന്യൂ വകുപ്പു മന്ത്രി ദയവായി മറുപടി പറയുമോ.—

(എ) തിരു-കൊച്ചിയിൽ കോളനൈസേഷൻ പദ്ധതിയനുസരിച്ച് ഭൂമി പതിച്ചുകൊടുക്കുവാൻ എവിടെയെല്ലാമാണ് സ്ഥലം നീക്കിവച്ചിട്ടുള്ളത്;

(ബി) ഓരോ സ്ഥലത്തും എത്ര ഏക്കർ വീതം നീക്കിവച്ചിട്ടുണ്ട്;

(സി) ആകെ എത്ര അപേക്ഷകൾ ഗവമ്മെൻറിനു ലഭിച്ചിട്ടുണ്ട്; അതിൽ പട്ടിക ജാതിക്കാരുടെ അപേക്ഷ എത്രയുണ്ട്;

തദ്ദേശസ്വയംഭരണ വകുപ്പു മന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഭക്ഷ്യോൽപാദന പദ്ധതിയനുസരിച്ച് തിരു-കൊച്ചി സംസ്ഥാനത്ത് വിവിധഭാഗങ്ങളിലായി പാട്ടം കൊടുത്തിട്ടുള്ള മുപ്പതിനായിരത്തിൽപരം ഏക്കർ ഭൂമി കോളനൈസേഷൻ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പ്രസ്തുത ഭൂമി മുഴവൻ ഇപ്പോഴത്തെ പാട്ടക്കാരിൽനിന്നും വീടുത്തി എടുക്കുവാൻ കാലതാമസമുണ്ടാകുമെന്നുള്ളതിനാൽ ഉടനടി നെയ്യാററിൻകര താലൂക്കിൽ പുതുവെട്ടുമുറി റിസർവ്വും, ചിറയിൻകീഴ താലൂക്കിൽ ആഴൂർ റിസർവ്വും, വാഴാനിക്ക് സമീപം കാക്കനിക്കാട്ട് റിസർവ്വിൽനിന്നും കുറെ ഭാഗവും, കുന്നത്തുനാട്ട താലൂക്കിൽ വെങ്ങോല പകുതിയിലെ ഏതാനും ഭൂമിയും കോളനൈസേഷൻ പദ്ധതിക്കായി വിട്ടുകൊടുക്കുന്നതിനു തീരുമാനിച്ചിട്ടുണ്ട്.

(ബി) പുതുവെട്ടുമുറി റിസർവ്വിൽനിന്നും ഇരുന്നൂററിയൻപതു ഏക്കറും ആഴൂർ റിസർവ്വിൽനിന്നും ൪൫൦ ഏക്കറും, കാക്കനിക്കാട്ട് ഇരുനൂറ് ഏക്കറും, വെങ്ങോല പകുതിയിലെ ൧൬൨ ഏക്കറുമാണു, ഉടനടി കോളനൈസേഷൻ പദ്ധതി നടപ്പിലാക്കുവാൻ നീക്കിവെച്ചിട്ടുള്ളത്.

(സി) ആകെ ൪൦,൦൦൦-ൽ പരം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. അപേക്ഷകളിൽ ജാതി തിരിച്ചറിയുവാനുള്ള വിവരങ്ങൾ ഇല്ലാത്തതിനാൽ പട്ടിക ജാതിക്കാരുടെ അപേക്ഷകളുടെ എണ്ണം പറയുവാൻ നിവത്തിയില്ല.

അടിസ്ഥാന ഭൂനികുതി

*൩൨. (൭൨) ശ്രീ. ജോസഫ വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. റവന്യൂ വകുപ്പു മന്ത്രി ദയവായി ഉത്തരം പറയുമോ:—

(എ) അടിസ്ഥാന ഭൂനികുതി (Basic Land Tax) കൊച്ചി വിഭാഗത്തിൽ നടപ്പിലാക്കാമെന്നു ഗവമ്മെൻറ് ഉറപ്പു കൊടുത്തിട്ടുണ്ടോ?

(ബി) ഉണ്ടെങ്കിൽ എന്നു;

(സി) ഇതിനുള്ള നിയമം പാസാക്കിയിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്നു?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) അടിസ്ഥാന ഭൂനികുതി കൊച്ചി വിഭാഗത്തു് നടപ്പിലാക്കുവാൻ ഗവമ്മെൻറ് തീരുമാനിച്ചിട്ടുണ്ട്.

(ബി) ൧൱൨൬-൨൭-ലെ ബഡ്ജററ് അവതരിപ്പിച്ചുകൊണ്ട് ൧൦-൨൬-ൽ ധനകാര്യമന്ത്രി ചെയ്ത ബഡ്ജററ പ്രസംഗത്തിലാണ് അങ്ങനെ പ്രഖ്യാപിച്ചതു്.

(സി) ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

ബോണസ് സബ്സിഡി

*൩൯. (൧൯) ശ്രീ. ജോസഫ് വാഴപ്പിള്ളി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹു. ഭക്ഷ്യമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) ൧൱൨൦-ലോ, ൨൧-ലോ ബോണസ്സ് സബ് സീഡി ഇനങ്ങളിൽ ഗവമ്മെൻറ് വാങ്ങിയിട്ടുള്ള നെല്ലിൻെറ തോതനുസരിച്ച് ഏതെങ്കിലും കൃഷിക്കാർക്ക് എന്തെങ്കിലും സംഖ്യ കൊടുക്കുകയുണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു കാലത്തു്;

(സി) ബോണസ് ഇനത്തിൽ എന്തുവീതം കൊടുത്തു;

(ഡി) സബ്സിഡി ഇനത്തിൽ എന്തു വീതം കൊടുത്തു?

(ഇ) ഇപ്പോൾ ഇങ്ങനെ വല്ല സംഖ്യയും കൊടുക്കുന്നുണ്ടോ?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ൧൱൨൦-ലും ൨൧-ലും കൊച്ചി വിഭാഗത്തു് ജന്മിയോടു വാങ്ങിച്ചിട്ടുള്ള നെല്ലിനു് പറ ഒന്നുക്കു് ൬. അണ വീതം ജന്മിക്കു കൊടുക്കേണ്ട വിലയിൽ നിന്നും വസൂലാക്കി യഥാർത്ഥ കർഷകനു ബോണസായി കൊടുത്തിട്ടുണ്ടു്. ൧൱൨൧-ൽ സംസ്ഥാനത്തെ എല്ലാ യഥാർത്ഥ കർഷകരിൽനിന്നും ൬൪-൧൦-൨൧ വരെ വാങ്ങിച്ച നെല്ലിനു് പറക്കു് ൪ണ. വീതം വച്ചും സബ്സിഡി കൊടുക്കുവാനും അനുവദിച്ചിട്ടുണ്ടു്.

(ബി) എ-യ്ക്കുള്ള ഉത്തരം നോക്കുക.

(സി) ഒരു പറ നെല്ലിനു് ൬. അണവീതം

(ഡി) ഒരു പറ നെല്ലിനു് ൪. അണ വീതം.

(ഇ) കൊച്ചി വിഭാഗത്തു് ഇപ്പോഴും എ.യിൽ വിവരിക്കുന്ന പ്രകാരം യഥാർത്ഥ കർഷകനു ബോണസ്സു കൊടുക്കുന്നുണ്ടു്.

ഭവനരഹിതർ

*൩൪. (൧൩) ശ്രീ. കാമ്പിശ്ശേരി കരുണാകരൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഭവനനിർമ്മാണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

തിരു-കൊച്ചി സംസ്ഥാനത്തു് താമസിക്കുവാൻ സ്വന്തമായി വീടില്ലാത്തവരുടെ സംഖ്യ എത്ര?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

൪൩, ൦൱൨ കുടുംബങ്ങൾ.

TRICHUR SCHOOL INSPECTOR'S OFFICE

*65. [78] **Shri K. P. Nilakanta Pillai:**† Will the Minister for Education be pleased to state whether it is a fact that the Minister has ordered the surrender of a Government building with premises in which a school Inspector's Office was being held at Trichur for the use of a Convent near the school, and if so under what circumstances it was so ordered and what are the conditions of surrender if any?

Chief Minister **(Shri A. J. John):**

Government have sanctioned the lease of land covered by Sy. No. 479/1 of the Trichur Village, for a period of 25 years (leaving a strip of 50 links bordering the tank) to the St. Mary's College, Trichur, at a suitable rent. The office of the Division Inspector of Schools is situated in this plot.

DISTRICT HOSPITAL, CHIRAYINKIL

*66. [79] **Shri K. P. Nilakanta Pillai:** Will the Minister for Medicine be pleased to state with reference to the working of the District Hospital, Chirayinkil, the following:—

(*a*) the number of inpatients and outpatients treated in the hospital during 1950 and 1951;

(*b*) how many men, women and children were treated as inpatients during 1950, 1951;

(c) what is the extent of accommodation in the hospital and the area of the premises;

(*d*) whether the hospital is very near the Railway station touching the public road from Chirayinkil to Attingal;

(*e*) whether the hospital or premises has a compound wall; if not how long is it without a compound wall; and

(*f*) whether the question of extending both the accommodation and the premises of the hospital has been under the consideration of Government and if so how long and what decision has been taken?

Minister for Medicine and Public Health **(Shri V. Madhavan):**

(*a*) In-patients	treated in	1950		1,186
Out-patients	,,	,,	..	29,722
In-patients	,,	1951	..	1,651
Out-patients	,,	,,	..	43,951

(*b*)		*1950*	*1951*
Men	..	358	541
Women	..	580	734
Children	..	248	376

(c) 1. Main building to accommodate 20 patients (10 males and 10 females).

2. A new ward with 4 rooms to accommodate 8 patients.
3. Septic ward to accommodate 10 patients (5 males and 5 females)
4. Contageous disease ward to accommodate 2 patients.
5. Kitchen side-room to accommodate one patient.

Area of the premises—2 acres and 20 cents.

(*d*) Yes.

†Questions Nos. 65, 66 and 67 are included in the Proceedings as they were given notice of by the hon. Shri K. P. Nilakanta Pillai before he was elected to the office of Speaker.

(*e*) No. It is about 2 years since the mud wall fell down.

(*f*) This question has been under consideration for some time. The necessary amount for building the compound wall has been included in the budget for 1952-53.

TOWN PLANNING SCHEME

*67. [80] **Shri K. P. Nilakanta Pillai:** Will the Minister for General Administration be pleased to state:—

(*a*) whether there was an approved town planning scheme for the Corporation of Trivandrum and if so whether it is in force now; and

(*b*) whether the scheme will be placed on the table?

Chief Minister **(Shri A. J. John):**

(*a*) No.

(*b*) Does not arise.

HANDLOOM INDUSTRY

*68. [82] **Shri R. Gangadharan:** Will the Minister for Industries be pleased to state:—

(*a*) is this Government represented in the All India Handloom Committee;

(*b*) has the attention of that Committee been drawn to the sad fate of the handloom industry;

(*c*) has the Committee recommended any relief;

(*d*) what is the extent of help if any given by the Government of India for improving the lot of handloom industry in this State?

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** (*a*) Yes.

(*b*) Yes.

(*c*) Yes.

(*d*) The Government of India have allotted to this State a lump sum grant of Rs. 19,500 for the development of handloom industry.

VERNACULAR SCHOOL AT PERUMKULAM

*69. [87] **Shri Nedumangad R. Kesavan Nair:** Will the Minister for Education be pleased to state whether any representation has been made for completing the construction of the Government Vernacular School at Perumkulam?

Chief Minister **(Shri A. J. John):** Yes, for the Government Middle School at Perumkulam.

PERUNCHANI PROJECT

*70. (92) **Shri P. Ramaswami Pillai:** Will the Minister for Public Works and Communications be pleased to state:—

(*a*) how far the work in Perunchani Project has progressed so far;

(*b*) when the Government expect to complete the work; and

(*c*) the reasons for the delay in completing the work?

Minister for Works and Transport **(Shri Kalathil Velayudhan Nair):**

(*a*) The Project work is making steady progress. More than 75 per cent of rubble masonry in the construction of the dam has been completed. The spilway portion of the dam is practically complete. The erection of

shutters and sluice gates got down from Germany remains to be done for which a special Erector is expected from Germany shortly.

(*b*) By the end of December, 1952.

(*c*) Due to late arrival of spare parts for the outlet and draw off arrangements from Germany.

PRIMARY EDUCATION

***71.** (97) **Shri R. Kesava Pillai**: Will the Minister for Education be pleased to state:—

Whether the Government have given up the scheme of extension of compulsory Primary Education in the State, and if so why?

Chief Minister **(Shri A. J. John)**:

No.

പബ്ലിക്ക് കംഫർട്ട് സ്റ്റേഷൻസ്

*൭൨. (൯൮) ശ്രീ. എ. എൽ. ജേക്കബ്ബ്: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:—

ഒരു പ്രധാന മുനിസിപ്പൽ നഗരമായ എറണാകുളത്ത് വഴിയാത്രക്കാർക്കും മററും സൗകര്യപ്രദമായ പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുകൾ ഇല്ലെന്നുള്ള വിവരം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

ഇല്ല. വടക്കും തെക്കും ബസ്സ്സ്റ്റാൻറുകളിലും ഫെറിജട്ടികളെത്തും പബ്ലിക്ക് കംഫർട്ട് സ്റ്റേഷനുകൾ ഉണ്ട്.

ഇക്കൊല്ലത്തെ യൂണിവേഴ്സിററി പരീക്ഷ

*൭൩. (൯൯) ശ്രീ. ഈ. ഗോപാലകൃഷ്ണമേനോൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രി സദയം മറുപടി പറയുമോ:—

(എ) ഈക്കൊല്ലത്തെ യൂണിവേഴ്സിററി എക്സാമിനേഷൻ എല്ലാക്കൊല്ലവും പതിവുള്ളതിലും കാലേക്കൂട്ടി നടത്താൻ ഏർപ്പാട ചെയ്തിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് വിദ്യാർത്ഥികളുടേയോ കോളേജ് സ്റ്റാഫിൻെറയോ എന്തെങ്കിലും നിവേദനം ഗവൺമെൻറിനു ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി കൈക്കൊള്ളുമെന്നു പറയുമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ബി.എ., ബി.എസ്സ്സി. പരീക്ഷകൾ പതിവിൽനിന്നും നേരത്തെ നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ട്.

(ബി) ഗവൺമെൻറിനു ലഭിച്ചിട്ടില്ല. കോളേജു വിദ്യാർത്ഥികളുടെ നിവേദനങ്ങൾ യൂണിവേഴ്സിററിക്ക് ലഭിച്ചിട്ടുണ്ട്.

(സി) ഈ സംഗതി യൂണിവേഴ്സിററിയുടെ പരിധിയിൽ പെട്ടതായതു കൊണ്ടു ഗവൺമെൻറ് ഇടപെടാറില്ല.

കുടിയിറക്ക്

*൭൪. (൧൦൦) ശ്രീ. എൻ. രാജഗോപാലൻ നായർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി സദയം മറുപടി പറയുമോ.—

(എ) കുടികിടപ്പുകാരനെ കുടിയിറക്കാനാലോചിക്കുന്ന വസ്തു ഉടമസ്ഥനെ കോടതിവിധി കൂടാതെ പോലീസ് ഉദ്യോഗസ്ഥന്മാർ സഹായിച്ചുകൊള്ളണമെന്നു നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പത്തനാപുരം താലൂക്കിൽ പുന്നല എന്ന സ്ഥലത്ത്, സ്ഥലം സർക്കിൾ ഇൻസ്പെക്ടർ വസ്തു ഉടമസ്ഥന്റെ സിൽബന്ധികളെ താമസക്കാരന്റെ പുരപൊളിക്കാൻ സഹായിച്ചതായി ഗവമെന്റിന് അറിവ് കിട്ടിയിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) ഇല്ല.

(ബി) ഇല്ല.

ട്രഷറി ആഫീസറന്മാരുടെ തിരഞ്ഞെടുപ്പ്

*൭൫. (൧൦൨) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട റവന്യൂമന്ത്രി സദയം മറുപടി പറയുമോ.—

(എ) ഈയിടെ ഡിവിഷനൽ ട്രഷറി ആഫീസറന്മാരെ തിരഞ്ഞെടുത്തത് എന്തു മാനദണ്ഡം വെച്ചുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ;

(ബി) കൂടുതൽ യോഗ്യതയും ശമ്പളവും ഉള്ളവർ അപേക്ഷകരായിരുന്നിട്ടും അവരെ അവഗണിച്ചുകൊണ്ട് കുറഞ്ഞ ശമ്പളക്കാരെ ഡിവിഷനൽ ട്രഷറി ആഫീസർമാരായി തിരഞ്ഞെടുത്തിട്ടുണ്ടോ;

(സി) അങ്ങിനെ ഉണ്ടെങ്കിൽ അതിനുണ്ടായ പ്രേരണ എന്താണെന്ന് പറയാമോ?

മുഖ്യമന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) റവന്യൂ ബോർഡിലെ റവന്യൂ മെമ്പർ, ഫൈനാൻസ് സെക്രട്ടറി ഇവരുടെ സഹായത്തോടുകൂടി പബ്ലിക്ക് സർവ്വീസ് കമ്മീഷൻ നടത്തിയ അഭിമുഖസന്ദർശനത്തിന്റെ അടിസ്ഥാനത്തിൽ ആണ്.

(ബി) ഗവമെന്റു ജീവനത്തിലിരിക്കുകയും കുറഞ്ഞത് ൫൦ രൂപായെങ്കിലും ശമ്പളം മേടിക്കുകയും ചെയ്യുന്നവർക്കെല്ലാം ഈ ജോലിക്ക് അപേക്ഷിക്കുവാൻ അവകാശമുണ്ടായിരുന്നു. അങ്ങിനെ അപേക്ഷിച്ചവരിൽ നിന്നും അഭിമുഖസന്ദർശനത്തിൽ ഏററവും നിയമനാർഹർ എന്ന് തെളിഞ്ഞവരെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(സി) എ. ബി. ഉത്തരങ്ങൾ കൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

RECRUITMENT OF TEACHERS

*76. [105 **Shri. Chengarappally P. Narayanan Potti:** Will the Minister for Education be pleased to state.—

(*a*) was there a system of recruitment of teachers when Dr. T. K. Koshy was the Director of Public Instruction, on a fixed salary of Rs. 50 per month;

(*b*) if the answer to the above is in the affirmative, how many teachers were recruited on that basis;

(*c*) are those teachers recruited on a fixed salary of Rs. 50 a month absorbed in the scale of Rs. 50—100;

(*d*) if not, what is the reason for the above ?

Chief Minister **(Shri A. J. John):**

(*a*) Yes.

(*b*) 275.

(*c*)&(*d*) They are being absorbed in Rs. 50—100 grade as and when vacancies arise according to seniority.

പരാതികൾ

*൭൭. (൧൦൭) ശ്രീ. സി. പി. ശ്രീവല്ലഭമേനോൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:—

ആലുവാ ഫസ്റ്റ്ക്ലാസ് മജിസ്ട്രേട്ടിനെപ്പറ്റി പരാതികൾ വല്ലതും കിട്ടിയിട്ടുണ്ടോ?

ആഭ്യന്തരവകുപ്പുമന്ത്രി (ശ്രീ. ടി. എം. വർഗ്ഗീസ്):

ഉണ്ട്.

FIRST CLASS MAGISTRATE

***78.** [109] **Shri. M. M. Abdul Khader:** Will the Minister for Civil and Criminal Justice be pleased to state.—

(*a*) whether the Government received petitions and complaints from the public and from the Advocates alleging corruption, favouritism and bribery against the First Class Magistrate, Alwaye;

(*b*) whether the Government investigated the truth of these allegations and if so by whom;

(*c*) what is the report on these allegations made by the investigating officer; and

(*d*) how long has this Magistrate been at Alwaye ?

Minister for Home Affairs **(Shri T. M. Varghese):**

(*a*) Government received two petitions, one under name Sankaran Veloo (which on investigation was found to be pseudonymous) and the other from certain Advocates and Vakils at Alwaye containing vague allegations.

(*b*) Yes. The investigation was made by the District Magistrate, Trichur, and the Inspector-General of Police.

(*c*) The allegations were reported to be baseless.

(*d*) From 14th March 1949.

Unstarred Questions

SUPPLY OF DRINKING WATER

11. [1] **Shri Kunjan Nadar:** Will the Minister for Land Revenue be pleased to state.—

(*a*) whether the Government got any representation for the supply of drinking water to the coastal people of Kollencode and Paruthiyur (Kulathur Pakuthy, Neyyattinkara);

(*b*) if so, what steps are taken ?

Answer

(*a*) Yes. A petition has been received for sinking a well.

(*b*) Steps are in progress to get the necessary land surrendered by the party. The work will be taken up when the land is got surrendered.

PAY OF TEACHERS

12. [2] **Shri Kunjan Nadar:** Will the Minister for Education be pleased to state.—

(*a*) the minimum pay of drill and drawing masters and sewing mistresses in the middle school section;

(*b*) the starting pay of the teachers in the primary section;

(*c*) if there is difference in the above is there any special reason for the same?

Answer

(*a*) Travancore Area—Drill Master Rs. 20. Drawing Master Rs. 20-25. Sewing Mistress Rs. 20-25 (for direct appointment); but a pay of Rs. 25 is given to those teachers promoted from primary schools.

Cochin Area.—Physical Training Instructor, Drawing Master and Needle Work Mistress: Rs. 30—3—60 each.

(*b*) Rs. 25 basic pay in Travancore area. Rs. 30 in the scale of Rs. 30—1—40—2—50 in Cochin area.

(*c*) There is difference, but that is due to the fact that these rates were sanctioned by the erstwhile Governments of Travancore and Cochin before the integration.

PAY OF TEACHERS

13. [3] **Shri Kunjan Nadar:** Will the Minister for Education be pleased to state.—

(*a*) when were Vernacular schools raised to Middle Schools;

(*b*) whether the pay of the teachers in such schools was enhanced along with the reform;

(*c*) whether there are different grades of middle schools in the State; if so how many grades?

Answer

(*a*) It is presumed that the question relates to the conversion of the Malayalam/Tamil/Sanskrit Middle Schools into New Type Middle Schools in the erstwhile Travancore State. This conversion was given effect to from 1947-48 when the Preparatory class was abolished and Form I was opened against class VI. This reform worked successively till all the classes of the Malayalam, etc. Middle Schools were replaced by classes of the New Type Middle School.

(*b*) No; but 150 posts on Rs. 30 were temporarily sanctioned and teachers with S.S.L.C., T.T.C. qualifications were posted for the teaching of English.

(*c*) No.

TEXT BOOK COMMITTEE

14. [8] **Dr. N. Sankara Pillai:** Will the Minister for Education be pleased to state.—

whether there are experienced departmental and private school teachers in the Text Book Committee?

Answer

Yes.

നെല്ലെടുപ്പു പദ്ധതി

൧൫. (൯) ശ്രീ. സി. ജി. സദാശിവൻ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി ദയവായി ഉത്തരം പറയുമോ.—

(എ) നെല്ലെടുപ്പു പദ്ധതിയനുസരിച്ച് ഈ സംസ്ഥാനത്തു് ൧൯൫൧-ൽ കൃഷിക്കാരിൽനിന്നും എടുത്തിട്ടുള്ള നെല്ല് എത്ര പറ;

(ബി) ഇതിൽ ഓരോ താലൂക്കിൽനിന്നും എടുത്തിട്ടുള്ളതു് എത്ര പറ വീതം?

ഉത്തരം

(എ) ൧൨൩,൩൯,൧൮൩ പറ.

(ബി) ലിസ്റ്റ് താഴെ കൊടുത്തിട്ടുണ്ടു്.

൧൯൫൧-ൽ ഓരോ താലൂക്കിൽനിന്നും എടുത്തിട്ടുള്ള നെല്ലിൻെറ കണക്ക്

	താലൂക്ക്	അളവ് (പറ)
൧.	തോവാള	൭,൮൧,൩൦൬
൨.	അഗസ്തീശ്വരം	൯,൧൮,൯൭൮
൩.	കൽക്കുളം	൪,൯൦,൩൫൫
൪.	വിളവംകോട്	൪൦,൦൩൧
൫.	നെയ്യാററിൻകര	൪൯,൨൧൦
൬.	തിരുവനന്തപുരം	൨൮,൫൬൮
൭.	നെടുമങ്ങാട്	൭൫,൯൬൪
൮.	ചിറയിൻകീഴ്	൬൨,൨൨൦
൯.	കൊല്ലം	൪൦,൬൫൮
൧൦.	കൊട്ടാരക്കര	൯൩,൮൯൮
൧൧.	പത്തനാപുരം	൯൩,൧൬൨
൧൨.	ചെങ്കോട്ട	൪,൧൭,൦൪൭
൧൩.	കുന്നത്തൂർ	൫൧,൬൪൪
൧൪.	കരുനാഗപ്പള്ളി	൫൦,൧൪൫
൧൫.	കാർത്തികപ്പള്ളി	൨,൨൨,൬൦൮
൧൬.	മാവേലിക്കര	൧,൦൦,൪൯൬
൧൭.	തിരുവല്ലാ	൧,൫൩,൯൯൯
൧൮.	പത്തനംതിട്ട	൧,൦൯,൩൦൪
൧൯.	അമ്പലപ്പുഴ	൭,൭൭,൫൧൧
൨൦.	ചേർത്തല	൯൮,൬൮൧
൨൧.	ചങ്ങനാശേരി	൩,൮൪,൪൧൪
൨൨.	കോട്ടയം	൫,൮൬,൩൯൦
൨൩.	വൈക്കം	൧,൭൫,൧൯൦
൨൪.	മീനച്ചിൽ	൩൭,൯൫൬
൨൫.	മൂവാററുപുഴ	൨,൬൧,൬൦൩
൨൬.	തൊടുപുഴ	൧,൦൧,൭൦൪
൨൭.	കുന്നത്തുനാട്	൩,൫൮,൬൯൦
൨൮.	പറവൂർ	൨,൫൬,൦൩൬
൨൯.	ദേവികുളം	൮൭,൪൨൦

	താലൂക്ക്	അളവ് (പറ)
൩൦.	പീരുമേട്	൧,൧൮,൫൨൭
൩൧.	കൊച്ചികണയന്നൂർ	൨,൨൩,൬൯൯
൩൨.	മുകുന്ദപുരം	൫,൯൫,൯൨൦
൩൩.	കൊടുങ്ങല്ലൂർ	൧൧,൯൫൪
൩൪.	തൃശ്ശൂർ	൯,൪൬,൯൩൫
൩൫.	തലപ്പിള്ളി	൧൭,൫൪,൬൬൩
൩൬.	ചിററൂർ	൧൬,൬൪,൯൫൫
	ആകെ	൧,൨൩,൩൯,൧൭൩

ആശുപത്രിയുടെ ആവശ്യകത

൧൬. (൧൪) ശ്രീ. വാറുണ്ണി പുളിക്കൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

തൃശ്ശിവപേരൂർ താലൂക്ക് മുകുന്ദപുരം താലൂക്ക് കൊടകര വില്ലേജ് മുതലായ ദേശക്കാർക്ക് ഒരു ആശുപത്രിയുടെ ആവശ്യകത ഉണ്ടെന്നുള്ള വസ്തുത ഗവൺമെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഉത്തരം

ഉണ്ട്. കൊടകരയിൽ ഒരു ഡിസ്പെൻസറി തുടങ്ങേണ്ട കാര്യം ഗവൺമെന്റിന്റെ ആലോചനയിൽ ഇരിക്കുന്നു. ആശുപത്രിക്ക് ആവശ്യമുള്ള കെട്ടിടവും സ്ഥലവും സജ്ജീകരണങ്ങളും സ്ഥലത്തെ ജനങ്ങൾ വില കൂടാതെ ഗവൺമെന്റിനു വിട്ടുതരുന്നതായാൽ ഡിസ്പെൻസറി തുടങ്ങുന്നതായിരിക്കും. തൃശ്ശിവപേരൂർ മുകുന്ദപുരം എന്നീ താലൂക്കുകളിൽ ഡിസ്പെൻസറികളുണ്ട്.

ROAD

17. [15] **Shri Nedumangad R. Kesavan Nair:** Will the Minister for Public Works be pleased to state.—

(*a*) whether any representation has been made regarding the construction of a road from Mylam to Kadampanad in the Nedumangad Taluk; and

(*b*) if so, the possible time within which the same could be constructed?

Answer

(*a*) No.

(*b*) Does not arise.

BRIDGE

18. [16] **Shri Nedumangad R. Kesavan Nair:** Will the hon. Minister for P.W.D. be pleased to state.—

(*a*) whether any representation for constructing a bridge at Thottumukku in the Aryanad Pakuthy has been made; and

(*b*) if so, the possible time within which the same could be constructed?

Answer

(*a*) No.

(*b*) Does not arise.

ട്രഷറി ആഫീസർമാരുടെ തിരഞ്ഞെടുപ്പ്

൮൯. (൮൭) ശ്രീ. ടി. എ. മജീദ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ദയവായി മറുപടി പറയുമോ.—

ഈയിടെ നടന്ന ഡിവിഷനൽ ട്രഷറി ആഫീസർമാരുടെ തിരഞ്ഞെടുപ്പിനു അപേക്ഷകരായിരുന്നവരുടെ യോഗ്യതയും സ്ഥിരമായ ശമ്പളസ്കെയിലും എന്താണെന്നു് വെളിപ്പെടുത്താമോ?

ഉത്തരം

യോഗ്യതകളും സ്ഥിരമായ ശമ്പളസ്കെയിലും പട്ടികയിലുള്ള സ്റ്റേറ്റുമെൻറിൽ ചേർത്തിട്ടുണ്ടു്.*

Procedure regarding Votes on Account

Mr. Speaker: Order, order. According to the programme already circulated, Friday the 28th March is allotted for general discus-
12 Noon sion of the Budget, and the motion for Votes on Account is to come before the House on Saturday, the 29th. As hon. Members are aware, the procedure for Voting on Account is designed to give the Members a longer time for a detailed discussion on the budget by putting off such discussion to convenient dates after the 31st of March. The principle is that the House ought to grant sufficient funds in advance to Government to enable it to carry on till the Demands are scrutinised in detail and voted upon. Since a full discussion on the various Demands could be had in the House in due course, I trust that the grant of the supply for the interim period on the motion for Votes on Account will be treated as a formal affair.

The following procedure will therefore be adopted for the disposal of the motion regarding Votes on Account on the 29th March:

The hon. Minister for Finance will move the motion in respect of the total sum required. I understand that copies of this motion have already been distributed to the hon. Members. After this motion is moved, any Member may move an amendment for the reduction of the whole grant or for the reduction or omission of the items whereof the grant is composed. A Member who wishes to move such an amendment should give notice of it to the Secretary before 12 noon on Friday, the 28th March. The hon. Minister for Finance will have a right of reply towards the close of the debate, to the amendments moved to the motion. At 5 o'clock all the amendments and then the motion for Votes on Account will be submitted to the vote of the House.

Adjournment Motion regarding Unemployment among Coir Workers

Mr. Speaker: I have received notice of a motion for the adjournment of the House from the hon. Member Shri Gangadharan. The motion is this: "To discuss about the ways and means of removing the unemployment of the coir workers arising out of the present slump in the Coir Industry."

Firstly under the provisions, it is not a specific matter. Secondly, during the discussion on the Rajpramukh's speech, the Members will get ample opportunities to discuss that labour problem, and, thirdly, when we go on with the

*Please see Appendix, p. 167.

discussion about the Voting on Accounts, another opportunity also will be available to the Members. On these grounds, the motion is out of order and it is ruled out.

The Travancore-Cochin Appropriation (No. 1) Bill, 1952

Minister for Finance and Civil Supplies **(Shri Panampilli Govinda Menon):** Sir, I introduce the Travancore-Cochin Appropriation (No. 1) Bill, 1952.

Chief Minister **(Shri A. J. John):** I second it.

Mr. Speaker: The Bill stands introduced.

Shri Panampilli Govinda Menon: Sir, I pray that the Bill may be taken into consideration at once.

Shri A. J. John: I second it.

The question that the Bill be taken into consideration was put and carried.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, തിരുവിതാംകൂർ-കൊച്ചി അപ്രോപ്രിയേഷൻ ബില്ലിന്റെ പ്രതികൾ ബഹുമാനപ്പെട്ട അംഗങ്ങൾക്ക് കിട്ടിയിട്ടുണ്ടെന്ന് ഞാൻ വിശ്വസിക്കുന്നു. ഇപ്പോഴത്തെ കോൺസ്റ്റിറ്റ്യൂഷൻ അനുസരിച്ചു സാങ്കേതികമായ ഒരു ആവശ്യം നിർവ്വഹിക്കുന്നതിനു വേണ്ടിയാണ് ഈ ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളതു്. കോൺസ്റ്റിറ്റ്യൂഷൻ ൨൦൪-ാമത്തെ വകുപ്പനുസരിച്ചു നിയമസഭ പാസാക്കുന്ന തുകകൾ അപ്രോപ്രിയേഷൻ ആക്ട് അനുസരിച്ചുവേണം സാധൂകരിക്കാൻ. എന്നാൽ മുൻകാലങ്ങളിൽ ഈ സഭയ്ക്കുതന്നെ അപ്രോപ്രിയേഷൻ ബില്ലിന്റെ ആവശ്യകതയില്ലാതെ പാസാക്കാമായിരുന്നു. എന്നാൽ ഇപ്പോഴാകട്ടെ ഗ്രാന്റു പാസാക്കിയശേഷം ഒരു ബിൽമൂലം നിയമസാധുതം കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. ഇന്നലെ ഈ സഭയിൽ അവതരിപ്പിച്ചിട്ടുള്ള ഗ്രാന്റുകൾക്കും അപ്രോപ്രിയേഷൻ ബില്ലുമൂലം നിയമസാധുതം കൊടുത്തെങ്കിലേ ബിൽ എഴുതി പണം വാങ്ങാൻ സാധിക്കുകയുള്ളൂ. നിയമസഭയുടെ ഭൂരിപക്ഷത്തോടുകൂടി തുകകൾ പാസായില്ലെങ്കിൽ ആ തുക ഷെഡ്യൂളിൽനിന്നും മാററി കളയുകയാണ് പതിവ്. ഇന്നലെ ബഹുമാനപ്പെട്ട ചീഫ്മന്ത്രി അവതരിപ്പിച്ച ഒരു സപ്ലിമെൻററി ഗ്രാന്റിന് ഭൂരിപക്ഷം കിട്ടാത്തതുമൂലം അതു് ഷെഡ്യൂളിൽനിന്നും എടുത്തു കളഞ്ഞിരിക്കുകയാണ്. ഇപ്രകാരം അവതരിപ്പിക്കപ്പെടുന്ന സപ്ലിമെൻററി ഗ്രാന്റുകളെല്ലാം സഭയുടെ ഭൂരിപക്ഷത്തോടെ പാസാകുമെങ്കിൽ ആ തുകകൾ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും കിട്ടുന്നതിന് ആവശ്യമായ ഒരു ബില്ലാണ് ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. അതുകൊണ്ട് ഈ ബിൽ പാസാക്കണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. എ. താണുപിള്ള: ബഡ്ജററിൽ ൩൩-ാം പേജിൽ കൊള്ളിച്ചിരിക്കുന്ന ഇൻററസ്ററ ചാർജ്ജ് ഏതു ഇനത്തിൽ പെട്ടവയാണെന്നു പറയാമോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതു് Capital outlay—Electrical Charges-ലെ interest ആണ്.

The question that Clauses 2 and 3 stand part of the Bill was put and carried.
The clauses were added to the Bill.
The question that the Schedule stand part of the Bill was put and carried.
The Schedule was added to the Bill.

The question that Clause 1 and the Title and Preamble stand part of the Bill was put and carried.

Clause 1 and the Title and Preamble were added to the Bill.

Shri Panampilli Govinda Menon: Sir, I move that the Bill may be finally passed.

Shri A. J. John: I second it.

The question that the Travancore-Cochin Appropriation (No. 1) Bill, 1952, be passed was put and carried.

The Travancore-Cochin Appropriation (No. 1) Bill, 1952, was passed.

Motion on Address by H. H. the Rajpramukh

Mr. Speaker: After ascertaining the sense of the hon. Members I propose to fix a time-limit to the speeches of the Members during the discussion on the Rajpramukh's Address. I propose to give 15 Minutes to the mover of the motion and also to the seconder of the motion. Both together may take 30 minutes and the hon. Minister who makes a reply at the end of the debate will also be given 30 minutes. Then there remains only 150 minutes available to the House. If some time-limit is not fixed, it will not be possible for many Members to take part in the debate. Therefore, I suggest that a time-limit of 7 minutes be fixed regarding the amendments. Those who want to move the amendments, may be given a time-limit of 7 minutes. Is it acceptable to the House?

Shri M. M. Abdul Khader: May I know the time limit for such of the Members who want to speak?

Mr. Speaker: All the Members who want to take part in the discussion may take 7 minutes each. Then it is agreed. The mover as well as the seconder will take together 30 minutes. The Minister who replies will be allowed 30 minutes and every hon. Member who has tabled amendments, when it is moved, may take 7 minutes and all other Members who take part in the discussion also may take 7 minutes.

And, secondly, another matter of procedure also may be placed before the House for the acceptance of the hon. Members. The original motion of the address may be moved and it may also be seconded. Then all the amendments may be moved one by one in the order in the list so that the motion as well as the amendments may be before the House, and the hon. Members may take that opportunity to discuss the original motion as well as the amendments together. That will facilitate matters. That course seems to be acceptable to me and I hope it will be agreeable to the hon. Members also.

Shri P. Sadasivan Pillai: Sir, I move that an Address in the following form be presented to His Highness the Rajpramukh expressing the thanks of the Assembly for the speech delivered by him:

"May it please Your Highness,

We, the Members of the Legislative Assembly beg leave to thank Your Highness for the Address delivered to this Assembly."

ഇതാണു് ഈ സഭയിൽ അവതരിപ്പിക്കുവാൻ ഞാൻ ഉദ്ദേശിക്കുന്ന പ്രമേയം. വളരെ ചാരിതാർത്ഥ്യത്തോടുകൂടിയാണു് ഇപ്രകാരം ഒരു പ്രമേയം ഞാൻ ഈ സഭ മുമ്പാകെ അവതരിപ്പിക്കുന്നതു്. രാജപ്രമുഖൻ ഈ സഭയിൽ ഹാജരായി ഈ സഭയെ അഭിസംബോധനം ചെയ്തു സംസാരിച്ചപ്പോൾ ഇവിടെ നടക്കുകയുണ്ടായ ഒരു സംഭവത്തെ വിസ്മരിച്ചുകൊണ്ടോ അവഗണിച്ചുകൊണ്ടോ അല്ലാ ഞാൻ ഇപ്രകാരം പറയുന്നതു്. അതിന്റെ

ഔചിത്യബോധത്തെപ്പററി ഒരു വിധി കല്പിക്കുന്നതിനുള്ള ഭാരം ഈ രാജ്യത്തെ പ്രബുദ്ധമായ ജനസഞ്ചയത്തിനു ഞാൻ വിട്ടുകൊടുക്കുകയാണ്. എങ്കിലും ഇൻഡ്യയിൽ ആദ്യം കരുപ്പിടിപ്പിച്ചിട്ടുള്ള ഒരു ഭരണഘടനയോടു വിശ്വാസപ്രതിജ്ഞ പ്രഖ്യാപിച്ചതിന്റെ ശ്വാസം അടങ്ങുന്നതിനു മുമ്പു തന്നെ ഈ സംസ്ഥാനത്തിന്റെ വ്യവസ്ഥാപിത ഭരണാധികാരി ഈ സഭയെ അഭിസംബോധനംചെയ്തു സംസാരിക്കുവാൻ ഇവിടെ ഹാജരായപ്പോൾ ആ കർമ്മത്തിൽ പങ്കെടുക്കാതെ നമ്മുടെ ചില സഹപ്രവർത്തകന്മാർ പോയതിനെപ്പററി ഖേദിക്കാതെ തരമില്ല. സർ, ഇൻഡ്യയിൽ ഇന്നു രൂപീകരിച്ചിട്ടുള്ള ഭരണഘടനപ്രകാരം ആദ്യമായി നടന്നിട്ടുള്ള തെരഞ്ഞെടുപ്പിൻപ്രകാരം രൂപീകരിച്ചിട്ടുള്ള നിയമസഭയുടെ ആദ്യ സമ്മേളനമാണ് ഇതു്. ഇതു ചരിത്രപരമായി വളരെ പ്രാധാന്യമേറിയിരിക്കുന്ന ഒരു സമ്മേളനമാണ്. ചരിത്രപരമായി വളരെ പ്രാധാന്യമർഹിക്കുന്ന ഈ സമ്മേളനത്തിൽ രാജപ്രമുഖൻചെയ്ത പ്രസംഗം ചരിത്രപ്രാധാന്യമർഹിക്കുന്ന ഒന്നുതന്നെയാണ് എന്നു് പറയുന്നതിനു് ഞാൻ മടിക്കുന്നില്ല. ഇന്നു ചില പ്രത്യേക സാഹചര്യങ്ങളിലാണ് ഇവിടെ ഒരു ഗവമ്മെൻറ് രൂപമെടുത്തിട്ടുള്ളതു്. ഈ ഗവമ്മെൻറിനെ നയിക്കുന്നതിനും നിയന്ത്രിക്കുന്നതിനും ബാദ്ധ്യസ്ഥമായിട്ടുള്ള പാർട്ടി ഈ രാജ്യത്തു് ഒരു ക്ഷേമതല്പരരാഷ്ട്രം കെട്ടിപ്പടുക്കുന്നതിനു് ബദ്ധകങ്കണരായിട്ടുള്ളവരാണ്. അപ്രകാരം ഒരു ക്ഷേമതല്പരരാഷ്ട്രം ഈ രാജ്യത്തു് കെട്ടിപ്പടുക്കുന്നതിനു് ആവശ്യമായുള്ള പദ്ധതികളും പരിപാടികളും ആവിഷ്കരിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് രാജപ്രമുഖൻ ഇവിടെ നിർവ്വഹിക്കുകയുണ്ടായിട്ടുള്ളതു്. ഈ അസംബ്ളി ഇപ്പോൾ കൂടിയിട്ടുള്ളതു് ഈ സംസ്ഥാനത്തു് ഇന്നു് ആവിർഭവിച്ചിട്ടുള്ള പ്രത്യേക സാഹചര്യത്തിൽ ഒരു വോട്ടു ഓൺ അക്കൌണ്ട്സ് പാസ്സാക്കി ഗവമ്മെൻറിന്റെ ദൈനംദിന ഭരണകാര്യങ്ങൾ നിർവ്വഹിച്ചുകൊണ്ടു പോകുന്നതിനാണെങ്കിലും അടുത്ത സംവത്സരത്തിൽ ഇവിടത്തെ ഗവമ്മെൻറ് പ്രയോഗത്തിൽ ആക്കുവാൻ പോകുന്ന പരിപാടികളുടേയും പദ്ധതികളുടേയും ഒരു സ്ഥൂലരൂപം ആവിഷ്കരിച്ചുകൊണ്ടുള്ള ഒരു പ്രസംഗമാണ് രാജപ്രമുഖൻ ഇവിടെ നിർവ്വഹിക്കുകയുണ്ടായതു്. സാധാരണയായി രാജപ്രമുഖന്റെ പ്രസംഗത്തിൻ ഉൾക്കൊള്ളിക്കുന്നതു് ഇവിടത്തെ ഗവമ്മെൻറ് അടുത്തകൊല്ലത്തിൽ നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികളുടെ ഒരു സാമാന്യരൂപമാണ്. ഈ പ്രസംഗത്തെ നാം സശ്രദ്ധം അപഗ്രഥനം ചെയ്തു നോക്കുകയാണെങ്കിൽ ഇവിടത്തെ ഗവമ്മെൻറ് അടുത്തകൊല്ലം നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ എന്താണെന്നു് നമുക്കു് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. ഇന്നു നമ്മുടെ മുമ്പാകെ നടന്നിട്ടുള്ള രാജപ്രമുഖന്റെ പ്രസംഗം നാം വിശകലനംചെയ്തു നോക്കുന്നപക്ഷം നമുക്കു ചാരിതാർത്ഥ്യത്തിനും സമാധാനത്തിനും ധാരാളം വകതരുന്നുണ്ടു്. ഈ സംസ്ഥാനത്തു് ജനകീയ ഗവമ്മെൻറ് ആവിർഭവിച്ചതിനുശേഷം ഇവിടത്തെ ജനകീയ ഗവമ്മെൻറിനെ എന്നെന്നും അമ്പരപ്പിച്ചുകൊണ്ടിരുന്ന ഒരു വമ്പിച്ച പ്രശ്നം ഇവിടത്തെ ഭക്ഷ്യപ്രശ്നമാണ്. ഈ ഭക്ഷ്യപ്രശ്നത്തെ അഭിമുഖീകരിക്കുന്നതിനു് ഈ രാജ്യത്തു് രൂപീകൃതമായിട്ടുള്ള ജനകീയ ഗവമ്മെൻറുകൾ മുഴുവൻതന്നെ സ്ഥിരോത്സാഹത്തോടുകൂടി പരിശ്രമിച്ചിട്ടുണ്ടെങ്കിലും അതിനു പരിപൂർണ്ണ വിജയം പ്രാപിക്കുവാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതു് ഒരുപക്ഷേ പരമാർത്ഥമായിരിക്കാം. എങ്കിലും ഭാവനാത്മകമായ ഒരു മനോഭാവ

[Shri. P. Sadhasivan Pillai]

ത്തോടുകൂടി ഈ രാജ്യത്തു വസിക്കുന്ന ലക്ഷോപലക്ഷം ജനങ്ങൾക്കും ഭക്ഷ്യപദാർത്ഥങ്ങൾ ന്യായമായ രീതിയിൽ വിതരണം ചെയ്യുന്നതിനു ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കുന്നതിനു ഇവിടത്തെ ജനകീയഗവൺമെന്റ് ബോധപൂർവ്വം മുന്നോട്ടു വന്നിട്ടുണ്ടെന്നു നമുക്കു വിസ്മരിക്കുവാൻ നിവൃത്തിയില്ലതന്നെ. ഈ സംസ്ഥാനത്തു വർദ്ധമാനമായിക്കൊണ്ടിരിക്കുന്ന ജനപെരുപ്പം നമ്മെ അമ്പരപ്പിച്ചുകൊണ്ടിരിക്കുമ്പോൾ ഇവിടത്തെ ഭക്ഷ്യപ്രശ്നത്തിനു ശരിയായ ഒരു പരിഹാരം തേടേണ്ടതു അത്യാവശ്യമാണെന്നു മനസ്സിലാക്കി ഭക്ഷ്യോല്പാദനത്തിനുവേണ്ടി ശാസ്ത്രീയമായ അടിസ്ഥാനത്തിൽ പദ്ധതികൾപ്രകാരം ഗവൺമെന്റ പല കാര്യങ്ങളും പ്രവർത്തിക്കുന്നതിനു ഭാവിച്ചിട്ടുണ്ടെന്നു രാജപ്രമുഖന്റെ പ്രസംഗത്തിൽ വളരെ വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ടു്. ഒരു രാജ്യത്തെ ഭക്ഷ്യപ്രശ്നത്തിനു പരിഹാരം കണ്ടെത്തുന്നതിനു മുദ്രാവാക്യങ്ങൾ വിളിച്ചു പറഞ്ഞതുകൊണ്ടോ വിപ്ലവാത്മകമായ പ്രസംഗങ്ങൾ പ്രസംഗവേദികളിൽനിന്നു നടത്തുന്നതുകൊണ്ടോ സാദ്ധ്യമാകയില്ലെന്നു നമുക്കറിയാം. ആ പ്രശ്നത്തിനു ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തേണ്ടതു ഇപ്രകാരം സമാധാനപരമായിട്ടുള്ള സംരംഭങ്ങൾ ഒരു സംവിധാനപദ്ധതിയുടെ അടിസ്ഥാനത്തിൽ വരുത്തുന്നതുകൊണ്ടു മാത്രമേ സാദ്ധ്യമാകയുള്ളു എന്നു ബുദ്ധിയുള്ള ആർക്കും അറിയുവാൻ കഴിയുന്നതാണു്. അപ്രകാരം ഒരു സംവിധാനപദ്ധതിയുടെ അടിസ്ഥാനത്തിൽ, ഒരു പ്ലാനിംഗിന്റെ അടിസ്ഥാനത്തിൽ, ഇവിടത്തെ ഗവൺമെന്റ അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ പ്രവർത്തനങ്ങൾ വിജയത്തിൽനിന്നു വിജയത്തിലേക്കു പുരോഗമിച്ചുകൊണ്ടിരിക്കുകയാണെന്നു രാജപ്രമുഖൻ നമ്മെ അറിയിച്ചു. കൂടാതെ, ഭക്ഷ്യസംവർദ്ധകയത്നങ്ങൾ കൊണ്ടു മാത്രം ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നത്തിനു ശാശ്വതമായ ഒരു പരിഹാരം കണ്ടെത്തുവാൻ സാദ്ധ്യമല്ലാതിരിക്കുന്നതുകൊണ്ടു്, ഈ രാജ്യം മിക്കവാറും ൫൦ ശതമാനത്തിൽ കൂടുതൽ ഭക്ഷ്യവിഷയത്തിൽ ഒരു കമ്മി പ്രദേശമായതുകൊണ്ടു്, ഇൻഡ്യാ ഗവൺമെന്റിന്റെ സഹായം ആ വിഷയത്തിൽ കൂടുതൽ സമ്പാദിക്കുന്നതിനു ഇവിടത്തെ ഗവൺമെന്റ് വേണ്ടതു ചെയ്യുന്നതാണെന്നും രാജപ്രമുഖൻ നമ്മെ അറിയിക്കുകയുണ്ടായിട്ടുണ്ടു്. വിദേശ വിപണികളിൽ ധാരാളം ധനം സമ്പാദിക്കുന്നതിനു ആവശ്യമായിട്ടുള്ള പല വിഭവസമ്പത്തും പ്രദാനംചെയ്യുന്ന ഈ രാജ്യത്തിനു സെൻട്രൽ ഗവൺമെന്റിൽനിന്നു ന്യായമായ സഹായം കിട്ടുന്നതിനു അവകാശമുണ്ടെന്നുള്ളതു ആർക്കും നിഷേധിക്കുവാൻ കഴിയുന്നതല്ല. ആ അവകാശബോധത്തോടുകൂടി ഈ ഗവൺമെന്റ് വേണ്ടതു പ്രവർത്തിക്കുന്നതാണെന്നു രാജപ്രമുഖൻ ഉറപ്പിച്ചു പറഞ്ഞിട്ടുള്ളതു നമുക്കു ആശ്വാസപ്രദമാണു്. ഇപ്രകാരം ഭക്ഷ്യസംവർദ്ധകങ്ങളായ പ്രശ്നങ്ങളെപ്പററി ഈ രാജ്യത്തു നടപ്പിൽവരുത്തുവാൻ ഈ ഗവൺമെന്റ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ ഒരു സാമാന്യരൂപം നമ്മുടെ മുമ്പാകെ അവതരിപ്പിക്കുകയുണ്ടായിട്ടുണ്ടു്. ഇവിടെയുള്ള തൊഴിലാളിവിഭാഗത്തിനു ന്യായവും നിയമാനുസൃതവുമായുള്ള ആശ്വാസം നൽകുന്നതിനും അവരുടെ ജീവിതത്തോതു ക്രമാനുഗതം അഭിവൃദ്ധിപ്പെടുത്തിക്കൊണ്ടു വരുന്നതിനും ആവശ്യമായുള്ള, ഒരു ശരിയായ അധിഷ്ഠാനത്തിലുള്ള, പദ്ധതി ഇവിടത്തെ ഗവൺമെന്റ് സ്വീകരിക്കുന്നതിനു തയാറായിട്ടുണ്ടെന്നു രാജപ്രമുഖൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ടു്. കൂടാതെ ഇന്നു നാട്ടിൽ

നടമാടിക്കൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്ക് ഒരു പരിഹാരം കണ്ടെത്തുന്നതിനുള്ള പദ്ധതികളും ഇവിടത്തെ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെട്ടിട്ടുണ്ടെന്നു രാജപ്രമുഖൻ നമ്മെ അറിയിച്ചിട്ടുണ്ട്. ഇന്നു ഈ രാജ്യത്തു അധിവസിക്കുന്ന ഓരോ പൌരനേയും അമ്പരപ്പിക്കുന്ന ഏററവും വലിയ പ്രശ്നം ഇന്നു തീരപ്രദേശത്തുണ്ടായിട്ടുള്ള തൊഴിലില്ലായ്മയാണ്. കയർവ്യവസായത്തിലുണ്ടായിട്ടുള്ള മാന്ദ്യംകൊണ്ടു പല ആളുകൾക്കും തൊഴിലില്ലാതായി തീർന്നിട്ടുണ്ടെന്നും ആ തൊഴിലില്ലായ്മയ്ക്കു ന്യായമായ പരിഹാരം കണ്ടുപിടിക്കേണ്ടതു് ഏററവും ആവശ്യമാണെന്നും ഉള്ള വസ്തുത ഗവൺമെൻറിന് മററാരെയുംകാൾ കൂടുതൽ ബോദ്ധ്യമായിട്ടുണ്ടെന്ന് രാജപ്രമുഖൻെറ പ്രസംഗത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. ഇപ്രകാരം സാമാന്യമായി നാം നോക്കുകയാണെങ്കിൽ രാജ്യത്തു് അദ്ധ്വാനിക്കുന്ന ജനവിഭാഗത്തിൻെറ പ്രയാസങ്ങളേയും ക്ലേശങ്ങളേയും ലഘൂകരിക്കുന്നതിന് ആവേശത്തോടുകൂടിയിരിക്കുന്ന ഒരു ഗവൺമെൻറാണ് ഇന്ന് ഈ രാജ്യം ഭരിക്കുന്നതെന്ന് നമുക്ക് മനസ്സിലാക്കുവാൻ കഴിയുന്നതാണ്. അങ്ങിനെയുള്ള ഒരു ഗവൺമെൻറിനോട് നിങ്ങൾ സഹകരിക്കുവാൻ തയ്യാറാണോ എന്നുള്ളതാണ് എനിക്ക് ചോദിക്കുവാനുള്ളതു്. ഈ ഗവൺമെൻറിനു ആവശ്യമായ സഹകരണം നിങ്ങൾ നൽകുവാൻ തയ്യാറുണ്ടെങ്കിൽ നമുക്ക് ഈ രാജ്യത്തോടുള്ള കൂറു പ്രകടിപ്പിക്കുവാൻ കഴിയുന്നതാണ്. സർ, ഈ പ്രമേയം ഈ സഭ ഐകകണ്ഠ്യേന പാസാക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി: സർ, ഞാൻ ഈ പ്രമേയത്തെ ഹൃദയപൂർവ്വം പിൻതാങ്ങുന്നു. രാജപ്രമുഖൻ തിരുമേനിയുടെ സാന്നിദ്ധ്യത്തെ അനുസ്മരിപ്പിച്ചും, തിരുമനസ്സിലെ നേർക്കു കൃതജ്ഞത രേഖപ്പെടുത്തിയും മി. സദാശിവൻപിള്ള പ്രസംഗിച്ചു. തിരുമേനി സഭസ്സിൽ സദയം സാന്നിദ്ധ്യം ചെയ്യുമ്പോൾ ചില അംശങ്ങൾ ഒരു വാക്കൌട്ടു നടത്തിയതിനെക്കുറിച്ചും പരാമർശിക്കുകയുണ്ടായല്ലോ. സന്ദർഭത്തിൻേറയും സംഭവത്തിൻേറയും പ്രത്യേകതയെക്കുറിച്ചു ഞാൻ ചിന്തിച്ചുകൊണ്ടിരിക്കുകയായിരുന്നു. സ്വാതന്ത്ര്യത്തിൻെറ മംഗളം നൽകുന്ന, തികഞ്ഞ മാററത്തെപ്പററി, ഒന്നോർക്കാത്തവരാരുമുണ്ടായിരിക്കുമെന്നു തോന്നുന്നില്ല. വിഖ്യാതമായ ഈ സ്വാതന്ത്ര്യസിദ്ധാന്തത്തിൻെറ അകവും പുറവും വേണ്ടവിധം ഗ്രഹിച്ചിട്ടാണോ, പരിചിന്തനം ചെയ്തിട്ടാണോ ജനങ്ങൾ ജനകീയാദർശത്തിൻേറയും, ഭരണത്തിൻേറയും നേരെ കയർക്കുന്നതെന്നും വഴി പിശകി അതികർക്കശമായി പതറുന്നതെന്നും നിസ്സംശയം തോന്നിപ്പോകുന്നു. രാജായത്തഗവൺമെൻറിൻെറയും ജനായത്തഗവൺമെൻറിൻെറയും നയതന്ത്രബഹിർമുഖങ്ങളിൽ എനിയ്ക്കുണ്ടായിട്ടുള്ള പരിചയം മുൻനിറുത്തി ഞാൻ പറയുന്നതു ജനങ്ങളുടേയും ഗവൺമെൻറിൻെറയും അകൽച്ച എങ്ങിനെയുള്ളതായാലും വിപത്തുകൾ വരുത്തിവെയ്ക്കാൻ പര്യാപ്തമാകുമെന്നാണ്. രാജപ്രമുഖൻ തിരുമനസ്സിലെ പ്രസംഗം ഗവൺമെൻറിൻെറ ഭാവിനയപരിപാടിയുടെ സാരാംശം മാത്രമായിരുന്നു. ഈ സഭയ്ക്കു പ്രസ്തുത പ്രസംഗവുമായുള്ള വിവേചനാവകാശം സുവിദിതവുമാണല്ലോ. ഇന്ന് എവിടെ നോക്കിയാലും പരക്കെ കാണുന്നതു ബഹുജനങ്ങളുടെ ഓരോരോ ആവശ്യങ്ങളും, അവശതാപ്രകടനവിപ്രകടനങ്ങളുമാണല്ലോ. സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചാൽ ഇതൊരു സാർവ്വത്രികവിഗതിയായിട്ടുതന്നെ കാണാവുന്നതാണ്. പരിഹാരം ആവശ്യമാണ്. അതിനു പോംവഴികൾ കാണേണ്ടതുമാണ്. സ്വാതന്ത്ര്യം നൽകിയ മഹാർഘഫലങ്ങളിൽ

[Shri. T. T. Kesavan Sastri]

ഞാൻ പ്രാധാന്യം കാണുന്നത് ഡെമോക്രസിയിലാണ്. സർ, ഡെമോക്രസിയുടെ പൂർണ്ണതയും അനുഭവസരണിയിലുള്ള വിശകലനവൈവിധ്യവും ഇന്നെങ്ങിനെയിരിക്കുന്നു? ചിന്തിച്ചുകൊണ്ടുതന്നെയാണ് ഞാൻ ഒരിക്കൽ ഡെമോക്രസിയെപ്പറ്റി ചോദിച്ചത്. എങ്ങനെ ഇതിനൊരു മറുപടി ലഭിക്കുമെന്ന് ഞാൻ പിന്നീടും വിചാരിച്ചുവെന്നുള്ളത് സത്യമാണ്. നമ്മെ നേരിട്ടിരിക്കുന്നതും ഇന്നും നേരിട്ടുകൊണ്ടിരിക്കുന്നതുമായ അനവധിയനവധി വസ്തുതകളെപ്പറ്റി വിചാരിക്കാൻ പ്രയാസമുണ്ടായിരിക്കയില്ല. ഇന്നും ഡെമോക്രസി ഒരു നാമമാത്രസ്വപ്നമായി കരുതുന്നതിൽ തെറ്റു വരാവുന്നതാണോ?

രാജപ്രമുഖൻ തിരുമേനി ഉന്നതാശയനായ ഭരണാധികാരിയല്ലേ? അവിടുത്തെ നിസ്തുലഭരണകാലത്തെ പരിശോധിച്ചാൽ കാണാം, ഡെമോക്രസിയിൽ തിരുമേനി കൈക്കൊണ്ടിട്ടുള്ള കാര്യങ്ങൾ. മനുഷ്യനെ തുല്യമനുഷ്യനായി കരുതാൻ സാധിക്കാതിരുന്ന സംഭവഗതികൾ ആരാണു മറന്നിട്ടുള്ളതെന്നു ഞാൻ ചോദിക്കുന്നു. ജനകീയകാലത്തും ദുഷിച്ച ആചാരപരിപാടികളിൽ ഉറച്ചുനിൽക്കുന്നവർ രാജപ്രമുഖൻ തിരുമനസ്സിലെ സമഭാവനയും രാജ്യക്ഷേമകാംക്ഷയും എങ്ങനെ കാണുന്നുവെന്നുള്ളതാണ് ആശ്ചര്യകരമായി എനിക്കു തോന്നുന്നത്. സ്വാതന്ത്ര്യസമ്പാദകനായ മഹാത്മജി, ധിഷണാശാലിയായ പണ്ഡിറ്റു ജവഹർലാൽ നെഹ്റു, പരിണതപ്രജ്ഞനായിരുന്ന വല്ലഭായി പട്ടേൽ, മുതലായ ഭാരതീയപുരുഷപുംഗവന്മാരും, പരദേശീയരും അകമഴിഞ്ഞഭിനന്ദിച്ച ക്ഷേത്രപ്രവേശനാദി മഹാസംഭവസംരംഭപ്രയോക്താവല്ലേ ശ്രീ ചിത്തിരതിരുനാൾ രാജപ്രമുഖൻ തിരുമേനിയെന്നു അറിയാത്തവരാരാണ്? തിരുമേനി ജനകീയാദർശം കൈക്കൊണ്ടു രാജാധികാരം പ്രജകളിൽ നൽകി സമ്പൂർണ്ണം രാജ്യനന്മകളിൽ സംബന്ധിച്ചുപോരികയല്ലേ എന്നു തിരുവിതാംകൂർ–കൊച്ചി ജനസഞ്ചയം ഉറച്ചു ധരിക്കേണ്ടതാണെന്നാണ് ഞാൻ പറയുന്നത്. തിരുമേനിയുടെ അനുകരണീയങ്ങളായ മാതൃകകൾ ജനകീയ സത്യത്തിന്റെ നാമത്തിൽ ജനങ്ങൾ ഉണർന്നുപ്രവർത്തിക്കേണ്ടതാണ്. അങ്ങനെ രാജ്യത്തെ സ്നേഹിച്ചും, ഭിന്നതകൾ അവസാനിപ്പിച്ചും പുരോഗമനവാദികളായി തിരുവിതാംകൂർ–കൊച്ചി ജനത പ്രബുദ്ധമാകണം. അങ്ങനെയായാൽ അമേരിക്കൻജനത ലോകമാതൃക നൽകി വിജയിക്കുന്നപ്രകാരം നമുക്കും നന്നാകുവാൻ സാധിക്കുന്നതായിരിക്കും. ജനങ്ങളുടെ പഠിപ്പിനും പാകതയ്ക്കും വേണ്ടതെല്ലാം ചെയ്യുവാൻ ഗവണ്മെന്റും ഉണരുകതന്നെ വേണം. സർ, ഞാൻ സദാശിവൻപിള്ള അവർകളുടെ പ്രമേയത്തെ പിൻതാങ്ങുകയും സഭയുടെ സഹകരണം സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. ആർ. ഗംഗാധരൻ: ഞാൻ ഈ പ്രമേയത്തിനു താഴെ കാണുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

"But regret that the Government have failed to take necessary measures for the improvement of the Coir Yarn Iudustry which is a source of livelihood of more than eight lakhs of people in this State driving them to utter misery and starvation."

രാജപ്രമുഖന്റെ പ്രസംഗം ഈ മന്ത്രിസഭയുടെ വരുന്ന കൊല്ലത്തെ ഒരു നയപ്രഖ്യാപനമാണെന്നുള്ള വസ്തുത ഞാൻ വിസ്മരിക്കുന്നില്ല. കയറു

വ്യവസായം ഗുരുതരമായ ഒരു പ്രതിസന്ധിഘട്ടത്തെ അഭിമുഖീകരിക്കുകയാണെന്നും, തൻമൂലം ഉളവായിട്ടുള്ള തൊഴിലില്ലായ്മയെ മന്ത്രിമാർ ഉൽക്കണ്ഠയോടെ വീക്ഷിക്കുകയാണെന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ പ്രസ്താവിച്ചിട്ടുണ്ട്. എന്നാൽ ഈ തൊഴിലില്ലായ്മക്കും പട്ടിണിക്കും പരിഹാരമായി ഈ മന്ത്രിസഭ ഇതിനകം എന്തുചെയ്തു എന്നാണ് ഞാൻ ചോദിയ്ക്കുന്നത്. ഒന്നുംതന്നെ ചെയ്തിട്ടില്ല. എട്ടുലക്ഷത്തോളം വരുന്ന തൊഴിലാളികൾ ഇന്നു പട്ടിണിയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വെറുതെ മുതലക്കണ്ണുനീർ പൊഴിച്ചതുകൊണ്ട് പ്രശ്നത്തിന് പരിഹാരം ഉണ്ടാകാൻ പോകുന്നില്ല. കോൺഗ്രസ്സിന്റെ പഴയ ഭരണരീതിതന്നെ മേലും തുടരാൻപോകുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. കയർ തൊഴിലാളി സംഘടനകൾതന്നെ പലപ്പോഴും കയർവ്യവസായത്തിന്റെ അഭിവൃദ്ധിമാർഗ്ഗങ്ങൾക്കായുള്ള പദ്ധതികൾ കൈക്കൊള്ളണമെന്ന് ഗവമ്മെന്റിനോട് നിവേദനം നടത്തീട്ടുണ്ട്. പ്രമേയങ്ങൾ പാസ്സാക്കിയിട്ടുണ്ട്. പ്രക്ഷോഭണങ്ങൾ നടത്തിയിട്ടുണ്ട്. എന്നാൽ ഗവമ്മെന്റ് ഇതൊന്നും ഇതുവരെ ശ്രദ്ധിച്ചിട്ടില്ല.

കയറുവ്യവസായം ഈ സംസ്ഥാനത്തിലെ ഏററവും വലിയ കുടിൽ വ്യവസായമാണ്. ഏകദേശം എട്ടുലക്ഷത്തോളം ജനങ്ങൾ ഈ വ്യവസായം കൊണ്ട് ഉപജീവനം നടത്തിവരുന്നു. പത്തുകോടിയോളം രൂപാ കയർ ഉല്പന്നങ്ങളുടെ വില്പന ഇനത്തിൽ ആണ്ടൊന്നുക്ക് ഈ സംസ്ഥാനത്തിന് വരുമാനം ഉണ്ടാകുന്നുണ്ട്. ഇത്രത്തോളം പ്രാധാന്യമേറിയ ഈ വ്യവസായം ഇന്ന് അധഃപതിച്ച് തൊഴിലാളിയും മുതലാളിയും പട്ടിണിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്.

ഈ വ്യവസായത്തിന്റെ അധഃപതനത്തിന് ചില പ്രത്യേകകാരണങ്ങളുണ്ട്. ആലപ്പുഴയിലും എറണാകുളത്തും കയർ വില്പനക്കു കൊണ്ടുചെല്ലുന്ന മുതലാളിമാർക്ക് അവിടത്തെ ഗുദാമുടമസ്ഥന്മാർ ഓരോ തുക അഡ്വാൻസ് കൊടുക്കുന്നു. ഇങ്ങിനെ അഡ്വാൻസ് കിട്ടുന്നില്ലെങ്കിൽ മുതലാളിമാർക്ക് കയർ തുടന്നു പിരിപ്പിക്കാൻ സാധിക്കുന്നതല്ല. മിക്കപേരും അധികം മുതൽ മുടക്കുള്ളവരല്ല. അഡ്വാൻസ് കഴിച്ചുള്ള തുകയും അവർക്കു താമസം കൂടാതെ കിട്ടേണ്ടതായിട്ടാണിരിക്കുന്നത്. അവിടത്തെ വൻകിട മുതലാളിമാർ ഈ പരിതസ്ഥിതികളെ അങ്ങേഅററം ചൂഷണംചെയ്തുവരുന്നു. കയറിന്റെ വില നിശ്ചയിക്കുന്നതു് അവരായി തീന്നിരിക്കുന്നു. ഏതുവിലയ്ക്കും കയർ വില്പന നടത്താൻ നമ്മുടെ ചെറിയ കയറു മുതലാളിമാർ നിർബ്ബന്ധിതരാണ്. തൻമൂലം കയറിന്റെ വില ഇടിഞ്ഞുവരികയാണ് ചെയ്യുന്നത്. ഈ നില മാറുകതന്നെ വേണം. കയറിന്റെ വില നിശ്ചയിക്കുന്നതു നാംതന്നെയായിരിക്കണം. ഒരേ കേന്ദ്രത്തിൽക്കൂടിയുള്ള വില്പന മുഖേന മാത്രമെ ഇക്കാര്യം സാധിക്കുകയുള്ളൂ. അതിന് ഗവമ്മെന്റ് മുന്നോട്ടു വരേണ്ടിയിരിക്കുന്നു. ഗവമ്മെന്റിന്റെ മേൽനോട്ടത്തിൽ കയറെല്ലാം സംഭരിക്കപ്പെടണം. അഡ്വാൻസ് കൊടുക്കാൻ പണം ഇല്ലെങ്കിൽ, ഈ കയർ ബാങ്കുകളിൽ ലോൺവെച്ചാൽ അഡ്വാൻസ് പ്രശ്നം പരിഹരിക്കപ്പെടാം. കയറിന്റെ വില ഗവമ്മെന്റ് ക്ലിപ്തപ്പെടുത്തണം. ആ വിലക്കു തന്നെ കയർ ചെലവാകുകയും ചെയ്യും. ഇങ്ങനെ ആയാൽ കയർ പിരിക്കുന്നവനും, പിരിപ്പിക്കുന്നവനും രക്ഷ ഉണ്ടാകുകയും കയർ വ്യവസായം അഭിവൃദ്ധിപ്പെടുകയും ചെയ്യും.

[Shri R. Gangadharan]

കുറച്ചുമുമ്പ് കയർ വ്യവസായത്തിന്റെ അഭിവൃദ്ധിമാർഗ്ഗങ്ങളെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ ഗവമ്മെന്റിൽനിന്നും ഒരു കമ്മററിയെ നിയമിച്ചിരുന്നു. ഈ കമ്മററിയുടെ ആഭിമുഖ്യത്തിൽ വ്യവസായത്തിന്റെ സ്ഥിതിവിവരക്കണക്കുകൾ ശേഖരിക്കുകയുണ്ടായിട്ടുണ്ട്. എന്നാൽ കമ്മിററിയുടെ പ്രവർത്തനം പൂർത്തിയാകുന്നതിനുമുമ്പ് കമ്മിററിയെ പിരിച്ചുവിടുകയാണുണ്ടായത്. കമ്മിററി റിപ്പോട്ടും സമപ്പിച്ചിട്ടില്ല. ഒരു വമ്പിച്ച തുക ഇതിനുവേണ്ടി ചെലവാക്കുകയും ചെയ്തു. മുൻമന്ത്രി ശ്രീ. എൻ. കുഞ്ഞുരാമന്റെകാലത്തു വ്യവസായത്തിന്റെ അഭിവൃദ്ധിക്കായി ചില കയർസഹകരണസംഘങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. സംഘങ്ങളുടെ നിബന്ധനകൾ വ്യവസായത്തിന്റെ അഭിവൃദ്ധിക്കു ഒരിക്കലും സഹായകരമല്ല. എല്ലാ മുതലാളിമാരും സംഘങ്ങളിൽ ചേരണമെന്നുള്ള നിർബന്ധമൊ, ചേരാനുള്ള പ്രേരണയൊ കാണുന്നില്ല. അങ്ങിനെ ഉണ്ടായിരുന്നാൽ തന്നെ കയർസംഭരണത്തിനുള്ള മൂലധനം സംഘങ്ങൾക്ക് ഇല്ലാത്തിടത്തോളംകാലം സംഘങ്ങൾ നിഷ്പ്രയോജനങ്ങളാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കയർസഹകരണസംഘങ്ങൾ തുടരേണ്ടാ എന്നാണൊ മെമ്പരുടെ അഭിപ്രായം?

ശ്രീ. ആർ. ഗംഗാധരൻ: കയർസഹകരണസംഘങ്ങൾ ഇപ്പോഴത്തെ നിബന്ധനകൾ അനുസരിച്ചു തുടരുന്നതുകൊണ്ടു് പ്രയോജനമില്ലെന്നാണ് എന്റെ അഭിപ്രായം.

അടുത്തതായി ശ്രീ. എൻ. കുഞ്ഞുരാമൻ ഏപ്പെടുത്തിയ മിനിമം വേജസ്സ് കമ്മിററിയെക്കുറിച്ചു രണ്ടുവാക്ക് പറയാനുണ്ടു്. ഏകദേശം രണ്ടു വഷങ്ങൾക്കു മുമ്പ് ശ്രീ. സി. കേശവൻ പ്രസിഡന്റായി ഒരു മിനിമം വേജസ്സ് കമ്മററി രൂപീകരിക്കപ്പെട്ടിട്ടുണ്ടു്. ഈ കമ്മററി റിപ്പോട്ട് സമപ്പിക്കുകയൊ, ഒരിക്കൽപ്പോലും കൂടുകയൊ ചെയ്തിട്ടില്ല. അതിപ്പോൾ പുനസംഘടിപ്പിക്കപ്പെട്ടതായി കാണുന്നു. കമ്മററി ക്ലിപ്തപ്പെടുത്തുന്ന കൂലി തൊഴിലാളികു ജീവിക്കുവാൻ പര്യാപ്തമായ ഒന്നായിരിക്കണമല്ലൊ. അതു് രണ്ടോ രണ്ടരയോ രൂപാ ആയിരിക്കാവുന്നതാണ്. വ്യവസായത്തിന്റെ ഇന്നത്തെ നിലപാടു നോക്കുകയാണെങ്കിൽ ഇങ്ങിനെയുള്ള ഒരു കൂലിക്രമം ഒരിക്കലും നടപ്പിൽ വരുത്താൻ സാധിക്കുന്നതല്ല. അതിനാൽ മിനിമം വേജസ്സ് കമ്മററിയുടെ പ്രവത്തനങ്ങളോടുകൂടിതന്നെ വ്യവസായാഭിവൃദ്ധിക്കുവേണ്ടിയുള്ള പദ്ധതികളും പുരോഗമിക്കേണ്ടതാണ്.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കയററു വ്യവസായത്തെ സംബന്ധിച്ചിടത്തോളം മിനിമം വേജസ്സ് ഏപ്പെടുത്തേണ്ടെന്നാണോ മെമ്പർ പറയുന്നതു്?

ശ്രീ. ആർ. ഗംഗാധരൻ: മിനിമം വേജസ്സ് ഏപ്പെടുത്തേണ്ടതു് അത്യാവശ്യംതന്നെ. എന്നാൽ മിനിമം വേജസ്സ് കമ്മററിയുടെ പ്രവത്തനരീതി നോക്കിയാൽ അതൊരു അടവായിട്ടു മാത്രമേ കരുതപ്പെടുവാൻ സാധിക്കുകയുള്ളു.

ശ്രീ. കളത്തിൽ വേലായുധൻ നായർ: കൂലിക്രമം ക്ലിപ്തപ്പെടുത്തിയാൽ കയർ വ്യവസായത്തിനു് ദോഷമായിവരുമെന്നു് മെമ്പർ പറഞ്ഞല്ലൊ.

ശ്രീ. ആർ. ഗംഗാധരൻ: എന്നു് എനിക്കു അഭിപ്രായമില്ല. കമ്മററിയുടെ പ്രവത്തനത്തോടൊപ്പംതന്നെ വ്യവസായാഭിവൃദ്ധിക്കുള്ള പദ്ധ

തികളും നടപ്പിൽ വരാത്തിടത്തോളം കാലം മിനിമംവേജസ് ക്ലിപ്തപ്പെടുത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്നാണ് എന്റെ അഭിപ്രായം.

കയറുവ്യവസായത്തിന്റെ അഭിവൃദ്ധിക്കായി പത്തുലക്ഷം രൂപാ ഗവമെന്റിൽനിന്നും അനുവദിച്ചിരുന്നു. ഈ തുകയിൽനിന്ന് കയർസഹകരണസംഘം സിക്രട്ടറിമാരുടെ ശമ്പളം കൊടുത്തിട്ടുള്ളതല്ലാതെ ഒരു കാശുപോലും വ്യവസായാഭിവൃദ്ധിക്കായി ചെലവാക്കീട്ടില്ല. അൻപതുലക്ഷം രൂപാ ഇൻഡ്യാഗവമെന്റിൽനിന്നും കയർവ്യവസായാഭിവൃദ്ധിക്കായി അനുവദിച്ചിരുന്നു. കുറേക്കഴിഞ്ഞപ്പോൾ അതു് ഇരുപത്തിഅഞ്ചുലക്ഷം രൂപയായിക്കുറച്ചു. ഈ തുക തന്നെ ഇൻഡ്യാഗവമെന്റിൽനിന്നും, വാങ്ങാനുള്ള യാതൊരു നടപടികളും ഗവമെന്റ് ഇതുവരെ സ്വീകരിച്ചിട്ടില്ല. ഇങ്ങിനെ നോക്കിയാൽ ഈ ഗവമെന്റ കയറുവ്യവസായത്തിന്റെ അഭിവൃദ്ധിക്കായി യാതൊന്നുംതന്നെ ചെയ്തിട്ടില്ലെന്ന് കാണാവുന്നതാണ്.

Mr. Speaker: The Member is exceeding his time. He may conclude his speech.

ശ്രീ. ആർ. ഗംഗാധരൻ: കോക്കനെട്ട് ബോർഡ്, ററീ ബോർഡ്, എന്നിങ്ങനെയുള്ള ബോർഡുകളെപ്പോലെ ഒരു കയർബോർഡ് ഉണ്ടാക്കിയാൽ മാത്രമെ വ്യവസായം അഭിവൃദ്ധിപ്പെടുകയുള്ളുവെന്നാണ് എന്റെ അഭിപ്രായം. എന്റെ ഭേദഗതിയെ ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും അനുകൂലിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Mr. Speaker: In regard to amendment No. 2 by Shri T. S. Ramaswami Pillai which seeks to express no confidence in the Council of Ministers, I have to state as follows:—

The scope of the discussion on the Rajpramukh's address has engaged the attention of many legislatures in India and the question has been exhaustively considered and rulings have been given both in the Central Legislature and in some Legislatures of 'A' and 'B' States. I was also looking into the Parliamentary Practice of the British Parliament bearing on this subject and I do not find any motion attempted to discredit the Ministers, by taking advantage of the opportunity for discussion of the King's speech. The scope of discussion on a motion of this kind is meant only to review the Government's policy in relation to the contents of the King's speech and secondly to point out omissions in regard to important matters of policy. Therefore the scope of a discussion on Rajpramukh's address is confined to these two aspects. In rule 30 provision is given for moving a no-confidence motion. It runs thus;

(1) 'A motion expressing want of confidence in the Council of Ministers may be made subject to the following restrictions, namely',

(*a*) leave to make the motion must be asked for after questions and before the list of business for the day is entered upon;

(*b*) the Member asking for leave must leave with the Secretary a written notice of the motion which he proposes to move three days before the date on which he intends to move it.

(2) If the Speaker is of opinion that the motion is in order, he shall read the motion to the Assembly and shall request those Members who are in favour of leave being granted to rise in their places, and if not less than 40 Members rise accordingly, the Speaker shall intimate that leave is granted'.. ....and so on.

[Mr. Speaker]

Therefore, the procedure for moving a no-confidence motion is laid down in this rule. Now, the hon. Member Shri Ramaswami Pillai is attempting to move a no-confidence motion on the Ministry and he is making use of this opportunity for that. That is, what he cannot do directly he is attempting to achieve indirectly. Therefore according to the Rules and Standing Orders, I rule Mr. Ramaswami Pillai's amendment out of order.

ശ്രീ. ടി. വി. തോമസ്സ്: ഈ ഭേദഗതി റൂൾ ഔട്ട് ചെയ്യുമെന്നു പ്രതീക്ഷിച്ചിരുന്നില്ല. ശ്രീ. കുട്ടപ്പന്റെ ഭേദഗതി ഉച്ചക്കുശേഷം അവതരിപ്പിക്കാനേ ഒക്കുകയുള്ളു. ലഞ്ചു കഴിഞ്ഞു് എടുത്താൽ ശ്രീ. കുട്ടപ്പനു് സഭയിൽ വരാൻ കഴിയും. അതുകൊണ്ടു ആ ഭേദഗതി ഉച്ചക്കു ശേഷം അവതരിപ്പിക്കുന്നതിനു് അനുവദിക്കണം.

Mr. Speaker: I do not find that suggestion to be acceptable. The contents of that amendment is contained in some other amendment which will be moved in this House and so hon. Shri Kuttappan may not be prejudiced at all on that account.

Shri. P. S. Nataraja Pillai: Has there not been any motion in the House of Commons as amendment expressing that the Ministry has forfeited the confidence of the House? I specifically remember one—unfortunately I am not in possession of it at present —an amendment moved by Mr. Attlee.

Mr. Speaker: I do not think that hon. Members are entitled to put questions on the rulings made by the Speaker. A ruling is a ruling and stands as a ruling.

The next amendment is from Shri C. Sankar. I am sorry I have to rule that amendment also out of order because it involves territorial readjustments which this House is not competent to do. In Art. 3 of the Constitution provision is laid down for the formation of new States and alteration of areas, boundaries, etc. It runs thus:—

"Parliament may by law—

(*a*) form a new State by separation of territory from any State or by uniting two or more States or parts of States or by uniting any territory to a part of any State;

(*b*) increase the area of any State;

(*c*) diminish the area of any State;

(*d*) alter the boundaries of any State;

(*c*) alter the name of any State;" and so on.

This is the procedure laid down in the Constitution if a new State is to be created. In the discussion on the Rajpramukh's address we are expected to discuss only the administrative policy which he had already referred to or which he had omitted to refer. Both are quite relevant. This amendment relates not to any administrative policy but to some other aspect which could not be usefully discussed in this House. Therefore I rule that amendment out of order.

The House rose for lunch at 1 p. m. and re-assembled at 2 p. m. with Mr. Speaker in the Chair.

Shri P. S. Nataraja Pillai: Sir, on the ruling given by the Speaker in the morning, about the budget that has to be presented, I would like to have some clarification. "Any Member may move an amendment for

2 P. M.

the reduction of the whole grant or for the reduction or omission of the items whereof the grant is composed." Sir, the schedule here says: "IX" as the number of an item. I take, it is a grant. Under that head, you find, "Voted by the Assembly—Rs.7·30 lakhs.".So, I will be in order, I hope, if I move for the reduction of some lump sum out of that amount. Suppose, I move for the reduction of the provision for, say, "President, Heads of States, Ministers and Headquarters Staff" a lump sum of Rs. 1,72,000 shown against Ministers under head IX, will I be in order, or, have I to move a token motion on it? I would like to have it clarified.

Mr. Speaker: There is no scope for any token motion under the Vote on Account. Every motion will be considered as an amendment to the motion by the Minister for Finance. Of course, some sort of discretion must be exercised by the Members. Even if a reduction of an amount under a particular item by, say, Rs. 100, is moved, of course, for the purpose of discussion, I can allow that motion, but it is not a token motion but only an amendment.

Shri P. S. Nataraja Pillai: My difficulty, Sir, is this. In a token motion, I can discuss the policy underlying that. If it is not a token motion, and if I move a lump amount for reduction, then to carry the verdict of the House I must show the necessity or otherwise of it. Therefore, suppose I want to discuss the policy on the formation of the Cabinet, as the ruling now stands, I am not entitled to move a token motion. Then the only method I can have is to move for the omission of Rs. 1,72,000 shown as remuneration for the Ministers. Should I do it, or can I have a token motion?

Mr. Speaker: The only distinction is that it shall not be taken as a token motion, but as an amendment. But under that motion, the details of the day-to-day administration should not be attempted to be discussed but some major policy involved in that sub-head could be discussed. That is the scope of discussion on this motion.

Shri E. Gopalakrishna Menon: Sir, I move the following amendment to the motion before the House:

"Add at the end, the words:

"but regret that the agrarian policy of the Government does not give any relief to the peasantry in the State."

സർ, ഈ നാട്ടിനെ ഇന്നഭിമുഖീകരിക്കുന്ന ഗൗരവതരമായ പ്രശ്നങ്ങളിൽവച്ച് ഏററവും പ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നമാണ് കാർഷികപ്രശ്നം എന്ന കാര്യം ആരും നിഷേധിക്കുകയില്ല. ഈ രാജ്യത്തെ ജനസംഖ്യയിൽ എൺപതു ശതമാനത്തോളം വരുന്ന ഒരു ജനവിഭാഗത്തോടു നീതി ചെയ്യുക എന്ന നിലയ്ക്കുമാത്രമല്ല ഞാൻ ഈ സംഗതി സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിരിക്കുന്നതു്. ഈ രാജ്യത്തെ വ്യാവസായികാഭിവൃദ്ധിക്കും, ഈ രാജ്യത്തിലെ വർദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയ്ക്കു പരിഹാരമുണ്ടാക്കുന്നതിനും ഈ നാട്ടിലെ ഒരു തീരാശാപമെന്ന നിലയിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഭക്ഷണക്ഷാമം പരിഹരിക്കുന്നതിനുമെല്ലാം കാർഷികപ്രശ്നത്തിനു അടിസ്ഥാനപരമായ ഒരു പോംവഴി ഉണ്ടാക്കിയേ മതിയാകൂ. ഇന്നത്തെ കുഴപ്പങ്ങൾക്കെല്ലാം ഒരു പ്രധാനകാരണമായി എനിക്കു പറയാനുള്ളതു് ഇവിടത്തെ ജന്മി നാടുവാഴിത്തസമ്പ്രദായം നിലവിലിരിക്കുന്നുവെന്നതാണ്. അതവസാനിപ്പിച്ചല്ലാതെ, കൃഷിഭൂമി അദ്ധ്വാനിക്കുന്നവനു കൊടുത്തല്ലാതെ ഇന്നത്തെ നിലയ്ക്കു മാററവും ജനങ്ങൾക്കു ആശ്വാസവും ഉണ്ടാകയില്ലെന്നു വിശ്വസിക്കുന്നവരാണ് ഞങ്ങൾ.

[Shri E. Gopalakrishna Menon]

കോൺഗ്രസ്സ് ഭരണഭാരമേറ്റിട്ട് നാലരക്കൊല്ലം കഴിഞ്ഞിട്ടും ഈ കാര്യത്തിൽ എന്തെങ്കിലും കാര്യമായ നടപടികൾ എടുക്കാൻ അവർക്കു കഴിഞ്ഞിട്ടില്ല എന്നു പരക്കെ അറിവുള്ള സംഗതിയാണ്. ഇന്നു കർഷകരെ അലട്ടിക്കൊണ്ടിരിക്കുന്ന പ്രശ്നത്തിനു എന്തെങ്കിലും ചില്ലറ പരിഹാരം ഉണ്ടാക്കുന്നതിനും കർഷകർക്കു എന്തെങ്കിലും താല്ക്കാലിക രക്ഷനൽകുന്നതിനുപോലും ഒരു നടപടി സ്വീകരിക്കുവാൻ ഈ സർക്കാരിനെക്കൊണ്ട് ഇന്നേവരെ കഴിഞ്ഞിട്ടില്ല. അക്രമപ്പാട്ടംകൊണ്ടും കുടി ഒഴിപ്പിക്കൽകൊണ്ടും താങ്ങാനാവാത്ത കടഭാരംകൊണ്ടും സാധാരണ ജനങ്ങൾ ഞെങ്ങി ഞെരുങ്ങി കഴിയുകയാണ് എന്നുള്ളത് ആർക്കും അറിയാവുന്നതാണ്. മുമ്പിലത്തെ കൊച്ചിഗവർമ്മെന്റ് അവിടത്തെ കാർഷികവിഭാഗത്തെ സംബന്ധിച്ചിടത്തോളം അവർക്ക് ആശ്വാസം നൽകുന്നതിനായി അന്വേഷിച്ചു റിപ്പോർട്ട് ചെയ്യുന്നതിനു വേണ്ടി ശ്രീ. കെ. ജി. ശിവസ്വാമി അയ്യരുടെ അദ്ധ്യക്ഷതയിൽ ഒരു കമ്മിറ്റിയുണ്ടാക്കി. ആ കമ്മിറ്റിക്കു സമർപ്പിക്കുന്നതിനു കൊച്ചിയിലെ കർഷകസഭയുടെ പേരിൽ ഞങ്ങൾ തെളിവു ശേഖരിച്ചിരുന്ന അവസരത്തിൽ ഞങ്ങൾക്കു മനസ്സിലാക്കാൻ കഴിഞ്ഞത് അവിടത്തെ കർഷകരിൽ ഭൂരിഭാഗവും വിളവിന്റെ ൭൦ ശതമാനവും ജന്മിമാർക്കു പാട്ടം കൊടുക്കേണ്ടവരാണെന്നാണ്. തിരുവിതാംകൂറിൽ തന്നെ പല ഭാഗങ്ങളിലും പ്രത്യേകിച്ചു തെക്കൻ തിരുവിതാംകൂറിൽ മണിയംകരം മുതലായ ഇനങ്ങളിൽ വിളവിന്റെ മുക്കാൽ ഭാഗവും ജന്മിമാർക്ക് കൊടുക്കാൻ കർഷകർ നിർബന്ധിതരായിത്തീർന്നിരിക്കുകയാണ്. ഇതിന്റെ എല്ലാം ഫലമായി കർഷകനു നല്ല നിലയിൽ കൃഷി ചെയ്യാൻ സാധിക്കുന്നില്ല; തന്മൂലം നമ്മുടെ നാട്ടിൽ കൃഷി അധഃപതിച്ചുകൊണ്ടിരിക്കുന്നു; അതു ഈ രാജ്യത്തെ സാമ്പത്തിക ജീവിതത്തെത്തന്നെ സാരമായി ബാധിക്കുകയും ചെയ്യുന്നു.

ഇവിടെ കൃഷിക്കാർക്കു ആശ്വാസം നൽകുന്നു എന്ന പേരിൽ ചില നിയമങ്ങൾ എല്ലാം ഉണ്ട്. അതായത് കൊച്ചിയിലെ വെറുമ്പാട്ട കുടിയാൻ നിയമം, വസ്തു ഒഴിപ്പിക്കൽ തടയുന്നതിനുള്ള നിയമം ഇങ്ങനെ ചില നിയമങ്ങൾ നിലവിലുണ്ട്. പക്ഷെ ഈ ആക്ടിന്റേയും നിയമങ്ങളുടേയും പ്രവർത്തനത്തിൽ നാട്ടിലെ ബഹുഭൂരിപക്ഷം കർഷകർക്കും യാതൊരു രക്ഷയുമില്ല. കണ്ടമാനമുള്ള വസ്തു ഒഴിപ്പിക്കൽ കുടിയിറക്കുകൾ മുതലായവ ഇന്നും നടക്കുന്നു. കൊച്ചിയിലാണെങ്കിൽ പാട്ടബാക്കിയുടെ പേരിൽ കണ്ടമാനം ഭൂമിയൊഴിപ്പിക്കൽ നടന്നുകൊണ്ടിരിക്കുകയാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ കൊച്ചിയിൽ വെറുമ്പാട്ട ബാക്കിയുടെ പേരിൽ വസ്തു ഒഴിപ്പിക്കാൻ പാടില്ലാ, എന്നു?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോടതിയിൽ പണം കെട്ടിവച്ചാൽ ഒഴിപ്പിക്കാൻ പാടില്ല എന്നാണ് വ്യവസ്ഥ എന്നു തോന്നുന്നു.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ബഹുമാനപ്പെട്ട മെമ്പർ ആക്ഷേപിക്കുന്ന കോൺഗ്രസ്സ് ഗവർമ്മെന്റിന്റെ കാലത്ത് ആ വ്യവസ്ഥ മാറ്റി.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതു എന്തുതന്നെയായാലും ഇന്നും കണ്ടമാനം കൃഷി ഒഴിപ്പിക്കലും കുടി ഇറക്കലും നടക്കുന്നുണ്ട്; എന്റെ നിയോജകമണ്ഡലമായ കൊടുങ്ങല്ലൂരിൽ അടുത്ത ഏതാനും ദിവസങ്ങൾക്കുമുമ്പ് അവിടത്തെ പ്രബലനായ ഒരു ജന്മി ഒരു കുടിയാനെ ഒഴിപ്പിക്കുകയുണ്ടായി. ആ ഭൂമി ആ കുടിയാൻ വളരെ കാലമായി പാട്ടത്തിനു ഏറ്റുനടത്തിവരുന്നതാണ്. അവിടത്തെ പോലീസുദ്യോഗസ്ഥന്മാർ ഈ കാര്യത്തിൽ ജന്മിയുടെ ഭാഗത്തു ചേർന്നിരിക്കുകയാണ്. ഇതേ തരത്തിലുള്ള ഒഴിപ്പിക്കലുകൾ പുനലൂരും മറ്റു പല ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നതായി ഞങ്ങൾക്കറിയാൻ കഴിഞ്ഞിട്ടുണ്ട്. ഇന്നു ഈ നിയമങ്ങൾ നിലവിലുണ്ടെങ്കിലും തിരു-കൊച്ചിയിൽ ഇതുകൊണ്ട് ജന്മിമാർക്കല്ലാതെ കൃഷിക്കാർക്ക് യാതൊരു ഗുണവും സിദ്ധിക്കുന്നില്ല. ജന്മിമാർക്ക് ഈ നിയമങ്ങളിൽനിന്നും ഒഴിയുന്നതിനു ധാരാളം സൌകര്യം ലഭിക്കുന്നുണ്ട്. ഈ നിയമം വച്ചുകൊണ്ടുതന്നെ മറ്റെന്തെങ്കിലും കാരണങ്ങൾ പറഞ്ഞു സാധുജനങ്ങളുടെ കുടുംബത്തെ ഇറക്കിവിടുന്നു. ഇന്ന് ഇങ്ങിനെയുള്ള പരാതികൾ ധാരാളമായി കിട്ടിക്കൊണ്ടിരിക്കുകയാണ്. ഈ രാജ്യത്തിലെ ഭൂരിപക്ഷം കർഷകർക്കും യഥാർത്ഥത്തിൽ രക്ഷ നൽകുന്ന യാതൊരു വ്യവസ്ഥയും ഇന്നു നിലവിലില്ല എന്നു പറയാതിരിക്കാൻ നിവൃത്തിയില്ല. ഇങ്ങിനെ രാജ്യത്തിന്റെ നാനാഭാഗത്തും സാർവ്വത്രികമായി അനീതി നടന്നുകൊണ്ടിരിക്കുന്നതിനാൽ കൃഷിക്കാർക്കു കൃഷിചെയ്യാൻ ഭൂമി സ്ഥിരമായി കിട്ടുന്നില്ല എന്നുള്ള കാര്യം പരക്കെ അറിയാവുന്നതാണ്. ഈ രാജ്യത്തെ ലക്ഷക്കണക്കിനുള്ള കാർഷികത്തൊഴിലാളികൾക്കു ഒരു പുരകെട്ടി താമസിക്കുന്നതിനാവശ്യമായ രണ്ടു സെൻറു സ്ഥലംപോലും ഇന്നു അവർക്കു കിട്ടുന്നില്ല. ഇത്രയെല്ലാം സാധുക്കൾക്കുവേണ്ടി കണ്ണീർ പൊഴിക്കുന്ന കോൺഗ്രസ്സുകാർ ഭരിക്കുന്ന ഈ രാമരാജ്യത്തിൽ ഒരു പുര വച്ചുകെട്ടാൻ രണ്ടുസെൻറു സ്ഥലംപോലും ഭൂരിപക്ഷത്തിനും കിട്ടുന്നില്ലെന്നുള്ളതു് എത്രയും ലജ്ജാവഹമാണ്? എന്തെങ്കിലും ഒരു പുരയിടമുള്ളവർക്കു തന്നെ യാതൊരു രക്ഷയുമില്ല. കുടിയിറക്കു സംബന്ധിച്ച് ഇന്നത്തെ പത്രത്തിൽതന്നെ ഒരു പ്രസ്താവന കാണുകയുണ്ടായി. കോവാളം എന്നു പറയുന്ന സ്ഥലത്തു അടുത്ത ദിവസം ഒരു ജന്മി ഒരു സാധു കുടുംബത്തെ കുടി ഒഴിപ്പിച്ചതിനെപ്പറ്റിയാണു പ്രസ്താവന. ആ കുടുംബം ഇന്നും പെരുവഴിയിൽതന്നെ കിടക്കുകയാണ്. ഈ സ്റ്റേറ്റിലെ ഒരു മന്ത്രിയായിരുന്ന ശ്രീ. കുഞ്ഞുരാമൻ ആണ് ഈ പ്രസ്താവന ഇറക്കീട്ടുള്ളതു്. ഈ തരം സംഭവങ്ങൾ രാജ്യത്തിന്റെ നാനാഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്നു. ഈവക കാര്യങ്ങൾ ഇന്നു പൌരസഞ്ചയത്തിന്റെ ഇടയിൽ ഒരു ചോദ്യചിഹ്നമായി നില്ക്കുകയാണ്. അങ്ങിനെ കർഷകരുടേയും മറ്റു അദ്ധ്വാനിക്കുന്നവരുടേയും മൌലിക പ്രശ്നങ്ങൾക്കു എന്തെങ്കിലും പരിഹാരം ഉണ്ടാക്കുന്നതിനു ഈ കോൺഗ്രസ് ഗവമ്മെൻറ് ഒരു ചെറുവിരൽപോലും അനക്കിയിട്ടില്ലാ എന്നതാണ് വാസ്തവം. രാജപ്രമുഖന്റെ പ്രസംഗത്തിൽ ഈ പ്രശ്നങ്ങൾക്കെല്ലാം പരിഹാരമുണ്ടാക്കാൻ ശ്രമിക്കുന്നതാണെന്നു പ്രസ്താവിച്ചിട്ടുണ്ടെന്ന കാര്യം ഞാൻ വിസ്മരിക്കുന്നില്ല. എന്നാൽ ഇത്തരം പ്രസ്താവനകളും നയപ്രഖ്യാപനങ്ങളും ഇതിനുമുമ്പും നടന്നിട്ടുള്ളതാണെന്നും ഇന്നേവരെ യാതൊരു കാര്യവും നടപടിയിൽ വന്നിട്ടില്ലെന്നുള്ളതും നമ്മുടെ ഒക്കെ അനുഭവമാണ്. ഇവിടെ കർഷകരുടെ കാര്യങ്ങളെപ്പറ്റി അന്വേഷിക്കാൻ പല കമ്മിറ്റികളും നിയമിക്കുകയുണ്ടായിട്ടുണ്ട്; ആ

[Shri E. Gopalakrishna Menon]

കമ്മിററികൾ പല റിപ്പോർട്ടുകളും സമർപ്പിക്കയുമുണ്ടായിട്ടുണ്ട്. അങ്ങിനെ സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകൾ എല്ലാം സെക്രട്ടേറിയററിൻെറ മേശകളിൽ വച്ചു പൂട്ടുകയും ചെയ്തിട്ടുണ്ട്. പിന്നേയും ഈവക കാര്യങ്ങളെക്കുറിച്ച് ആലോചിക്കാനും കർഷകർക്ക ആശ്വാസം നൽകുന്ന നടപടികൾ സ്വീകരിക്കാനും തങ്ങൾ തയ്യാറാണെന്നു ഈ മന്ത്രിമാർ പറയുമ്പോൾ അതു ആരാണ് വിശ്വസിക്കുക, എങ്ങിനെയാണ് വിശ്വസിക്കുക? ഈ ഗവമെൻറ് ജന്മികളേയും നാട്ടുവാഴികളേയും സഹായിക്കുന്നതിനു മാത്രമായിട്ടാണ് ശ്രദ്ധിച്ചിട്ടുള്ളതെന്നു ഇതുവരെയുള്ള പ്രവത്തനങ്ങൾകൊണ്ട് തെളിയിച്ചിരിക്കുന്നു. അതുകൊണ്ട് ഈ ഗവമെൻറിൻെറ ഈ നയത്തെ എതിക്കുന്നതിനുവേണ്ടി ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചിരിക്കുന്നു.

ശ്രീ. ആർ. കേശവപിള്ള: ഈ ആണ്ടത്തെ ആറാമത്തു പ്രൊക്ലമേഷനായ ഹോൾഡിംഗ് സ്റ്റേ ആഫ് എക്സിക്യൂഷൻ ആക്ട് ഈ കുടിയൊഴിപ്പിക്കൽ തടയുന്നതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ളതല്ലേ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിൻെറ പേരു എങ്ങിനെയിരുന്നാലും ജന്മികളുടെ രക്ഷയ്ക്കുവേണ്ടി സ്വീകരിക്കേണ്ട വ്യവസ്ഥകളാണ് അതിൽ ഉൾക്കൊള്ളിച്ചിരിക്കുന്നതു്.

ശ്രീ. ആർ. കേശവപിള്ള: പിന്നെ ഏതുതരത്തിലുള്ള നിയമങ്ങൾ ഉണ്ടാക്കണമെന്നാണ് ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: എല്ലാവിധ ഭൂമിയൊഴിപ്പിക്കലും കുടിയിറക്കലും നിരോധിക്കുന്ന നിയമമാണ് ഇന്നാവശ്യമായിരിക്കുന്നതു്.

ശ്രീ. കെ. എം. കോര: എത്രയായിരം ഏക്കർ സ്ഥലം ഇതുവരെ കർഷകർക്കായി പതിച്ചുകൊടുത്തിട്ടുണ്ടെന്നുള്ള വിവരം ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: സാധാരണ കർഷകർക്കായി സ്ഥലം പതിച്ചുകൊടുത്തിട്ടില്ലെന്നാണെൻെറ അറിവ്.

ശ്രീ. കെ. എം. കോര: അതു സംബന്ധിച്ചില്ലെങ്കിലും അറിയാമോ? കർഷകർക്കായി കുത്തകപ്പാട്ടവ്യവസ്ഥയിലും മററുമായി എത്രായിരം ഏക്കർസ്ഥലം കൊടുത്തിട്ടുണ്ടെന്നുള്ള സംഗതി അറിയാമോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: വലിയ ജന്മിമാക്കും കാർഷിക മുതലാളികൾക്കും അവരുടെ സ്വാധീനശക്തികൊണ്ട് കൃഷിക്കായി കുറെ സ്ഥലം ലഭിച്ചിട്ടുണ്ടെന്നറിയാം.

ശ്രീ. അവിരാതരകൻ: കോൺഗ്രസ്സുകാരല്ലാത്തവക്കായി വല്ല സ്ഥലവും പതിച്ചുകൊടുത്തിട്ടുള്ളതായി അറിയാമോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: കോൺഗ്രസ്സുകാർ അല്ലാത്തവക്ക് പതിച്ചുകൊടുത്തിട്ടുള്ളതായി അറിയാൻ പാടില്ല.

ശ്രീ. എൻ. രാജഗോപാലൻ നായർ: സാർ, താഴെ പറയുന്ന ഭേദഗതി ഇവിടെ അവതരിപ്പിക്കുന്നു.

Add at the end the words:—

"but regret that no mention is made about schemes to ameliorate the grievances of Government employees."

ഈ ഗവമ്മെൻറ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഏതു പരിപാടികളും യഥാർത്ഥത്തിൽ വിജയിക്കണമെന്നുണ്ടെങ്കിൽ, കാര്യക്ഷമമായി നടത്തണമെന്നുണ്ടെങ്കിൽ അതിനു സക്കാർ ജീവനക്കാരുടെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ആവശ്യമാണെന്നുള്ള സംഗതി ഈ ഹൌസിലെ എല്ലാ അംഗങ്ങളും വിശ്വസിക്കുന്നുണ്ടെന്നു എനിക്കു തോന്നുന്നു. എന്നാൽ ഈ നാട്ടിലെ സക്കാർ ജീവനക്കാരുടെ സ്ഥിതി ഏററവും ശോചനീയമായ ഒന്നാണ്. അവരുടെ ശമ്പളനിരക്ക് അവരുടെ ജോലിക്കനുയോജ്യമായ വിധത്തിലുള്ളതല്ല. മാത്രമല്ല ലോകത്തിലെ മറെറതൊരു സ്ഥലത്തേയും ശമ്പളനിരക്കിനേക്കാൾ കുറവായ ഒരു ശമ്പളനിരക്കാണ് ഇവിടത്തെ സക്കാർ ഉദ്യോഗസ്ഥന്മാരുടെ ശമ്പളനിരക്ക്. ഇന്ന് ഒരുരൂപാ ശമ്പളവും ഒരു രൂപാ അലവൻസും എന്നുള്ള രീതിയിൽ സക്കാർ ജീവനക്കാർ ൮ മണിക്കൂറും അതിൽ കൂടുതലും ജോലി ചെയ്തുവരുന്നു. ഇന്നു എല്ലാ ഡിപ്പാർട്ടുമെൻറുകളിലും ഉള്ള കീഴുദ്യോഗസ്ഥന്മാരുടെ കാര്യമാണ് വളരെ കഷ്ടമായിട്ടുള്ളതു്, എന്നുള്ള കാര്യവും ഏററവും പരമാർത്ഥമാണ്. അവരാണ് ഇന്നു കൂടുതൽ ദാരിദ്ര്യം അനുഭവിക്കുന്നതു്. ഇതു് ഒട്ടും അഭിമാനകരമല്ലാത്ത ഒരു സംഗതിയാണ്. ഉദാഹരണമായി ഈ ക്ഷേത്രങ്ങളിലെ കീഴ്ജീവനക്കാരായ കഴകക്കാർ എന്നുപറയുന്ന ജോലിക്കാരുടെ ശമ്പളം എത്ര തുച്ഛമാണ്. എന്നാൽ അവരുടെ ജോലി അതിനനുസരിച്ചുള്ളതല്ല എന്നുള്ളതും ഒരു വാസ്തവമാണ്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഈ ക്ഷേത്രങ്ങളിലെ കഴകക്കാർക്ക് സക്കാരിൽനിന്നും ശമ്പളം കൊടുക്കുന്നില്ലെന്നറിയാമോ?

ശ്രീ. കളത്തിൽ വേലായുധൻ നായർ: ഇതുവരെ ക്ഷേത്രങ്ങളിലെ കഴകക്കാർ സക്കാർ ഉദ്യോഗസ്ഥന്മാരാണെന്നാണോ ധരിച്ചിരുന്നതു്?

ശ്രീ. എൻ. രാജഗോപാലൻ നായർ: സർ, ഇങ്ങനെ ചോദ്യങ്ങൾ ചോദിച്ചു് എനിക്കനുവദിച്ചിട്ടുള്ള സമയം ചെലവഴിക്കേണ്ടിവരുന്നതുകൊണ്ടു കൂടുതൽ സമയം അനുവദിച്ചുതരണം. എല്ലാ ചോദ്യങ്ങൾക്കും മറുപടി പറയാം.

Mr. Speaker: If any hon. Member is not prepared to answer questions during his speech, he need not yield but may proceed with his speech. (*Laughter.*)

ശ്രീ. എൻ. രാജഗോപാലൻനായർ: ഇന്ന് ഈ സ്റ്റേററിൽ രണ്ടുതരം ശമ്പളനിരക്കുകൾ നിലവിലുണ്ടെന്നുള്ളതു് ഒരു പരമാർത്ഥമാണ്. എന്നാൽ ചില പ്രത്യേകതരത്തിലുള്ള ഉദ്യോഗസ്ഥന്മാക്ക് അതായതു പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാക്ക് പ്രമോഷൻ ലഭിക്കുന്ന അവസരത്തിൽ അവക്ക് പ്രമോഷൻ ലഭിക്കുന്നതിനുമുമ്പ് കിട്ടിയിരുന്നതിൽ മൂന്നു രൂപാ കുറച്ചേ പ്രമോഷൻ ലഭിക്കുമ്പോൾ ലഭിക്കുന്നുള്ളു എന്നുള്ള സംഗതി ഒരു പരമാർത്ഥമാണ്. ഈ സക്കാർ ജീവനക്കാരുടെ ശമ്പളം കേന്ദ്രഗവമ്മെൻറിലെ ജീവനക്കാരുടെ ശമ്പളനിരക്കിനോടു തുല്യമാക്കാൻ ഉടനടി വേണ്ട നടപടികൾ നടത്തേണ്ടതാണ് എന്നുള്ള സംഗതി ഈ സന്ദർഭത്തിൽ ഞാൻ ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

ഇനി പി. ഡബ്ളിയു. ഡി., ഇലക്ട്രിസിററി മുതലായ ഡിപ്പാർട്ടുമെൻറുകളിൽ വർക്കു എസ്റ്റാബ്ളിഷ്മെൻറുകാർ എന്നു വിളിക്കുന്ന ഒരു

[Shri N. Rajagopalan Nair]

തരം ജീവനക്കാർ ഉണ്ടു്. ഈ ഡിപ്പാർട്ടുമെൻറിൻെറ ആരംഭകാലംമുതല്ക്കുതന്നെ അവർ പണിയെടുക്കുന്നവരാണു്. ഈ ഡിപ്പാർട്ടുമെൻറു് ആരംഭിച്ച കാലംമുതൽ ഇന്നുവരെ അവരുടെ ജോലി തുടരുന്നു എന്നതുതന്നെ അവരുടെ ജോലിസ്ഥിരത വ്യക്തമാക്കുന്ന ഒന്നാണു്. അവരെ ഇന്നുവരെ കൺഫേം ചെയ്തിട്ടില്ല. മററു സക്കാർ ജീവനക്കാർക്കുള്ളതുപോലെ കാഷ്വൽ ലീവു് അവക്കു് ലഭിക്കുന്നുണ്ടു്. അതൊഴിച്ചാൽ അവക്കു മററുള്ളവരെപ്പോലെ സിക്കലീവോ, ഫർലോ ലീവോ, പെൻഷനോ ഒന്നുംതന്നെ ഇല്ല. ഈ സക്കാർജീവനക്കാരുടെ ഏററവും ശോചനീയമായനില ഈ സഭയിലെ എല്ലാ അംഗങ്ങളും ഗവമ്മെൻറും വളരെ കാര്യമായി ആലോചിക്കേണ്ട ഒരു കാര്യമാണു്. അവക്കു് നിശ്ചിതമായ ഒരു ശമ്പളനിരക്കില്ല, അതും മേലുദ്യോഗസ്ഥന്മാരുടെ ഇഷ്ടാനിഷ്ടം അനുസരിച്ചാണു്. അവരുടെ ഈ അവശതകൾ പരിഹരിച്ചുകൊടുക്കേണ്ടതാണു്. അവക്കു് ന്യായമായ ശമ്പളവും മററു അവകാശങ്ങളും ലഭിക്കുന്നതിനു് നാം ഗൗനിക്കേണ്ടതാണു്.

ഇതു കൂടാതെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും കണ്ടിജൻസി ജീവനക്കാർ എന്നൊരു കൂട്ടരുണ്ടു്. അവക്കു് ജോലിയിൽനിന്നും വിട്ടുപോകുന്ന അവസരത്തിൽ വല്ല ഗ്രാററിവിററിയോ മറെറാന്നുമോ ലഭിക്കുന്നില്ല. അവർ മേലുദ്യോഗസ്ഥന്മാരുടെ പ്രീതിക്കു പാത്രമായില്ലെങ്കിൽ ജോലി തുടരുന്നതിനുതന്നെ സാദ്ധ്യമല്ല. അവരുടെ കാര്യത്തെപ്പററിയും എല്ലാ അംഗങ്ങളും കഴിവുള്ള സഹായങ്ങൾ ചെയ്യേണ്ടതാണു്.

ഈ അടുത്ത കാലത്തു് ചില സ്ഥലങ്ങളിൽ അതായതു് വളരെ അധികം ഉദ്യോഗസ്ഥന്മാർ താമസിക്കുന്ന ആലുവായിൽ ഹൗസ്റെൻറു് അലവൻസ് ഗവമ്മെൻറിൽനിന്നും പിൻവലിച്ചിരിക്കുകയാണു്. അതിനു പകരം മൂന്നുരൂപാ ഡീയർനസ് അലവൻസിൽ വർദ്ധിപ്പിച്ചിരിക്കുകയാണു്. അവരുടെ ശമ്പളത്തുകയുടെ ഉ൭ ശതമാനം വരുന്ന ഹൗസ്റെൻറലവൻസും അവിടത്തെ പ്രത്യേക പരിതഃസ്ഥിതിയെ പരിഗണിച്ചു നല്കിയിരുന്ന കോമ്പൻസേററി അലവൻസും ഈ മൂന്നുരൂപ കൊടുത്തിട്ടു് നിത്തിയിരിക്കയാണു്. മാത്രമല്ല, ഈ മൂന്നുരൂപ അവക്കു് കൂട്ടികൊടുത്തിട്ടു് അതിലേറെ സംഖ്യ അവരിൽനിന്നും തിരിച്ചെടുക്കാനുള്ള ഒരു പദ്ധതിയാണിതു്.

ഇതുപോലെതന്നെയാണു് ഇവിടെ ഈ സക്കാർ ജീവനക്കാരുടെ ശിക്ഷകളെ സംബന്ധിച്ചിടത്തോളമുള്ള വ്യവസ്ഥയും. ഇവിടെ ഏതെങ്കിലും കുററങ്ങൾക്കു് ഡിസ്മിസൽ അല്ലെങ്കിൽ ഡിസ്ചാർജ്ജ് എന്നീ രണ്ടു ശിക്ഷകൾ ഒഴിച്ചുള്ള മററു ശിക്ഷകൾ എല്ലാം സാധാരണമായി ഗവമ്മെൻറിൽനിന്നും ഡിപ്പാർട്ടുമെൻറിൽനിന്നും ചെയ്യുന്നതാണു്. ഡിസ്മിസൽ, ഡിസ്ചാർജ്ജ് എന്നീ ശിക്ഷകൾക്കു് പബ്ലിക് സവ്വീസ് കമ്മീഷൻ ഒരു റിപ്പോർട്ടു് അയയ്ക്കണം എന്നൊരു വ്യവസ്ഥയുണ്ടു്. പക്ഷെ ഇവിടെ പാവപ്പെട്ട എൻ. ജി. ഒ. മാരെ ശിക്ഷിക്കാൻ റിപ്പോർട്ടയക്കേണ്ടുന്ന പബ്ലിക്ക്സവ്വീസ് കമ്മീഷനുതന്നെ രൂപകൾ ഉണ്ടായിട്ടില്ലെന്നും ഉള്ള സംഗതി നാം ഓക്കേണ്ട ഒരു കാര്യമാണു്. ഇവിടെ സക്കാർ ജീവനക്കാർക്കു് യാതൊരു സ്വാതന്ത്ര്യവുമില്ല. ഈ നാട്ടിലെ സക്കാർ ജീവനക്കാർക്കു് ഇൻഡ്യൻ ഭരണഘടനയിൽ പറയുന്ന പൗരാവകാശംപോലും അനു

പടിച്ചിട്ടില്ലാത്ത മാതിരിയാണ് ഈ ഗവമ്മെൻറ് പാസപ്പെട്ട എൻ. ജി. ഒ. മാരുടെ കോൻഡക്ട് റൂൾസും സർവ്വീസ് റെഗുലേഷനും എല്ലാം നിർമ്മിച്ചിട്ടുള്ളതു്. ഇവിടെ അവധിക്കുടി ലഭിക്കുന്നതിനു വളരെ വിഷമതകൾ സഹിച്ചേ സാധിക്കുകയുള്ളു. സുഖക്കേടുനിമിത്തം ജോലിക്കു ഹാജരാകാൻ നിവൃത്തിയില്ലെന്നു മെഡിക്കൽ സർട്ടിഫിക്കറ്റു ഹാജരാക്കിയാൽപോലും അവധി അനുവദിക്കാറില്ല. ഉദാഹരണമായി ഈയിടെ തിരുവനന്തപുരത്തുതന്നെ നടന്നതായ ഒരു സംഗതി എടുത്തുകാണിക്കാം. ഇവിടെ വാതരോഗം ബാധിച്ചു ഒരാൾ അവധിക്കുവേണ്ടി ഒരപേക്ഷ രജിസ്റ്റർചെയ്തു് അയച്ചു. എന്നാൽ അതിനു മറുപടിയായി അയാൾ ഉടൻതന്നെ ജോലിയിൽ പ്രവേശിക്കണമെന്നാണറിയിച്ചതു്. ഹാജരാകാൻ കഴിയാഞ്ഞതിനു് ഇന്നും അയാൾ ജോലിയില്ലാതെ കഴിയുകയാണു്. ഇതു് തിരുവനന്തപുരം ജി. പി. തഹസിൽദാരുടെ ആഫീസിൽ നടന്നിട്ടുള്ള ഒരു സംഗതിയാണു്.

൧൯൪൯ ജൂലൈ ഒന്നാംതീയതി തിരുവിതാംകൂർ–കൊച്ചി സംയോജനം നടന്നു. എന്നാൽ ഇതുവരെ സർവ്വീസ്സംയോജനം നടന്നിട്ടില്ല എന്നുള്ളതു് വളരെ ഗൗരവമേറിയ ഒരു സംഗതിയാണു്. അന്നു് ഇൻഡ്യാഗവമ്മെൻറു് ഉദ്യോഗസ്ഥനായ മി. ബുച്ച് ചെയർമാനായി ഇന്നത്തെ ഒരു മന്ത്രികൂടി ഉൾപ്പെട്ട ഒരു കമ്മിററി ഉണ്ടാക്കി സംയോജനം നടത്തി. എന്നാൽ സർവ്വീസുസംയോജനം ഇതുവരെയും നടന്നിട്ടില്ല. ആ കമ്മിററിയിലെ ഒരു ജൻറിൽമാൻസ് എഗ്രിമെൻറിനു വിപരീതമായിട്ടു തിരുവിതാംകൂർ വിഭാഗത്തിലേയും കൊച്ചി വിഭാഗത്തിലേയും ഉയന്ന ഉദ്യോഗങ്ങൾ പലതും സ്ഥിരപ്പെടുത്തിയതായി വളരെ ഏറെ പരാതികൾ ലഭിച്ചിട്ടുണ്ടു്. ഈ സർവ്വീസുസംയോജനം അത്ര എളുപ്പത്തിൽ സാദ്ധ്യമല്ല എന്നുള്ള ഒരു പരാജയമനോഭാവമാണു് ഇന്നു ഗവമ്മെൻറിൽ കാണുന്നതു്. ഈ നാട്ടിലെ എൻ. ജി. ഒ. സംഘടന ഇതുസംബന്ധിച്ചു വളരെ സിമ്പിളായ ഒരു സ്കീം ഗവമ്മെൻറിൻെറ മുമ്പിൽ വച്ചിട്ടുണ്ടെന്നാണു് ഞാൻ മനസ്സിലാക്കുന്നതു്. ഇങ്ങനെ സർവ്വീസുസംയോജനം നടപ്പിൽ വരുത്താത്തതു കൊച്ചി വിഭാഗത്തിലുള്ള സക്കാർ ജീവനക്കാരേയും തിരുവിതാംകൂർ വിഭാഗത്തിലുള്ള എൻ. ജി. ഒ. മാരേയും തമ്മിലടിപ്പിച്ചു ഗവമ്മെൻറിൻെറ ചില കാര്യങ്ങൾ നേടുന്നതിനുള്ള ഒരു പദ്ധതിയായി ഗവമ്മെൻറു് കരുതുന്നു എന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

൧൯൫൦ ഏപ്രിൽ ൧-ാം-മുതൽ ഇവിടെ ഒരു ഫെഡറൽഫിനാൻഷ്യൽ ഇൻറിഗ്രേഷൻ നടപ്പിൽവന്നതുകൊണ്ടു് ഒരു മൂവായിരം ആളുകളെ പ്രവത്തനത്തിനായി മറെറാരുഗവമ്മെൻറുമായി സംയോജനം നടത്തിയിട്ടുണ്ടു്. വളരെഏറെകാലം ഈ ഗവമ്മെൻറിനെ സേവിച്ചിരുന്ന ആളുകൾ ഇന്നു കേന്ദ്രസക്കാരിനെ സേവിച്ചുവരികയാണു്. അവരുടേയും അവകാശം സംരക്ഷിക്കേണ്ടതു് നമ്മുടെ ചുമതലയാണു്. ഈ ഭരണഘടന ൨൯൫ (ബി) സെക്ഷൻ അനുസരിച്ചു അവരുടെ പഴയ സർവ്വീസിനെ പരിഗണിച്ചുള്ളവാകുന്ന ചുമതല കേന്ദ്രത്തിനാണു് എന്നു വിസ്മരിക്കുന്നില്ല. എന്നാൽ ഇന്നു് ഇൻകംടാക്സ്, റേഡിയോ, ടെലഫോൺ മുതലായ ഡിപ്പാർട്ടുമെൻറുകൾ അതിൻെറ റിസോഴ്സസ്സോടുകൂടിത്തന്നെ കേന്ദ്രത്തിൻെറ കീഴിലേക്കു പോയിരിക്കുന്നതുകൊണ്ടും കേന്ദ്രത്തിനു യാതൊരുവിധമായ നഷ്ടമില്ലാത്തതുകൊണ്ടും ഈ ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ അവകാ

[Shri N. Rajagopalan Nair]

ശങ്ങൾ സംരക്ഷിക്കുന്നതിനുള്ള ചുമതലയും അവക്കാണ്. അതുകൊണ്ടു് നമ്മിൽനിന്നും അതു പൂർണ്ണമായി വിട്ടുമാറുന്നു എന്നർത്ഥമില്ല. ഇത്രയും കാര്യങ്ങൾ വിശദമാക്കിക്കൊണ്ടു് ഞാൻ ഈ സഭയുടെ മുമ്പിൽ എന്റെ അമെൻഡ്മെൻറ് മൂവു ചെയ്യുകയാണ്. എല്ലാ അംഗങ്ങളും കക്ഷിഭേദംകൂടാതെ സർക്കാർ ജീവനക്കാരുടെ അവശതകൾ പരിഹരിക്കുന്നകാര്യത്തിൽ സഹകരിക്കുമെന്നുള്ള വിശ്വാസത്തോടും എന്റെ ഭേദഗതി ഐകകണ്ഠ്യേന പാസ്സാക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ടും ഞാൻ ഇതു് അവതരിപ്പിക്കുന്നു.

ശ്രീ. ആർ. സുഗതൻ: പ്രമേയത്തിന്റെ അവസാനത്തിൽ താഴെ ചേർക്കുന്ന ഭാഗങ്ങൾകൂടി ചേർക്കുക.

“നാട്ടിൽ സാർവ്വത്രികമായി പടർന്നുപിടിച്ചിരിക്കുന്ന തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് കാര്യമായ യാതൊരു നടപടിയും ഗവമെന്റു എടുത്തുകാണാത്തതിൽ ഖേദിക്കുന്നു.”

ബഹുമാനപ്പെട്ട അദ്ധ്യക്ഷരെ, സഭാംഗങ്ങളെ, തിരുവിതാംകൂർ–കൊച്ചിയിൽ അടിയന്തിരമായി നേരിട്ടിരിക്കുന്ന എത്രയും ഗൗരവമുള്ളതായ ഒരു പ്രശ്നത്തെപ്പററിയാണ് ഞാനീ സഭയുടെ മുമ്പാകെ സംസാരിക്കുന്നതു്. ഈ നാട്ടിൽ, കയറും അതിൽനിന്നും ഉണ്ടാക്കുന്ന കയററുപായ്, തടുക്ക എന്നിവ നിർമ്മിക്കുന്ന കയർ വ്യവസായ തൊഴിലാളികൾ ഏതാണ്ടു ആറുമാസക്കാലമായി തൊഴിലില്ലായ്മയിലാണ്. ഈ കഴിഞ്ഞ രണ്ടുമാസക്കാലമായിട്ടു പരിപൂർണ്ണമായ തൊഴിലില്ലായ്മയിലും തൽഫലമായി കൊടുംപട്ടിണിയിലുമാണെന്നുള്ള പരമാർത്ഥം ഞാൻ ഇവിടെ പ്രസ്താവിച്ചുകൊള്ളുന്നു. ഈ വ്യവസായത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ അധികവും വടക്കൻ പറവൂർ, ചേർത്തല, ആലപ്പുഴ, അമ്പലപ്പുഴ, കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, ചിറയിൻകീഴ് മുതലായ താലൂക്കുകളിൽ അധിവസിക്കുന്നവരാണ്. ഇതിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ ഉദ്ദേശം ഏഴ ലക്ഷത്തോളവും അവരുടെ സംരക്ഷണത്തിൽ കഴിഞ്ഞുകൂടുന്ന പതിനൊന്നു ലക്ഷം കുടുംബാംഗങ്ങളും ഇന്നു പരിപൂർണ്ണമായി പട്ടിണിയിലാണു കഴിഞ്ഞുകൂടുന്നതെന്നുള്ള വിവരം ഈ സഭയെ ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. ആലപ്പുഴ കയർ ഫാക്ടറികളിൽ പണിചെയ്തിരുന്നതു ഇരുപത്തിമൂവായിരത്തോളം തൊഴിലാളികളായിരുന്നു. അതിൽ ഈ വ്യവസായത്തിൽ തൊഴിലില്ലായ്മ വന്നപ്പോൾ ഏഴായിരമായി. ഇന്നു ആലപ്പുഴ പട്ടണത്തിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നതു കഷ്ടിച്ചു നാലായിരം മാത്രമാണ്. അതുപോലെതന്നെ ചേർത്തലയിൽ കയർ വ്യവസായശാലയിൽ പതിനേഴായിരം പേരാണു ജോലിചെയ്തിരുന്നതു്. അതു ഇന്നു മൂവ്വായിരമായി കുറഞ്ഞു. അവക്കു ഇന്നു കിട്ടുന്ന വേലക്കൂലി ശരാശരി പ്രതിദിവസം രണ്ടണ ആറു പൈസ മാത്രമാണ്. ഇതുമൂലം ആലപ്പുഴ, അമ്പലപ്പുഴ, ചേർത്തല മുതലായ സ്ഥലങ്ങളിൽ ഈ തൊഴിലിൽ ഏർപ്പെട്ടിരുന്നവരും അവരുടെ കുടുംബാംഗങ്ങളും നീറുന്ന പട്ടിണിയിലാണു കഴിഞ്ഞുകൂടുന്നതു്. അവരുടെ കുട്ടികളെല്ലാം പട്ടിണികൊണ്ടു എഴുന്നേൽക്കാൻ ശക്തിയില്ലാതെ ആയിരിക്കുന്നു. തൊഴിലാളികളുടെ വീടുകൾ മേയാതെ കിടക്കുന്നു, കുളങ്ങൾ കുഴിക്കുന്നില്ല. തൊഴിലാളികളുടെ കണ്ണീർ തുടയ്ക്കാൻ തയാറുണ്ടെന്നു ഇവിടെ ചിലർ പറഞ്ഞുകേട്ടു. നിങ്ങൾ ഇന്നു അമ്പലപ്പുഴ–ചേർത്തല താലൂക്കുകളിൽ ചെന്നാൽ തൊഴിലാളികളുടെ കണ്ണീർ

തുടയ്ക്കാൻ കിട്ടുകയില്ല. കരഞ്ഞാൽ കണ്ണീർപോലും വരാത്തനിലയിൽ അവർ പട്ടിണികൊണ്ടു വരണ്ടുകഴിഞ്ഞിരിക്കുന്നു. ഇത്ര ഖേദകരമായ ഒരു വസ്തുതയാണു ഞാൻ ഈ സഭയുടെ മുമ്പിൽ വയ്ക്കുന്നതു്. ഈ നിലയിൽ ഒരു മാസംകൂടി തുടർന്നുകൊണ്ടുപോകുകയാണെങ്കിൽ കയർ വ്യവസായതൊഴിലാളികൾ പട്ടിണിമരണത്തിനു വിധേയരാകുമെന്നു തീർച്ചയാണു്. സാമ്രാജ്യദാസനായിരുന്ന സർ സി. പി. രാമസ്വാമി അയ്യരുടെ മെഷീൻതോക്കിനു മുൻപിൽ വിരിമാറു കാണിച്ചുകൊണ്ടു ഇന്നത്തെ കോൺഗ്രസ്സിനെ അധികാരത്തിൽ കയററിവിട്ട സമരധീരന്മാരായ വയലാർ-പുന്നപ്ര തൊഴിലാളികളുടെ അനന്തരസന്തതികളാണു് ഇന്നു പട്ടിണിയുടെ വായിലേക്കു് എറിയപ്പെട്ടിരിക്കുന്നതു് എന്ന സംഗതി ചിന്താർഹമാകുന്നു. അനേകലക്ഷം ജനങ്ങളെ പട്ടിണിക്കിട്ടു കൊന്നിട്ടു നിങ്ങൾക്കു ഇവിടെ ഭരിക്കാൻ കഴികയില്ലെന്നു ഞാൻ പറയുന്നു. പടർന്നുയരുന്ന പട്ടിണിത്തീയിൽ ഈ ഭരണകൂടംതന്നെ നീറി നിലംപതിക്കുമെന്നു തീർച്ചയാണു്. ഇന്നു ഭരണം നടത്തുന്ന കക്ഷികൾ അന്നു അധികാരത്തിലിരുന്നവരെ അകററണമെന്നു വീറോടെ പറഞ്ഞു. ഇന്നവർ അധികാരത്തിൽ വന്നിട്ടു നാട്ടുകാർക്കു കണ്ണീരും കഷ്ടതയുംതന്നെ. ജനകീയമെന്നു പറയുന്ന ഗവമ്മെൻറിൽനിന്നു നാട്ടുകാർ ഇതല്ല പ്രതീക്ഷിച്ചതു്.

അതുപോലെതന്നെയാണു് കന്നിട്ട ഓയിൽമിൽ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കാര്യവും. അന്നു മുവ്വായിരമായിരുന്ന തൊഴിലാളികളുടെ എണ്ണം ഇന്നു ആയിരത്തി അഞ്ഞൂറോളമായി കുറഞ്ഞു. ഇവരുടെ തൊഴിലില്ലായ്മയും പ്രധാനകാര്യമായി പരിഗണിക്കേണ്ടതാണു്.

അതുപോലെതന്നെ ഒരു പ്രധാന കുടിൽവ്യവസായമായ കൈത്തറി നെയ്ത്തു തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളും ഇന്നു പട്ടിണിയിലാണു്. നൂൽ കിട്ടാതെ ഇന്നു ൭൫ ശതമാനത്തിലധികം തൊഴിലാളികൾ ക്ലേശിക്കുന്നു. മിൽത്തുണികളോടു മാക്കററിൽ മത്സരിക്കാൻ കഴിയാത്തതുകൊണ്ടു തുണി മാക്കററിൽ കൊണ്ടുപോയാൽ വില കുറവായിട്ടാണു് കിട്ടുന്നതു്. ഇന്നു ആവശ്യത്തിനു നൂൽ കിട്ടുന്നില്ലെന്നുള്ളതു അടിയന്തിരപ്രാധാന്യമുള്ളതായ ഒരു സംഗതിയാണു്. ഇങ്ങനെ അനേകം തൊഴിലാളികൾ കടവും പട്ടിണിയുമായി കഴിയുന്നു. അതുകൊണ്ടു എനിക്കു എൻെറ സ്നേഹിതന്മാരോടും ഗവമ്മെൻറിനോടും ചോദിക്കുവാനുള്ളതു ഇനിയും ഇങ്ങനെ നിങ്ങൾക്കു ഇതെല്ലാം കണ്ടില്ലെന്നുവച്ചു് അധികാരത്തിൽ ഇരിക്കുവാൻ സാധിക്കുമോ എന്നാണു്.

ഞങ്ങൾക്കു ആഹാരം വേണം, വസ്ത്രംവേണം, തൊഴിൽ വേണം, കേറിക്കിടക്കുന്നതിനു സ്ഥലം വേണം. ഈ നാട്ടിൽ സ്വാതന്ത്ര്യമായി ജീവിക്കുവാനുള്ള അവകാശം ഞങ്ങൾക്കും ഉണ്ടു്. പണിയെടുക്കാൻ കഴിയുന്നവനു്, അദ്ധ്വാനിക്കാൻ ശേഷിയുള്ളവനു് അതിനുള്ള സാഹചര്യം കിട്ടുന്നില്ലായെങ്കിൽ ഞങ്ങൾ ചോദിക്കുന്നു എങ്ങനെ ജീവിക്കണമെന്നു്? ഇന്നു കയർ തൊഴിലാളിവർഗ്ഗത്തിലേയും തൊണ്ടുതൊഴിലാളിവർഗ്ഗത്തിലേയും കുടുംബാംഗങ്ങൾ ജയിലിൽ ആണു്. അവരുടെ പേരിലുള്ള കേസുകൾ ഗവമ്മെൻറു പിൻവലിക്കുന്നില്ല. പാമ്പു കടിച്ചവൻെറ തലയിൽ ഇടിത്തീ വീണപോലെയുള്ള ഒരു നിലയാണു് ഇന്നുള്ളതു്. മാത്രമല്ല അമ്പലപ്പുഴ ചേർത്തല തുടങ്ങിയ സ്ഥലങ്ങളിലെ ഈ തരം വ്യവസായങ്ങളിൽ ഏർപ്പെ

[Shri R. Sugathan]

ട്ടിരിക്കുന്ന നാടൻ വ്യവസായികൾ എല്ലാംതന്നെ വളരെ പരുങ്ങലിലാണ്. വ്യവസായം നടക്കുന്നില്ല, നടത്തിക്കൊണ്ടിരുന്ന വ്യവസായത്തിന് ശരിയായ മാർക്കററം കിട്ടുന്നില്ല. തന്നിമിത്തം തൊഴിലാളികൾ പട്ടിണിയുടേയും കഷ്ടപ്പാടിന്റേയും ഇടയിൽകിടന്നു മരിക്കുകയാണെന്നു തന്നെ പറയാം. ഈ രാജ്യത്തിലെ പൊതുജനങ്ങൾ, ഈ തൊഴിലാളികളെ ആശ്വസിപ്പിക്കുന്നതിനുവേണ്ടി, അവരെ ഉയർത്തുവാൻവേണ്ടി മുമ്പോട്ടു വരേണ്ടതാണ്. കയർ വ്യവസായത്തിന്റെ ഇന്നത്തെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനുവേണ്ടി നാമെല്ലാവരും ഒത്തൊരുമിച്ചു ശ്രമിക്കേണ്ടതാണെന്നുള്ളതു് ഞാനിവിടെ അനുസ്മരിപ്പിച്ചുകൊള്ളുന്നു. മുഖ്യമായി ചെയ്യേണ്ടതു ഒരുകാര്യമാണ്. എല്ലാ വിദേശരാജ്യങ്ങളിലും നമ്മുടെ കയർവ്യവസായം പ്രചരിപ്പിച്ചു സ്വാതന്ത്ര്യമായി അവിടങ്ങളിൽ വ്യവസായം നടത്താനുള്ള അവകാശം നമുക്കു കിട്ടേണ്ടതാണെന്നു കേന്ദ്രഗവമെന്റിനോടു ശക്തിയായ ഭാഷയിൽ ആവശ്യപ്പെടേണ്ടതാണ്. രണ്ടാമത്തായി, ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾക്കു ധനസഹായവും മററും ചെയ്തു വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തുന്ന കാര്യത്തിൽ പ്രത്യേകം ശ്രദ്ധിക്കണം. മൂന്നാമത്തായി, കയറിന്റെ കയററുമതി നിശ്ചിതതോതിൽ നിയന്ത്രിക്കണം. ഒരു ക്ലിപ്തമായ ശതമാനം മാത്രമേ ഇറക്കുമതിയിൽ അനുവദിച്ചുകൊടുക്കാവൂ. എനിക്കു അധികം സമയമില്ല. ഞാൻ അവതരിപ്പിച്ചിരിക്കുന്നതു് ഒരടിയന്തിരപ്രമേയമാണ്. ഈ അടിയന്തിരപ്രമേയത്തിന്റെ പേരിൽ ചിരിക്കാനും കളിക്കാനും ഉള്ള സമയമല്ല ഇതു്. മററനവധി കാര്യങ്ങൾ ഈ പ്രമേയത്തെപ്പററി എനിക്കു പറയാനുണ്ടെങ്കിലും സമയം അനുവദിക്കാത്തതുനിമിത്തം മറെറാരു സമയത്തേക്കു മാററാമെന്നുദ്ദേശിക്കുന്നു. ഈ അടിയന്തിരപ്രമേയംകൊണ്ടു ഞാനുദ്ദേശിക്കുന്നതു കയർതൊഴിലാളികളുടെ മാത്രമല്ല, തൊണ്ടുതൊഴിലാളികൾ, നെയ്ത്തുതൊഴിലാളികൾ ഇവക്കുംപുറമെ മറെറല്ലാ വിധത്തിലുമുള്ള തൊഴിലാളികളുടേയും ജീവിതത്തോതുയർത്താനും തൊഴിലില്ലായ്മ പരിഹരിക്കാനും കാംക്ഷിക്കുന്ന അല്ലെങ്കിൽ ഉൾക്കൊള്ളുന്ന ഒരു അടിയന്തിരപ്രമേയമാണ് ഇതെന്നുംകൂടി ഈ സഭയെ അനുസ്മരിപ്പിച്ചുകൊണ്ടു ഈ ഭേദഗതി പാസാക്കണമെന്നപേക്ഷിക്കുന്നു.

തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി ഞാൻ സമർപ്പിക്കുന്നു:

(എ) കയർ വ്യവസായത്തിനു വിദേശങ്ങളിൽ ഒരു ട്രയിഡ് കമ്മീഷനെ നിയമിക്കണം.

(ബി) ആഫ്രിക്ക, അർജൻറീനിയ, കിഴക്കൻ യൂറോപ്യൻ രാജ്യങ്ങൾ എന്നിവിടങ്ങളിൽ സ്വതന്ത്രകച്ചവടം അനുവദിക്കണം.

(സി) കയർ വ്യവസായികൾക്കു വ്യാവസായികലോൺ അനുവദിക്കണം.

(ഡി) കയറിന്റേയും തൊണ്ടിന്റേയും വില ആനുപാതികമായി നിയന്ത്രിക്കണം.

(ഇ) കയർ വ്യവസായ തകർച്ചമൂലം തൊഴിലില്ലാതായവർക്കുവേണ്ടി റിലീഫ് വേലകൾ സംഘടിപ്പിക്കണം.

(എഫ്) ചേർത്തല-ആലപ്പുഴ തോടുവെട്ടുപണി തുടങ്ങണം.

(൭) അരൂർ—ഇടക്കൊച്ചി പാലംപണി തുടങ്ങണം.

(൮) എറണാകുളം—കൊല്ലം റെയിൽവേ തീരദേശത്തുകൂടി നീട്ടുവാൻ ഉള്ള പണി ആരംഭിക്കണം.

(൯) കയർസാധനങ്ങൾക്ക ഇൻഡ്യയിൽതന്നെ മാർക്കററുകൾ കണ്ടുപിടിക്കണം.

(൧൦) ലോഹമണൽ, ഉപ്പ് മുതലായവ കയററിക്കൊണ്ടുപോകാൻ കയർ ചാക്കുകൾ നിർമ്മിക്കണം.

(൧൧) തീരെ പട്ടിണിയിലാണ്ടുപോയ കയർതൊഴിലാളി കുടുംബാംഗങ്ങൾക്ക സൗജന്യറേഷൻ കൊടുക്കാൻ ഗവമ്മെൻറ തയാറാകണം.

(൧൨) വിദേശമൂലധനത്തിൻെറ പിടിയിൽനിന്നു ഈ വ്യവസായത്തെ മോചിപ്പിക്കാൻ കേന്ദ്രവുമായി വേണ്ടതെല്ലാം ചെയ്യണം.

(൧൩) വ്യവസായ ഉടമകൾ തമ്മിലുള്ള മാർക്കററ മത്സരത്തെ തടയാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കണം.

(൧൪) എല്ലാ പരിരക്ഷണനടപടികളും തൊഴിലില്ലായ്മ പരിഹരിക്കാൻ അടിയന്തിരമായി സ്വീകരിക്കണം.

ശ്രീ. എം. എൻ. ഗോവിന്ദൻനായർ: എൻെറ ഭേദഗതി ഇവിടെ വായിക്കാം.

Add at the end, the words :—

"but this House regrets that this Government due to their subservience to Feudal-Imperialist interests have betrayed the freedom of the people of the State and allowed this State to be reduced to the status of a 'B' State which is a challenge to the high political consciousness, cultural and educational developments, and above all to the democratic traditions of the great and valiant people of this State. Also regrets that in spite of the country-wide protests raised by the people at the rumoured appointment of a Counsellor to this State by the State Department which is a negation of the fundamentals of a democratic Government, this Government have been following a policy of studied silence on the matter."

സർ, ഇന്നു ഈ രാജ്യത്തുള്ള മിക്ക ആളുകളെയും വളരെയധികം അലട്ടികൊണ്ടിരിക്കുന്ന ഒരു പ്രശ്നത്തെപ്പററിയുള്ള ഒരു ഭേദഗതിയാണു ഞാനിവിടെ അവതരിപ്പിച്ചിരിക്കുന്നതു. ഈ രാജ്യത്തിനു ഉതകുന്ന വിധത്തിലുള്ള ഒരു ഭരണഘടന നിർമ്മിക്കുന്നതിനുവേണ്ടിയായിരുന്നു കഴിഞ്ഞകാലത്തു നടന്ന തെരഞ്ഞെടുപ്പുകൊണ്ടും അസംബ്ളികൊണ്ടും ഉദ്ദേശിക്കപ്പെട്ടിരുന്നതു. ഭരണപരമായ കാര്യങ്ങളിൽകൂടി നിയമസഭ കൈകാര്യം ചെയ്യണമെന്നുള്ളതായിരുന്നു രാജപ്രമുഖൻെറയും അഭിലാഷം. അങ്ങനെ രാജ്യനന്മക്ക ഉതകുന്ന ഒരു ഭരണഘടനകൂടി നിർമ്മിക്കുന്നതിനുവേണ്ടി തെരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ അടങ്ങിയ അസംബ്ളിയിൽ ആ കാര്യത്തെപ്പററി ഒന്നും ചെയ്തില്ലായെന്നു മാത്രമല്ല ഈ രാജ്യത്തെ ഒരു 'ബി' സ്റ്റേററായി അധഃപതിപ്പിക്കുകയും ആണു ചെയ്തതു. ഈ അധഃപതനത്തോടുകൂടി പലവിധത്തിലുള്ള കുഴപ്പങ്ങളുമാണു ഉണ്ടായിക്കൊണ്ടിരിക്കുന്നതു. ഉദാഹരണമായി പറയുകയാണെങ്കിൽ രാജ്യത്തിലെ പ്രധാനപ്പെട്ട ഉദ്യോഗസ്ഥനെ അതായതു ചീഫ് സെക്രട്ടറിയെ കേന്ദ്രഗവമ്മെൻറിൽനിന്നും നേരിട്ടാണു നിയമിക്കുന്നതു. ഇനിയും ഈ രാജ്യം ഒരു 'ബി' സ്റ്റേററായിരിക്കുന്നിടത്തോളംകാലം വലിയ ഉദ്യോഗങ്ങളിൽ പലതും കേന്ദ്രഗവമ്മെൻറുതന്നെ നിയമിക്കുന്നതായിരിക്കും. ഈ അധഃപതനം രാജ്യത്തെ

[Shri M. N. Govindan Nair]

സംബന്ധിച്ചിടത്തോളം ഉണ്ടാക്കിവച്ചത് നാട്ടുകാരല്ല, ൧൯൩൯ മുതൽ ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളിലും ഉണ്ടായിക്കൊണ്ടിരുന്ന ജനകീയപ്രക്ഷോഭണത്തിനു മുന്നിൽ നിൽക്കാൻ നിവർത്തിയില്ലാതെ നാടുവാഴികൾ കുഴങ്ങുകയായിരുന്നു. നാടുവാഴികളുടെ രക്ഷക്കുവേണ്ടി ഒരു പദ്ധതി ഇർവിൻപ്രഭുവിന്റെ കാലത്തുതന്നെ രൂപീകരിച്ചിട്ടുണ്ടായിരുന്നു. പ്രക്ഷോഭണം നാട്ടുരാജ്യങ്ങളിൽ പുരോഗമിച്ചുവന്നപ്പോൾ ഈ പ്രശ്നം പാർലിമെന്റിൽ ഉന്നയിക്കപ്പെട്ടു. എന്നാൽ അതിന്റെ ഫലമായി നമ്മുടെ രാജ്യത്തെ 'ബി' സ്റ്റേറ്റായി തരം താഴ്ത്തുകയും പ്രസിഡണ്ടിനു രാജ്യത്തെ സംബന്ധിച്ചിടത്തോളം ആഭ്യന്തരമായ ഭരണകാര്യങ്ങളിൽ കൈകടത്താനുള്ള അവകാശം സിദ്ധിക്കുകയും ചെയ്തു. നമ്മുടെ രാജ്യം കേന്ദ്രഗവമെന്റിനു കീഴ്പ്പെട്ട് ഒരു കോളനിയായി വഴങ്ങിക്കൊടുത്തുവരുന്നു. ഇപ്പോൾ ഇവിടെ പുതിയ ഒരു കൗൺസലറെക്കൂടി ഇൻഡ്യാഗവമെന്റു നിയമിച്ചിരിക്കുന്നു. ഈ നിയമനത്തിൽ രാജ്യവാസികൾ ആകമാനം പ്രതിഷേധം രേഖപ്പെടുത്തേണ്ടതാണ്. ഈ രാജ്യത്തെ ഒരു ബി. സ്റ്റേറ്റാക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചത് ഇവിടത്തെ രാജപ്രമുഖനാണ്. ആ കാരണത്താൽ ആണ്ടിൽ ൧൮ ലക്ഷം രൂപ പൊതുഖജനാവിൽനിന്നും രാജപ്രമുഖനും അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾക്കും കൊടുക്കുന്നതിനു ഇൻഡ്യാഗവമെന്റ് അനുവദിക്കുകയും ചെയ്തു. മാത്രമല്ല ൩൭൧-ാം വകുപ്പനുസരിച്ച് ൧൦ കൊല്ലത്തേക്ക് ഈ രാജ്യത്തിനെ സംബന്ധിച്ചിടത്തോളമുള്ള ആഭ്യന്തരകാര്യങ്ങളിൽ പ്രസിഡണ്ടിനു ഇടപെടാനുള്ള അവകാശവുമുണ്ട്. ഈ രീതിയിലുള്ള ഒരു ഭരണപരിഷ്കാരം നടപ്പിലാക്കുന്നതിനുവേണ്ടിയല്ലാ കഴിഞ്ഞ തെരഞ്ഞെടുപ്പു നടത്തിയിട്ടുള്ളത്. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ ഒത്തൊരുമിച്ച് പ്രവർത്തിച്ചിരുന്നുവെങ്കിൽ ഇങ്ങനെ ഒരു അധഃപതനം ഉണ്ടാകയില്ലെന്നുമാത്രമല്ലാ പല നന്മയും രാജ്യത്തിനുവേണ്ടി ചെയ്യാനും കഴിയുമായിരുന്നു. കേന്ദ്രഗവർമെന്റും ഈ രാജ്യവും തമ്മിൽ ഉണ്ടായിട്ടുള്ള ഒരു സംയോജനം അല്ലെങ്കിൽ വ്യവസ്ഥയനുസരിച്ച്, സാമ്പത്തികമായി രാജ്യത്തിനു ബലഹീനതയാണുണ്ടായിട്ടുള്ളത്. ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം ഇൻകംടാക്സ്, കസ്റ്റംസ് മുതലായവ ഒട്ടും അപ്രധാനമല്ലാത്ത വരവിനങ്ങളാണ്. ഇവ രണ്ടും ഇൻഡ്യാഗവർമെന്റ് കയ്യേറ്റം ചെയ്തതോടുകൂടി രാജ്യത്തിന്റെ സാമ്പത്തികഭദ്രതക്ക് സാരമായ ഇടിവു തട്ടിയിരിക്കയാണ്.

ശ്രീ. ആർ. കേശവപിള്ള: എല്ലാം ബി സ്റ്റേറ്റുകളിലേയും ഇൻകംടാക്സ്, കസ്റ്റംസ്, മുതലായവ ഇൻഡ്യാഗവർമെന്റാണ് എടുക്കുന്നതെന്നറിയാമോ?

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: അറിയാം. എങ്കിലും സാമ്പത്തികമായി നോക്കുന്നപക്ഷം ആ രാജ്യങ്ങളേക്കാൾ കൂടുതൽ ബലഹീനതയാണ് ഈ രാജ്യത്തിനു സംഭവിച്ചിരിക്കുന്നതെന്നു കാണുവാൻ കഴിയും. നമ്മുടെ സംസ്ഥാനം നിലനിൽക്കുന്നത് മിക്കവാറും ഈ രണ്ടു ഇനങ്ങളിലുംനിന്നുള്ള വരവുകൊണ്ടാണ്. ഈ രണ്ടിനങ്ങളിലൂള്ള ആദായങ്ങളേയും അവർ എടുത്തുകൊണ്ടു് സബ്സിഡിയായി ഒരു ചെറിയ തുകമാത്രം തരുന്നു. എന്നാൽ മൈസൂരിലാകട്ടെ, ൩൭൧-ാം വകുപ്പു അവിടെ പ്രയോഗിക്കാൻ തുടങ്ങിയപ്പോൾ അസംബ്ലി മെമ്പറന്മാരും പൊതുജനങ്ങളുംകൂടി

പ്രക്ഷോഭണം ഉണ്ടാക്കാൻ തുടങ്ങി. അതിന്റെ ഫലമായി മൈസൂരിനെ ആ വകുപ്പിൽനിന്നും ഒഴിച്ചുവിട്ടു.

ശ്രീ. ആർ. കേശവപിള്ള : തിരുവിതാംകൂർ-കൊച്ചിയെ ൩൭൧-ാം വകുപ്പിൽനിന്നും ഒഴിവാക്കാൻ പോകുന്നുവെന്ന് പത്രങ്ങളിലും മററും പ്രസ്താവനയുണ്ടായിരുന്നത് മെമ്പറിന്റെ ശ്രദ്ധയിൽ പെട്ടിട്ടില്ലേ?

ശ്രീ. എം. എൻ. ഗോവിന്ദൻനായർ : പത്രങ്ങളിൽ പല പ്രസ്താവനകളും കാണും. അവയെയൊക്കെ വിശ്വസിക്കാൻ ഞാൻ തയാറില്ല. ഈ രാജ്യത്തെ ൩൭൧-ാം വകുപ്പിൽനിന്നും ഒഴിച്ചുവിടാത്തതുകൊണ്ട് കേന്ദ്രത്തിൽനിന്നും ഒരു കൗൺസലറെ മന്ത്രിമാരുടെ തലക്കുമുകളിൽ നിയമിക്കാൻ ഇടയായി. ഇനിമേൽ ഭരണം നടത്തുന്നതു് കൗൺസലർ മുഖേനയായിരിക്കും. മാത്രമല്ല, മന്ത്രിമാർക്കും കൗൺസലർക്കും തമ്മിൽ അഭിപ്രായവ്യത്യാസമുണ്ടായാൽ കേന്ദ്രഗവർമ്മെൻറുതന്നെ രാജ്യത്തെ ഭരണം നേരിട്ടു നടത്തുന്നതും ആയിരിക്കും. ഈ രീതിയിൽ സംസ്ഥാനത്തെ അധഃപതിപ്പിക്കുന്ന ഒരു വ്യവസ്ഥിതിയിലാണ് എത്തിച്ചേർന്നിരിക്കുന്നതു്. ആയതിനാൽ എന്റെ ഭേദഗതി ഏററവും പ്രാധാന്യമർഹിക്കുന്ന ഒന്നാണെന്നും ഈ സഭയിലുള്ള എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും ഭേദഗതിയോടു് അനുകൂലിക്കണമെന്നും ഞാനപേക്ഷിക്കുന്നു.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഈ സഭയുടെ ആലോചനയിൽ ഇരിക്കുന്ന പ്രമേയത്തിനു ഞാൻ ഈ ഭേദഗതി അവതരിപ്പിച്ചുകൊള്ളുന്നു.

"Add at the end of the words 'to this Assembly' the following: 'but regret that no mention is made about the revealing crisis caused by a general fall in the prices of our exports, namely coir goods, cocoanut oil, pepper and other hill produce, affecting our trade, with its impact on industrial peace in the State bringing unemployment and lowering the wages of workers'."

സർ, ഈ സഭയുടെ മുമ്പാകെ ചർച്ചയ്ക്കു വച്ചിരിക്കുന്ന രാജപ്രമുഖന്റെ പ്രസംഗത്തിൽ ഈ രാജ്യത്തെ ഇന്നത്തെ പല പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കും യാതൊരു പരിഹാരമാർഗ്ഗവും നിർദ്ദേശിക്കുന്നില്ലെന്നു മാത്രമല്ല ഒരു ഭരണാധിപനു ഉണ്ടായിരിക്കേണ്ട രാഷ്ട്രീയ തന്ത്രജ്ഞതയോ ഒരു ഭരണാധിപൻ എന്ന നിലയിൽ ഈ രാജ്യത്തെ അടിയന്തിര പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ട ഒരു നിർദ്ദേശമോ അതിൽ അടങ്ങിയിട്ടില്ല. അദ്ദേഹം ഈ രാജ്യത്തെ ഏററവും പ്രധാനപ്പെട്ട ആഹാരപ്രശ്നത്തെ സംബന്ധിച്ചിടത്തോളം ഈ നാട്ടിലെ ജനങ്ങൾക്കു അടിയന്തിരാശ്വാസം നൽകത്തക്കവണ്ണം യാതൊരു പരിഹാരനിർദ്ദേശവും നൽകിയിട്ടില്ല. ഭക്ഷ്യപ്രശ്നത്തെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ദീർഘമായി പറഞ്ഞിട്ടുണ്ടെങ്കിലും ഈ രാജ്യത്തെ ഭക്ഷ്യക്ഷാമം പരിഹരിക്കുന്നതിനു കേന്ദ്രത്തിന്റെ ആദരവും ചില പദ്ധതികളുടെ പൂർത്തീകരണവുമാണ് അദ്ദേഹം നിർദ്ദേശിച്ചതു്. ഈ രാജ്യത്തെ ഭക്ഷ്യപ്രശ്നം പരിഹരിക്കണമെങ്കിൽ തീർച്ചയായും ഇന്നത്തെ ഭൂവുടമയിൽ മൌലികമായ മാററം വരുത്താതെ സാദ്ധ്യമല്ല. എന്നാൽ ലാൻറ് പോളിസി കമ്മിററിയുടെ റിപ്പോർട്ടിന്റെ പേരിൽ ഈ രാജ്യത്തെ ഭൂനയത്തെ സംബന്ധിച്ചിടത്തോളം യാതൊരു വ്യക്തമായ തീരുമാനവും എടുക്കാതെ ഈ കോൺഗ്രസ്സ് ഗവമ്മെണ്ടു് കഴിഞ്ഞ നാലുകൊല്ലമായി അധികാരത്തിൽ ഇരിക്കുകയാണ്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജനങ്ങളെ അഭിമുഖീക

[Shri T. K. Divakaran]

രിച്ചു അവസരത്തിൽതന്നെ ഇവിടത്തെ ഭൂനയത്തിൽ മൌലീകമായ മാററം വരുത്തുന്നതാണെന്ന് പ്രകടനപത്രിക മൂലം ജനങ്ങളോട് ഇവിടത്തെ കോൺഗ്രസ് പറഞ്ഞിട്ടുണ്ട്. എന്നാൽ കാര്യമായ യാതൊരു പരിപാടിയും അതിനെസംബന്ധിച്ച് രാജപ്രമുഖൻെറ പ്രസംഗത്തിൽ വ്യക്തമാക്കുകയുണ്ടായിട്ടില്ല. മറെറാന്ന പറയുവാനുള്ളത് ഈ രാജ്യത്തെ ഹൈഡ്രോ ഇലക്ട്രിക് പദ്ധതിയെപ്പററിയാണ്. ഈ പദ്ധതിയെപ്പററിയുള്ള ശബ്ദം വളരെ അധികം കേൾക്കുന്നുണ്ട്. പക്ഷെ അനുഭവത്തിൽ ഇന്നു കിട്ടിക്കൊണ്ടിരിക്കുന്ന വിദ്യുച്ഛക്തിതന്നെ നിഷേധിച്ചുകൊണ്ടിരിക്കുന്ന ചുററുപാടുകളിലാണ് നാം എത്തിച്ചേർന്നിരിക്കുന്നത്.

മറെറാന്നു പറയുവാനുള്ളത് ഈ രാജ്യത്തെ വ്യാവസായിക പുരോഗതിയെപ്പററിയാണ്. അതിനെപ്പററി രാജപ്രമുഖൻെറ പ്രസംഗത്തിൽ പരാമർശിക്കുന്നുണ്ട്. ഇന്നു ഏറക്കുറെ എല്ലാ രാഷ്ട്രങ്ങളും അംഗീകരിച്ചിട്ടുള്ള നയം രാജ്യത്തെ ഏതാനും കുറെ ആളുകളുടെ കൈയ്യിൽ ഉല്പാദന സംപ്രദായം ഇരിക്കുന്നിടത്തോളം കാലം ജനങ്ങളുടെ പരമമായ ആവശ്യങ്ങൾ പരിഹരിക്കുന്നതിനു സാദ്ധ്യമാകയില്ല എന്നുള്ളതാണ്. അതിനാൽ ഇന്നു എല്ലാ പരിഷ്കൃത ഗവമ്മെണ്ടുകളും വ്യാവസായിക രംഗത്തു ദേശീകരണം വരുത്തിക്കൊണ്ടിരിക്കുകയാണ്. എന്നാൽ രാജപ്രമുഖൻെറ പ്രസംഗത്തിൽ വ്യാവസായിക രംഗത്തേക്കു സ്വകാര്യ മൂലധനത്തെ ക്ഷണിക്കുകയും സ്വകാര്യ മൂലധന ഉടമകളുടെ വിഷമങ്ങളെപ്പററി പ്രസ്താവിക്കുകയും അവക്കുവേണ്ടി സംസാരിക്കുകയുമാണ് ചെയ്തിരിക്കുന്നത്. സ്വകാര്യമൂലധന ഉടമകൾ ജനങ്ങളുടെ ആവശ്യത്തിനു വേണ്ടിയായിരിക്കയില്ല ഉല്പാദനം നടത്തുന്നതെന്നും അവരുടെ ഉദ്ദേശം ലാഭത്തിൻെറ അടിസ്ഥാനത്തിലായിരിക്കുമെന്നും ബോദ്ധ്യപ്പെട്ടതിൻെറ ഫലമായിട്ടാണ് വ്യാവസായിക ദേശീകരണം ഇന്നു എല്ലാ പരിഷ്കൃത ഗവമ്മെണ്ടുകളും നടപ്പിൽവരുത്തുന്നത്. എന്നാൽ സ്വകാര്യഉടമകളെ പ്രോത്സാഹിപ്പിച്ച് വ്യാവസായികരംഗത്തേക്കു ക്ഷണിക്കുന്ന ഒരു നയമാണ് രാജപ്രമുഖൻെറ പ്രസംഗത്തിൽ കാണുന്നത്. അടുത്തതായി അദ്ദേഹം പറഞ്ഞിട്ടുള്ളത് ഈ രാജ്യത്തെ കുടിൽ വ്യവസായത്തെപ്പററിയാണ്. കയറിനെസംബന്ധിച്ചിടത്തോളം ഇവിടെ പറഞ്ഞുകഴിഞ്ഞു. അതോടൊപ്പംതന്നെ തിരുവിതാംകൂർ–കൊച്ചിയെ സംബന്ധിച്ചിടത്തോളം വളരെ പ്രാധാന്യം അർഹിക്കുന്നത് കൈത്തറി നെയ്ത്തു വ്യവസായമാണ്. ഈ രാജ്യത്തെ അനേകായിരം ജനങ്ങളെ ബാധിക്കുന്ന കൈത്തറി നെയ്ത്തു വ്യവസായത്തെപ്പററി, പട്ടിണിയിലും തൊഴിലില്ലായ്മയിലും കിടന്നു നരകിക്കുന്ന കൈത്തറി നെയ്ത്തു വ്യവസായ തൊഴിലാളികളെപ്പററി, യാതൊരു അക്ഷരവും അദ്ദേഹത്തിൻെറ പ്രസംഗത്തിൽ കാണുന്നില്ല.

അടുത്തതായി അദ്ദേഹത്തിൻെറ പ്രസംഗത്തിൽ തൊഴിലാളി നയത്തെപ്പററിയാണ് പ്രസ്താവിക്കുന്നത്. ഈ നാട്ടിലെ തൊഴിലാളി സംഘടനകളാലും ഈ നാട്ടിലെ കോൺഗ്രസിൻേറതായ ഐ. എൻ. ടി. യു. സി. യാലും വെറുക്കപ്പെട്ടിരിക്കുന്ന ഇൻഡസ്ട്രിയൽ ട്രൈബ്യൂണൽ വഴി ഈ രാജ്യത്തെ തൊഴിലാളികളുടെ കാര്യം പരിരക്ഷിക്കുവാൻ കഴിയുമെന്നാണ് അദ്ദേഹം പറയുന്നത്. ഇവിടത്തെ തൊഴിലാളികളുടെ

വെറുപ്പിനു കാരണമായിത്തീർന്നിട്ടുള്ള ഇൻഡസ്ട്രിയൽ ട്രൈബ്യൂണലാണു് തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി രാജപ്രമുഖൻ കണ്ടുപിടിച്ചിട്ടുള്ളതു്.

ഈ രാജ്യത്തെ അനേകായിരം തൊഴിലാളികളുടെ കാര്യങ്ങളിൽ ഇടപെടേണ്ട ഇവിടത്തെ ലേബർ ഡിപ്പാർട്ടുമെണ്ടു് ഒരു മേജർ ഡിപ്പാർട്ടുമെണ്ടായി പരിഗണിച്ചിട്ടില്ല. എന്നുതന്നെയല്ല രാജ്യത്തെ അനേകായിരം തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി നിയമിക്കപ്പെട്ടിരിക്കുന്ന ആ ഡിപ്പാർട്ടുമെണ്ടിലെ ഉദ്യോഗസ്ഥന്മാരെ ഇന്നും ടെമ്പററിയായിട്ടാണു് നിലനിറുത്തിപ്പോരുന്നതു്. ഉദ്യോഗസ്ഥവൃന്ദത്തിന്റെ അസംതൃപ്തി ഇവിടെ രൂപംപ്രാപിച്ചുകൊണ്ടിരിക്കുന്നു. അങ്ങിനെ വ്യക്തമായ ഒരു തൊഴിലാളി നയം രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ല. ഇന്നു് തൊഴിൽ രംഗത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന തൊഴിലാളി മുതലാളി തർക്കത്തിൽ പോലീസു് ഇടപെടുന്നതിനെപ്പററി യാതൊന്നും രാജപ്രമുഖന്റെ പ്രസംഗത്തിൽ ഇല്ല.

മറെറാന്നുള്ളതു് ഈ രാജ്യത്തെ സംബന്ധിച്ചിടത്തോളം സർവ്വീസ് സംയോജനം വളരെ പ്രാധാന്യം അർഹിക്കുന്നഒന്നാണു്. ഈ രാജ്യത്തെ ഉദ്യോഗസ്ഥവൃന്ദത്തിൽ അസംതൃപ്തി പടർന്നുപിടിച്ചിട്ടുള്ള ഒരു പ്രശ്നത്തെ സംബന്ധിടത്തോളം അർത്ഥഗർഭമായ മൌനമാണു് രാജപ്രമുഖന്റെ പ്രസംഗത്തിൽ കാണുന്നതു്.

മറെറാരുകാര്യം കൌൺസെലർ നിയമനമാണു്. ഈ കൌൺസെലർ നിയമനം പത്രവാർത്തകൾക്കു അപ്പുറം നാട്ടുരാജ്യ വകുപ്പു മന്ത്രിയുടെ പ്രസ്താവനവഴി ഈ രാജ്യത്തെ ബഹുജനങ്ങളുടെ ദൃഷ്ടിയിൽപെട്ടിട്ടുണ്ടു്. എല്ലാ പാർട്ട് 'ബി' സ്റ്റേററിലേക്കും കൌൺസെലർമാരെ നിയമിക്കുമെന്നു പ്രസ്താവനയുണ്ടായിട്ടുമുണ്ടു്. അതിനെസംബന്ധിച്ചു് ഇവിടത്തെ മന്ത്രിസഭ എന്തൊക്കെയോ നിവേദനങ്ങൾ ഇൻഡ്യാഗവമ്മെണ്ടിന്റെ അടുത്തു സമപ്പിക്കുവാൻ പോകുന്നു എന്നു് പത്രങ്ങളിൽ കാണുന്നുണ്ടു്. മുൻ മന്ത്രിമാർ അതിനെസംബന്ധിച്ചു് പ്രതിഷേധ യോഗങ്ങൾ കൂട്ടുന്നുണ്ടു്. അങ്ങിനെ വളരെ പ്രാധാന്യമർഹിക്കുന്ന ആ കാര്യത്തെപ്പററിയും ഒന്നും അദ്ദേഹം പറഞ്ഞിട്ടില്ല. അതിനേക്കാൾ ഉപരിയായി മറെറാരു കാര്യമുള്ളതു് അദ്ദേഹത്തിന്റെ ഭരണപരമായ കാര്യങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനു വിവിധ കക്ഷികളുള്ള ഈ നിയമസഭയുടെ സൌമനസ്യവും സഹകരണവും ലഭിക്കുന്നതിനുള്ള രാഷ്ട്രീയ തന്ത്രജ്ഞതപോലും അദ്ദേഹത്തിന്റെ പ്രസംഗത്തിൽ കാണുന്നില്ല എന്നുള്ളതാണു്. ഈ അടിസ്ഥാനത്തിൽ എന്റെ ഈ ഭേദഗതിയെ എല്ലാവരും സ്വീകരിക്കണമെന്നു് അഭ്യർത്ഥിച്ചുകൊണ്ടു് എന്റെ പ്രസംഗം അവസാനിപ്പിച്ചുകൊള്ളുന്നു.

Mr. Speaker: Amendment No. 10 by Shri Chidambaranatha Nadar is ruled out of order on the same ground as Amendment No. 2 was ruled out.

3 p.m.

ശ്രീ. ടി. വി. തോമസ്സ്: സർ, ഞാൻ ഈ സഭയുടെ മുമ്പിൽ അവതരിപ്പിക്കുന്ന ഭേദഗതി പ്രമേയം ഇതാണു്:

Add at the end, the following:

"but regret that the Government, due to their subservience to the feudal landlord interest, have totally neglected the urgent question of land reforms,

[Shri T. V. Thomas]

that their food policy has resulted in widespread scarcity and high price for food stuff of the people, that they have failed to protect the Trade Union rights and to improve the living standards of the working classes who are facing mass unemployment, that they have taken no steps to raise the status and to advance the interests of this State, that they have neglected the interests of their own civil servants and that they have grossly mismanaged the affairs of the State."

ഈ ഭേദഗതി പ്രമേയത്തിൽ പരാമർശിച്ചിരിക്കുന്ന പല പ്രശ്നങ്ങളെപ്പററിയും ഇവിടെ മററു സാമാജികന്മാർ പ്രസ്താവിച്ചു കഴിഞ്ഞിട്ടുണ്ടു്. അതെല്ലാം ആവർത്തിക്കുന്നതിനും അങ്ങിനെ ഈ സഭയുടെ സമയം നഷ്ടപ്പെടുത്തുന്നതിനും ഞാൻ തയാറില്ല. ഒന്നു രണ്ടു കാര്യങ്ങൾ ചുരുക്കമായി പ്രസ്താവിക്കുവാനേ ഞാൻ ആഗ്രഹിക്കുന്നുള്ളു. രാജപ്രമുഖൻെറ പ്രസംഗത്തെ സംബന്ധിച്ചുള്ള ഒരു പ്രമേയത്തെപ്പററി സംസാരിക്കുമ്പോൾ രാജപ്രമുഖൻ ഇവിടെ സന്നിഹിതനായിരുന്ന അവസരത്തിൽ ഞങ്ങൾ സ്വീകരിച്ച നടപടിക്കു ഒരു വിശദീകരണം തരേണ്ട ചുമതല എനിക്കുണ്ടെന്നു ഞാൻ വിശ്വസിക്കുന്നു. കൂടാതെ ശ്രീ. സദാശിവൻ പിള്ള അദ്ദേഹത്തിൻെറ പ്രമേയം വിശദീകരിച്ച അവസരത്തിൽ ഞങ്ങളുടെ നടപടിയുടെ ഔചിത്യബോധത്തെപ്പററി ചോദ്യം ചെയ്തിട്ടും ഉണ്ടു്. രാജപ്രമുഖൻെറ പ്രസംഗവേളയിൽ ഞങ്ങൾ സ്വീകരിച്ച നടപടി എന്താണെന്നു മനസ്സിലാക്കുവാൻ അദ്ദേഹത്തിനു സാദ്ധ്യമല്ല. നാടുവാഴിത്ത സമ്പ്രദായത്തെയും സ്വേച്ഛാധിപത്യ സമ്പ്രദായത്തെയും അവസാനിപ്പിക്കാൻ ചെയ്ത സമരത്തെ ഒററിക്കൊടുത്ത കോൺഗ്രസ് സംഘടനയിൽപെട്ട ശ്രീ. സദാശിവൻപിള്ളയ്ക്കു നാടുവാഴിത്തത്തിൻേറയും സ്വേച്ഛാധിപത്യത്തിൻേറയും ചിഹ്നമായ രാജപ്രമുഖൻെറ പ്രവേശനത്തിൽ പ്രതിഷേധം രേഖപ്പെടുത്തുമ്പോൾ അതു് അദ്ദേഹത്തിനു മനസ്സിലാക്കുവാൻ സാധിക്കയില്ലെന്നു എനിക്കറിയാം. അതുപോലെതന്നെ ഞങ്ങൾ മുദ്രാവാക്യങ്ങൾ മുഴക്കുന്നവരാണെന്നു അദ്ദേഹം പറഞ്ഞു. മുദ്രാവാക്യങ്ങളുടെ അടിസ്ഥാനത്തിൽ സമരം ചെയ്തു അധികാരത്തിൽ കയറി പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന ഒരു പാർട്ടിക്കു്, മുദ്രാവാക്യങ്ങളെല്ലാം വിഴുങ്ങി പുള്ള വിഴുപ്പിച്ചുകൊണ്ടിരിക്കുന്നവർക്കു്, തീർച്ചയായും മുദ്രാവാക്യം മുഴക്കുന്നതു കേൾക്കുന്നതു് അരോചകമാകാതിരിക്കുകയില്ല.

ശ്രീ. കേശവൻശാസ്ത്രിയുടെ പ്രസംഗം കേട്ടപ്പോൾ കുററി അടിച്ചു നിറുത്തുമ്പോൾ വട്ടം കറങ്ങുന്ന പശു ആ കുററി ഊരിയാലും കുറെനേരം വട്ടം കറങ്ങും എന്ന കാര്യമാണു് എനിക്കു ഓർമ്മവന്നതു് (ചിരി). സാധാരണക്കാരായ മനുഷ്യർക്കു സ്വാതന്ത്ര്യം കിട്ടിയാലും സ്വാതന്ത്ര്യം കിട്ടിഎന്നു മനസ്സിലാക്കുവാൻ കുറെ സമയം വേണ്ടിവരും. ഇത്രമാത്രമാണു് എനിക്കു അതിനെപ്പററി പറയുവാനുള്ളതു്.

ഇവിടത്തെ ഗവമ്മെണ്ടു സ്വീകരിച്ചിരിക്കുന്ന നടപടികളെപ്പററി ചിലതു പ്രത്യേകം പറയേണ്ടതുണ്ടു്. ഈ രാജ്യത്തെ ഏററവും പ്രധാന പ്രശ്നം ഭക്ഷ്യപ്രശ്നവും തൊഴിൽ പ്രശ്നവുമാണു്. ഭക്ഷ്യപ്രശ്നത്തിനു പരിഹാരമുണ്ടാകണമെങ്കിൽ സമൂലമായ ഒരു കാർഷിക പരിഷ്കാരം നടപ്പിൽ വരുത്താതെ നിവൃത്തിയില്ല. അങ്ങിനെ സമൂലമായ ഒരു കാർഷിക പരിഷ്കാരത്തിനു ട്രഷറി ബഞ്ചിലിരിക്കുന്ന മന്ത്രിമാരും അവരുടെ

സംഘടനയും തയാറില്ലെന്നുള്ളതു് വളരെ വ്യക്തമാണു്. അതിനു അവർ തയാറാകുമെന്നു വിശ്വസിക്കുവാനും ഞങ്ങൾ തയാറില്ല. അതുപോലെതന്നെ തൊഴിലില്ലായ്മ പ്രശ്നം പരിഹരിക്കണമെങ്കിൽ വ്യാവസായിക പുരോഗതി നാട്ടിൽ ഉണ്ടാകണം. അതിനും അടിസ്ഥാനമായി നിൽക്കുന്നതു് കാർഷികപരിഷ്കാരമാണു്.

രാജപ്രമുഖന്റെ പ്രസംഗത്തിൽ പിന്നെ പറഞ്ഞിട്ടുള്ളതു് ഇൻഡസ്ട്രിയൽ ഡെവലപ്പ്മെന്റിനെപ്പറ്റിയാണു്. തൊഴിലാളികളുടെ സഹകരണത്തിനു എന്തു് ആഹ്വാനമാണു് രാജപ്രമുഖൻ വച്ചിരിക്കുന്നതെന്നു ഞാൻ ചോദിക്കുന്നു. നിർബ്ബന്ധിത അഡ്ജ്യൂഡിക്കേഷൻ തൊഴിലാളി വർഗ്ഗത്തിന്റെ തലയിൽ കെട്ടിവച്ചിരിക്കുന്നിടത്തോളം കാലം അവരുടെ സഹകരണം പ്രതീക്ഷിക്കേണ്ട എന്നു വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ആലപ്പുഴയിലൊ മറ്റൊ ഉള്ള ഒരു ഇൻഡസ്ട്രിയൽ ട്രൈബ്യൂണലിൽനിന്നു അവിടെയുള്ള തൊഴിലാളികൾക്കു എത്ര നല്ല ഒരു തീരുമാനം ലഭിച്ചാൽതന്നെയും പണമുള്ള മുതലാളി ബോംബെയിലൊ ഡൽഹിയിലൊപോയി അപ്പീൽ കൊടുത്താൽ പണമില്ലാത്ത തൊഴിലാളി വിഷമിക്കുകയല്ലാതെ നിവൃത്തിയില്ല. ഈ പരിതഃസ്ഥിതിയിലും തൊഴിലാളി സഹകരണം പ്രതീക്ഷിക്കുന്നവർ മൂഢസ്വർഗ്ഗത്തിലാണെന്നേ വിശ്വസിക്കുവാൻ നിവൃത്തിയുള്ളു. ഇവിടത്തെ തൊഴിലില്ലായ്മ-പ്രശ്നം വളരെ പരിതാപകരമായ ഒരു സംഗതിയാണു്. ഒരടിസ്ഥാനവുമില്ലാതെ തൊഴിലാളികളെ ജോലിയിൽനിന്നു പിരിച്ചുവിടുകയാണു ചെയ്യുന്നതു്. ഒന്നും രണ്ടും പേരെയല്ല നേരെമറിച്ചു് നൂറും നൂററിഅമ്പതുംപേരേയാണു് പിരിച്ചുവിടുന്നതു്. വസ്തു ഒഴിപ്പിക്കൽ ഒരു നിയമംകൊണ്ടു തടയാൻസാധിച്ച ഒരു മന്ത്രിസഭക്കു് തൊഴിലാളികളെ കൂട്ടത്തോടു പിരിച്ചുവിടുന്നതിനെ തടയാൻ എന്തുകൊണ്ടു് ഒരു നിയമം ഉണ്ടാക്കാൻ പാടില്ല എന്നു ഞാൻ ചോദിക്കുന്നു. തൊഴിലാളികളെ കോൺഗ്രസ്കാരാക്കാൻ ഒരു ശ്രമം നടക്കുന്നതായി കേട്ടു. അങ്ങനെ തൊഴിലാളി താൽപ്പര്യത്തിനായി നിലകൊള്ളുന്ന മന്ത്രിമാർ എന്തുകൊണ്ടു് ഈ തൊഴിലാളികളെ പിരിച്ചുവിടുന്നതിനെ എതിർത്തു് ഒരു നിയമം കൊണ്ടുവരുന്നില്ല.

ശ്രീ. ജെ. ടി. മൊറൈയിസ്: വ്യവസായം നഷ്ടത്തിലാണെങ്കിൽ തൊഴിലാളികളെ പിരിച്ചുവിടണ്ടേ?

ശ്രീ. ടി. വി. തോമസ്: ഈ ചോദ്യം സാധാരണ മുതലാളികൾ എന്നോടു ചോദിക്കാറുണ്ടു്. വളരെക്കാലപ്പഴക്കം വന്ന ഒരു ചോദ്യമാണിതു്. അതിനു് ചരിത്രംതന്നെ മറുപടി പറഞ്ഞു കഴിഞ്ഞിട്ടുള്ളതാണു്. അങ്ങനെ തൊഴിലാളിവർഗ്ഗത്തിന്റെ പരിപൂർണ്ണ സഹകരണമില്ലാതെ നാട്ടിൽ പുരോഗതി സാദ്ധ്യമല്ല. ഈ കാര്യങ്ങളെല്ലാം ശ്രദ്ധയിൽ പെടുത്തിക്കൊണ്ടു് കോൺഗ്രസ് മുമ്പോട്ടുപോയി ആവശ്യമായ നടപടികൾ സ്വീകരിക്കുമെന്നു ഞങ്ങൾക്കു വിശ്വാസമില്ല. ഈ ഗവമ്മെൻറിനോടു് സഹകരിക്കണമെന്നു ശ്രീ. സദാശിവൻപിള്ള പറയുകയുണ്ടായി. ഇവിടെ നടന്ന പ്രസംഗങ്ങളിൽ ഈ ഗവമ്മെൻറിനെക്കുറിച്ചു് ഉന്നയിച്ചിട്ടുള്ള ആരോപണങ്ങൾ പരമാർത്ഥമാണെങ്കിൽ യാതൊരു സുബോധമുള്ള ആളും ഈ ഗവമ്മെൻറിനോടു് സഹകരിക്കുമെന്നു എനിക്കു് വിശ്വാസമില്ല. നാട്ടുകാരുടെ ശത്രു എന്നു വിധിവാങ്ങിച്ചിരിക്കുന്ന ഈ കോൺഗ്രസ് ഗവമ്മെൻറിനോടു സഹകരിച്ചാൽ നാട്ടുകാരെ ഒററിക്കൊടുത്തു എന്നുള്ള അപ

[Shri. T. V. Thomas]

ഭയംവന്നുചേരും. അധികാര ഖഡ്ഗം കൈവശം വച്ചുകൊണ്ടു നടത്തിയ തിരഞ്ഞെടുപ്പിൽ കോൺഗ്രസ് പാർട്ടിക്കു ൪൪ സീററാണു കിട്ടിയതു്. അത്രയും സീററുകൾതന്നെയും എതിർപക്ഷപാർട്ടികൾ ഭിന്നിച്ചുനിന്നു തിരഞ്ഞെടുപ്പിൽ മൽസരിച്ചതുകൊണ്ടാണു് കിട്ടിയതു്. അങ്ങനെ ജനശത്രു എന്നു വിധി എഴുതിക്കഴിഞ്ഞിരിക്കുന്ന പാർട്ടിയുമായി ഞങ്ങളുടെ പാർട്ടി സഹകരിക്കാൻ പോകുന്നില്ലെന്നു പറഞ്ഞുകൊള്ളുന്നു. എന്റെ ഭേദഗതിപ്രമേയം സഭയുടെ അംഗീകാരത്തിനായി സമർപ്പിച്ചുകൊള്ളുന്നു. എല്ലാവരും അതിനെ അനുകൂലിക്കുമെന്നു വിശ്വസിക്കുന്നു.

Shri A. Thanu Pillai: Sir, a notice was given to an amendment from my party. It was amendment No. 2 in the list of amendments. That happened to be ruled out of order by you. I am not going to discuss that ruling. Of course, I had an idea of speaking on that motion if that had been admitted. Still, I propose to say a few words in connection with the Address particularly in reference to the amendment—probably the most comprehensive amendment moved here, by Mr. T. V. Thomas. He refers in his amendment to many matters of importance and he ends that motion with the words "The Government have grossly mismanaged the affairs of the State." We all know that the present Ministry came into power only a few days ago and evidently the mismanagement that Mr. Thomas refers to covers a much longer period. Evidently, he has not in mind the Congress Ministries that have been functioning for some years. I am not sure how far a condemnation of the present Ministry can be based upon what happened during the previous Ministries even though those Ministries were also Congress Ministries. Though strictly, the blame that ought to go to previous Ministries should not go to the present Ministry, one cannot divest himself of a feeling, a practical, justifiable feeling, that the present Ministry is the inheritor of the previous Congress Ministries. The party is there and it happens that as a result of the activities of previous Congress Ministries, the present Ministry that is in power is one that always feels the precariousness of its existence.

Sir, in a democratic State like ours, a Ministry should have the support of the country. We know that the present Ministry has not got that support. It has not got the support of the people as we understand it. And I think when they came into power by virtue of their number as an independent party, and not by securing an actual majority in the House, normally they ought to have started the business by asking the vote of confidence of this House at least. The country has proclaimed that they have no confidence in them. Still, normally, as the largest Party, even before they came into power, they ought to have asked for the confidence of the House. My Party wanted to give them an opportunity, and in fairness, if this House does not give them or does not promise to give them support, they ought to resign. They were not prepared to come forward and ask for a vote of confidence. We wanted to give them an opportunity. But for some reason or other you have ruled out of order that motion. In a democratic country, it is only the support of the people that could give them the right to govern and when you find that that support is lacking the natural course is to go back to the country and ask them 'What shall be done'? You must ask the country and the voters that question and ask for their mandate. That is the only reasonable and democratic course that is open to us. Now, Sir, that is not being done.

The Congress has been asked by the Rajpramukh to form a Government with a minority and the Congress Party would not adopt the right course of action I have suggested. Anyhow, I hope that this matter will be taken up by this House.

So far as the Party in power is concerned, it is evident that they have forfeited the confidence of the people and that is because of the way in which they have been administering the State. They have not been able to do anything satisfactory to solve the problems that face the country today. That fact has been placed before the House under its various aspects by previous speakers. Now, I wish to refer to one or two matters of particular importance. This amendment says that they have taken no steps to raise the status and advance the interests of the State. That, Sir, is a matter of grave importance. Evidently, Mr. Thomas refers to the treatment accorded to this State and this Government by the Central Government and also to the rumoured appointment of an adviser or counsellor, whatever they call him. We all know that we are only a class 'B' State and that it is a matter provided in the Constitution. If we want to remove that mark of inferiority and raise ourselves to the status of class 'A' state, if we want—while continuing as a class 'B' State—to free ourselves from the irksome control placed by the Central Government, which control they had not placed over class 'A' states, naturally, we should move for the amendment of the Constitution. That is one thing for which the Congress Ministries are responsible. That is to say, they have been functioning in such a way, the Congress party and the Congress Government have been functioning in such a way, that the Government of India is today in a position to say that they do not see their way to free the state of Travancore-Cochin from the irksome restrictions imposed by Article 371 of the Constitution.

Whatever reasons the Congress Ministers here may now attempt to say, I maintain that it is the Congress ministries that functioned here that have been responsible for the continuance of the stranglehold on our State by the Central Government. Sir, as a citizen of Travancore-Cochin I feel it a matter of extreme shame and disgrace that we are treated in this manner by the Central Government. When this matter was discussed in the Constituent Assembly, Sir, I was a member. I categorically raised the issue. Then Sardar Patel answered that most of the Part 'B' States are backward and for a time there should be Central control in respect of those States. At the same time he definitely stated that States like Travancore-Cochin and Mysore stand on a different footing. He made the Constituent Assembly understand that this hold will be relaxed and he told us that there is a proviso in Article 371 which enables the President to take these States out of the operation of Article 371. Sir, Mysore has been taken out of that. Why Travancore-Cochin is still subject to the operation of that Article, I ask? He clearly said 'advanced States like Travancore-Cochin and Mysore'. How has this term 'advanced State' left us? Of course, the Congress Ministry must alone answer. I do not think that the Government of India has any mischievous intention. They naturally feel, Sir, that Travancore-Cochin is not fit to be left alone. Our Ministers have made them feel that and the result is that they send their own Chief Secretary; they insist on the Finance Secretary being approved by them, the Inspector-General of Police being approved by them. They are now sending an Adviser or Counsellor. What are his functions and what are the Ministers to do when that functionary is here? Is it not a mere dictatorial position than the old British Resident? It is a shame. I really feel wounded

[Shri A. Thanu Pillai]

and any self-respecting Travancore-Cochin citizen should feel insulted. I can understand if the Rajpramukh says that we cannot carry on the administration and he takes up the administration himself in which case my dignity would not be wounded. Suppose there is no majority party. The Government cannot be carried on according to the provisions of the Constitution. And then the Rajpramukh may say 'I take over the administration for a time'. I can understand his taking over the administration as it was done in the Punjab. But when a popular ministry is functioning what is the place of an Adviser or Counsellor, I ask. That question has not been satisfactorily answered. They say he would be here and one of the Ministers is reported to have said in a Press interview that he would only be something like a reporter to the Government of India as to what is taking place here, something like a liaison officer. What is the place for such an officer ? I understand even though it is a matter that takes place within the legislature, that one of their senior officers, it appears the Secretary to the States Ministry, is here watching what is happening in this State of Travancore-Cochin. Sir, can anything be more disgraceful ? We fought for freedom, we fought for responsible Governmet and we have achieved it. Somebody comes, some civilian officer, a permanent officer of the Government of India is sent here to watch our doings here. Are not the Ministers of this Congress Party ashamed of their very existence ? And I warn the Government of India that if they send Advisers and Counsellors here, Travancoreans and Cochinites will surely raise their hands and protest against that *(Hear, hear.)*. If anybody in Trivandrum is here to report to the Government of India on the desirability or undesirability, on the acceptability or unacceptability of an appointment of that kind let the report go forthwith to Delhi, to the States Ministry, to the Prime Minister and to the President of India that no citizen will take this coolly. There will be an uprising in the State to get rid of that mark of disgrace and shame *(Hear, hear.)*. We know how to manage our affairs. We may administer well or ill. The people have the right to administer well or ill in a democratic set up. It is our look-out. Democracy implies many things. The Legislature and the people have a right to administer themselves well or ill. It is for the people of Travancore-Cochin to take the consequences of what they do. It is not for outsiders to sit over us, dictate to us to watch our doings and correct us and be our patrons and protectors. That is a shame that we will not subject ourselves to. It may be that we are divided into different parties. I have my own quarrels with the Congress; I have my own differences with the Communists. But in this I am at one with every one who resists this appointment and this move on the part of the Central Government. I know something of the Central Government as well. If the Government here is blundering, the Central Government is also blundering; and what is the right of one blunderer to correct another blunderer? *(Laughter)*. For example, what is the position in regard to food in this State ? Are we not blundering in the food policy ? Is it a Government able to run the affairs of the State properly that tells us: "You starve on a ration of 5 ounces a day while the U. P. and the Madhya Pradesh man will get swollen with 30 ounces a day. You starve on five ounces a day and the other man will flourish on 30 ounces a day". It is this able Central Government that tells us that you cannot administer yourselves ! I ask, why in the matter of food policy they are not adopting a uniform policy. It is a matter of grave concern that when a man in Travancore-Cochin is given only five ounces, a man in U. P. should get a far enhanced rate. Why should the Travancore-Cochin people be differentiated

from the people in U. P. or C. P. or in any other part of India ? Why should we suffer more, continuously for years ? After all, it is the Central Government that functions here and makes us starve. We cannot sell our own things; we cannot import our own rice. We are placed in a position in which we have no international standing or position. The result is that we are put to starvation. If they had at least given us 12 ounces of rice a day and then told us, "look here we will manage your affairs" at least our stomach should have been full. Did not the Government of India make that mistake ? I warn them.

Sir, I am afraid I have exceeded my time.

I generally agree with what is contained in this motion and in the other motions. Of course, as regards the ruling I can only make a humble request that you may consider that ruling if you so like. More than this, I do not want to take up the time of the House.

ஸ்ரீ. என். எ. நூர்முகம்மது: ஸர், திருவிதாங்கூர் தமிழ்நாடு காங்கிரஸ் கக்ஷியிலிருந்து ஒரு அங்கத்தினரால் கொண்டுவரப்பட்டத் திருத்தப் பிரேரணையை தலைவர் அவர்கள் தள்ளிவிட்டார்கள். இங்கே அவதரிக்கப்பட்டத் திருத்தப் பிரமேயங்களில் ஸ்ரீ. எம். என். கோவிந்தநாயர் அவர்களின் திருத்தப் பிரேரணையில் திருவிதாங்கூர்–கொச்சி ராஜ்யத்தில் நியமிக்கப்போவதாகவுள்ள ஆலோசகரின் நியமனத்தை கண்டித்து கூறியிருக்கிறார்கள். ஸ்ரீமான் கோவிந்தநாயர் அவர்களும் இப்பேர்ப்பட்ட ஒரு ஆலோசகரின் அவசியமில்லையென்று அழுத்தம் திருத்தமாகக்கூறினார்கள். அதைத்தொடர்ந்து ஸ்ரீ. பட்டம் தாணுபிள்ளை அவர்களும் இப்படி ஒரு ஆலோசகரை இங்கு நியமிப்பது என்னும் விஷயத்தில் ஒவ்வொரு திருவிதாங்கூர் வாசியும் தலைகுனிய வேண்டிய விஷயமென்றும் கூறினார். நானும் அதையே திரும்பச் சொல்ல ஆவசியமில்லை. ஸர், திருவிதாங்கூர்–கொச்சி ராஜ்யம் எல்லாத் துறைகளிலும் முன்னணியிலிருக்கிறது. கல்வித்துறையிலானாலும்சரி, அரசியலிலானாலும்சரி, எந்தத் துறையிலும் நம் நாட்டு மக்கள் முன்னணியிலிருக்கிறார்கள். நமது நாடும் உன்னத நிலைமையிலிருக்கிறது. அப்படியிருக்கக் கூடிய இந்த ராஜ்யத்திற்கு ஒரு ஆலோசகர் வேண்டியதில்லை.

ஏதோ 108 பேர் அங்கத்தினர்களாயிருக்கிற இந்த சபையில் காங்கிரஸில் 44 அங்கத்தினர்கள் தான் இருக்கிறார்கள் என்ற காரணத்தினால் தான் மேலிடத்திலுள்ளவர்கள் (டில்லியிலுள்ளவர்கள்) என்ன சொன்னாலும் சரி, அதை இவர்கள் ஒத்துக்கொண்டிருக்கிறார்கள்—அதாவது ஒரு ஆலோசகர் நியமனத்திற்கு ஒத்துக்கொண்டிருக்கிறார்கள். இதை ஒரு நல்ல காரியம் என்று சொல்லமுடியாது. ஸ்ரீ. பட்டம் தாணுபிள்ளை சொன்னதுபோல் செக்ஷன் 371–லிருந்து இந்நாட்டை விடுதலைசெய்யவேண்டும். இதைப்பற்றி சர்தார் படேல் அவர்களிடம் கேட்டபோது, அதற்கு அவர் இந்த 'செக்ஷன் 371–ல் திருவிதாங்கூர்–கொச்சியை சேர்த்திருந்தாலும், இந்த செக்ஷனில் உட்படாத நாடு போல் பாவிப்போம். இதெல்லாம் இன்னும் ஒரு பத்து வருடத்திற்குத்தான்' என்றார். ஆனால் இந்தசெக்ஷனிலிருந்து விதிவிலக்கு அளிக்க நமது மந்திரிகளும் கவர்மென்டும் ஆவன செய்வார்

[Shri N. A. Noor Mohammed]

கள் என்று தோன்றவில்லை. இன்று நமக்கு ஒரு கவுன்சிலர், பின்பு ஒரு அட்மினிஸ்ட்ரேட்டர் (Administrator) இன்னும் என்னென்ன வரப்போகிறதோ நமக்குத் தெரியவில்லை. எதானாலும் இந்த கவுன்சிலர் நியமனத்தை உடனடியாக நிறுத்தவேண்டுமென்று கேட்டுக் கொண்டு எனது சிற்றுரையை முடித்துக்கொள்கிறேன்.

Shri M. M. Abdul Khader: The problem of food production is one of the important problems in this country. But unfortunately, I should say so, the Rajpramukh has not in his speech mentioned any concrete steps to redress the hardships of the agricultural classes of this country whereby food production in this State could be increased. Of course I can see that an amendment to the Constitution would be necessary if we have to solve the food problem in this country by the abolition of landlordism and by the redistribution of land to the tiller. But there are certain things which within the frame-work of this Constitution we can do, such as drastic rent reduction, permanancy of tenure, wiping off of rural indebtedness, settlement of the landless on തരിശു് and പുറമ്പോക്കു് lands. These are not proposed to be done. These things show that this Government at present constituted is one that is to guide, that is to be the guardian of the vested interests of the landlords in this State and with such a Government we shall not have any truck. Some Members of the Congress Party have been very proudly proffering the so-called Holdings (Stay of Execution Proceedings) Act but this I may say for the information of the Members of this House who may not be lawyers, is very easily circumvented by the landlords. The landlords have merely to allege an offence of cutting away a bamboo from a cluster round the hedge, and that would be a reason, enough to order delivery. When this Bill is going to be soon amended, I would at least ask this Government to consider this suggestion, namely, to give the tenant a right to deposit the arrears of pattom granted to him from 1951 at any time before delivery, so that he may have protection from eviction against such frivolous things as waste, etc., until a consolidated and exhaustive land legislation is brought forward.

In the Rajpramukh's address, I do not find a mention about putting down black-marketing that is hiding in this country. Of course there is mention about effective procurement. But we know from our experience that procurement in this State under the Congress Government means merely fleecing the small landholder, and allowing the big landholders to continue to loot the people in the black-market. I have got concrete instances before me of naked loot of the people being carried on by some of the ration licensees under this regime. In Kanayannur taluk, four of the ration licensees have been charging from the people ever since the origin of this rationing system, quarter anna per unit in excess of the authorized rates.

ശ്രീ. അയ്യപ്പൻ പഴയാർത്തുണ്ടി: കണയന്നൂർ താലൂക്കിൽ അങ്ങിനെ ഉള്ളതായി അറിവില്ല.

Shri M. M. Abdul Khader: In Nemom and other areas bordering on Kanayannur Taluk which are under the constituency of Mr. Jacob and the hon. Mr. Velayudhan, this thing has been continuing for about six years in the face of this paraphernalia of officials, the G. P. Tahsildar, the field officer, the revenue supervisor and so forth. And after the elections, we have taken

up the matter and have sent mass petitions including one to the Civil Supplies Commissioner and to the Food Minister. Then, some of the officers, field officers I should say, more precisely, came under the cover of investigation and enquiry, but really to hush up these matters. It required the presence and the persuasion of not less than a thousand people of the locality to make this officer to record the statement. The Minister may take it from me when I say this, with all the responsibility as a Member of this House, that one of these small ration-licensees has been telling me personally that he has actually charged for two weeks quarter of an anna per unit in excess of the authorized rate. He said he would be prepared to refund it. He has told the same to Mr. M. P. Menon, Secretary of the Kerala Socialist Party. If, even for one day, the people could be looted per unit—

Shri V. R. Krishnan Ezhuthassan: He would not be allowed to refund it.

Shri M. M. Abdul Khader: That is not the method of dealing with him under a people's Government. These people should have found themselves, as Pandit Nehru stated, hung under a really people's Government.

Now, these people who have been admitting before me and Mr. M. P. Menon about this loot of the people which they have been carrying on, according to them for two weeks but according to me for well over six years, these people are still holding the licence and continue to be the licensees under the rationing system (Bell).

Mr. Thanu Pillai has made mention very impassionately that this Government is not a representative Government; that it represents only a minority of the people; that because of the policy of this Government, the hegemony of the Centre will be imposed on this State with a Counsellor's regime-an Adviser would be appointed for this State. I appeal to Mr. Thanu Pillai that he can dislodge this unpopular Ministry if he wants to accept the verdict of the people—

Shri V. R. Krishnan Ezhuthassan: Does he represent the majority?

Shri M. M. Abdul Khader: But the people have very clearly reduced the Congress to a position of minority, and simply because of the division in the opposition ranks, simply because Mr. Pattom Thanu Pillai cannot see eye to eye, cannot shed the blind prejudice against the Communists, this Government is here in power. I request Mr. Thanu Pillai to dislodge such an unpopular Ministry, because it is in his power today to do so and to form a truly people's coalition Cabinet in this State (Bell).

ശ്രീ. ടി. എ. മജീദ്: സർ, പ്രധാനമായും മി. രാജഗോപാലൻ നായരുടെ ഭേദഗതിയെ അനുകൂലിക്കുവാൻ വേണ്ടിയാണ് ഞാൻ ഇവിടെ നിൽക്കുന്നത്. എൻ. ജി. ഒ. മാരുടെ പലവിധമായ അവശതകളെപ്പററിയും, ഇന്നത്തെ മന്ത്രിസഭ അതിനെപ്പററി ഗൗനിക്കാതിരിക്കുന്നതിനെപ്പററിയും, എൻ. ജി. ഒ. മാർക്കു മേലധികാരികളിൽനിന്നു നേരിടേണ്ടിവരുന്ന വിഷമതകളെപ്പററിയും അദ്ദേഹം പല കാര്യങ്ങളും പറഞ്ഞു. ഇന്ന് എൻ. ജി. ഒ. മാർ മാത്രമല്ല, ഹൈക്കോടതി ജഡ്ജിമാർപോലും ഇന്നത്തെ മന്ത്രിസഭയുടെ കീഴിൽ പല ബുദ്ധിമുട്ടുകളും അനുഭവിക്കുന്നുണ്ടെന്നുള്ളത് ഞാൻ പറയാതെതന്നെ എല്ലാവർക്കും അറിവുള്ളതാണ്. ഇതിനുമുമ്പുള്ള മന്ത്രിസഭകൾ ചെയ്തിട്ടുള്ള പല അന്യായങ്ങളും ഇന്നും പരിഹരിക്കാതെ കിടക്കുന്നുണ്ട്. ശ്രീ. ടി. കെ. നാരായണപിള്ളയുടെ

[Shri. T. A. Majeed]

മന്ത്രിസഭയുണ്ടായിരുന്ന കാലത്തു്, അദ്ദേഹം മുഖ്യമന്ത്രിയായിരുന്ന കാലത്തു് ഹൈക്കോടതിയിലുണ്ടായിരുന്ന ഒരു ജഡ്ജിയെ അവധി ചോദിച്ചുവന്ന കാരണത്താൽ പെൻഷന പ്രാരംഭമായി അവധിയെടുത്തു കൊള്ളുവാനാജ്ഞാപിക്കുകയും അവധിയെ തുടന്നു് അദ്ദേഹത്തെ വെളിയിലാക്കുകയും ചെയ്തതു് ഇവിടെയുള്ള എല്ലാവക്കും അറിവുള്ളതാണു്. ഒരു ഹൈക്കോടതി ജഡ്ജി അവധിക്കപേക്ഷിച്ചപ്പോൾ, പെൻഷന പ്രാരംഭമായി നിർബന്ധിത അവധി അനുവദിച്ചിരിക്കുന്നു എന്നാണു് ഗവമ്മെൻറാജ്ഞാപിച്ചതു്. അതിനു മറുപടിയായി അവധി തനിക്കാവശ്യമില്ലെന്നു ആ ജഡ്ജി പറഞ്ഞപ്പോൾ പെൻഷന പ്രാരംഭമായി അവധിയെടുത്തുകൊള്ളണമെന്നായിരുന്നു മറുപടി. ഡാക്ടർ പറഞ്ഞു രോഗി മരിച്ചെന്നു്, രോഗി പറഞ്ഞു ഞാൻ മരിച്ചിട്ടില്ലെന്നു്. ഇങ്ങനെയാണു് കാര്യങ്ങളുടെ പോക്കു്. അദ്ദേഹത്തിനു് അവധി അനുവദിക്കുകയും, അതിനുപകരമായി മുഖ്യമന്ത്രിയായിരുന്ന ശ്രീ. ടി. കെ. നാരായണപിള്ള അദ്ദേഹത്തിൻെറ സ്യാലനായ ശ്രീ. കെ. ഏ. ഗംഗാധരമേനവനെ ഹൈക്കോടതിയിൽ ഒരു ജഡ്ജിയായി നിയമിക്കുകയുമാണുണ്ടായതു്. സർ, ഇരുപത്തഞ്ചുവർഷത്തിൽ കൂടുതൽ സർവ്വീസും, ൧,൫൦൦-ം അതിലധികവും രൂപാ ശമ്പളവുമുള്ള ഹൈക്കോടതി ജഡ്ജിമാക്കു് ഇവിടെ രക്ഷയില്ലെന്നു വന്നാൽ പിന്നെ ഇവിടുത്തെ പാവപ്പെട്ട എൻ. ജി. ഒ. മാരുടെ കാര്യം എങ്ങനെയാണെന്നു കണ്ടുതന്നെ അറിയേണ്ടിയിരിക്കുന്നു. ശ്രീ. ടി. കെ. നാരായണപിള്ള മുഖ്യമന്ത്രിയായിരുന്ന കാലത്തു മാത്രമല്ല, ശ്രീ. സി. കേശവൻ മുഖ്യമന്ത്രിയായിരുന്ന കാലത്തും ഈ മാതിരി കാര്യങ്ങൾ ചെയ്തിട്ടുള്ളതായി അറിയാം. അദ്ദേഹത്തിൻെറ കാലത്തും അനീതിപരമായ നിയമനങ്ങളും പ്രമോഷനുകളും സംബന്ധിച്ചു കേന്ദ്രഗവമ്മെൻറിൽനിന്നു ഇടപെട്ടിട്ടുള്ളതായും, അങ്ങനെയുള്ള നിയമനങ്ങൾ നടപ്പിലാക്കാൻ നിവൃത്തിയില്ലാതെ വന്നിട്ടുള്ളതായും ഞങ്ങൾക്കറിയാം. ഈ മന്ത്രിമാരുടെ ഇത്തരം നടപടികളിൽ ഇവിടുത്തെ പബ്ളിക്കു് സർവ്വീസു കമ്മീഷനും മൗനമവലംബിക്കുകയാണെന്നു ഞങ്ങൾക്കു തോന്നുന്നു. ഇവിടുത്തെ പബ്ളിക്കു സർവ്വീസു കമ്മീഷൻ.—

Mr. Speaker: May I remined the Member that he has been making certain observations about Ex-Minister, Mr. T. K. Narayana Pillai? That gentleman is not in this House and he is not in a position to defend himself. Therefore, I may ask the Member to abstain from making any reference to Ministers or Ex-Ministers who are not here to defend themselves against the allegations made by the Member.

ശ്രീ. ടി. എ. മജീദു്: ഈ മാതിരി കാര്യങ്ങൾക്കു് ഒരു പരിഹാരമുണ്ടാക്കുന്നതിലേക്കാണു് ഞങ്ങൾ ഈ പ്രശ്നം ഇന്നു് ഈ മന്ത്രിസഭയുടെ മുമ്പിലും ഈ സഭയുടെ മുമ്പിലും വച്ചിട്ടുള്ളതു്. മുമ്പിലത്തെ മന്ത്രിസഭ ചെയ്തിട്ടുള്ള അനീതികൾ പരിഹരിക്കുവാനുള്ള ഈ അവസരം വേണ്ടവിധത്തിൽ ഉപയോഗപ്പെടുത്തുമെന്നുള്ള ബലമായ പ്രതീക്ഷയിലാണു് ഞാൻ ഈ പ്രശ്നം ഈ മന്ത്രിസഭയുടെ മുമ്പിൽ വയ്ക്കുന്നതു്.

സർ, ഈയിടെ ഏതാനും പോലീസു് ഇൻസ്പെക്ടർമാരുടെ തെരഞ്ഞെടുപ്പിനെപ്പററി ഞാൻ ഒരു പരസ്യം കണ്ടു. നല്ല ചോരത്തിളപ്പുള്ളതും, ഇരുപത്തഞ്ചുവയസ്സിനു താഴെയുമുള്ള ൯൬ പേരെ ഇൻറർവ്യൂനടത്തിയെന്നു പറയുന്നുണ്ടു്.

Mr. Speaker: Order, order. May I remind the Member again that he has not exactly grasped the scope of the discussion on the Rajpramukh's Address? The Member would be in order to make any reference to policies referred to by His Highness the Rajpramukh in his address. But other matters are to be discussed when we consider the budget or the Vote on Accounts which may be taken the day after tomorrow. I have to direct that the Member may kindly think over the question and see that it would be better to discuss major policies as referred to by the Rajpramukh in his address and leave other matters of detail to be discussed at the time of the general discussion of the budget or Voting on Accounts.

ശ്രീ. ടി. എ. മജീദ്: ഇനിയും പല അഴിമതികളും നടന്നുകൊണ്ടിരിക്കുന്നതിനെപ്പററി പറയാനുണ്ടെങ്കിലും, ഈയവസരം അതിനുവേണ്ടി ഉപയോഗിക്കുന്നില്ല.

സർ, ഇവിടെ ഒരു അഡ്മിനിസ്ട്രേററർ വരാൻ പോകുന്നു എന്നു പറയുന്നുണ്ട്. അതിൻെറ പ്രാരംഭമായി ഇവിടെ ഒരു നിരീക്ഷകൻ വന്നിട്ടുണ്ടെന്നു പറഞ്ഞു. ഇങ്ങനെ നിരീക്ഷകന്മാരും മററും വന്ന് ഇവിടുത്തെ കാര്യങ്ങളെപ്പററി അന്വേഷിക്കുവാനും ഈ സഭാ നടപടികൾവീക്ഷിക്കുവാനും ഇടയാക്കിയ സാഹചര്യങ്ങൾ ഇവിടുത്തെ കോൺഗ്രസ്സുകാരും കോൺഗ്രസ്സ് മന്ത്രിസഭയുമാണ് സൃഷ്ടിച്ചതെന്നുള്ള വസ്തുത ഞാൻ അനുസ്മരിപ്പിച്ചുകൊള്ളുന്നു. വിദ്യാഭ്യാസത്തിലും സംസ്കാരത്തിലും വളരെ മുന്നിട്ടുനില്ക്കുന്ന ഈ സ്റ്റേററിനെ, ഒരു ബി. സ്റ്റേററിൽനിന്നും, ഒരു സി. സ്റ്റേററായി അധഃപതിപ്പിക്കുവാനാണ് അവർ ശ്രമിക്കുന്നതെന്നു അവരുടെ പ്രവർത്തനങ്ങൾ തെളിയിക്കുന്നു. അതിനൊരു ദൃഷ്ടാന്തമാണിത്. വടക്കെ ഇൻഡ്യയിലെ ആളുകൾക്കു ഇവിടത്തെ ജനങ്ങളുടെ പ്രാപ്തിയേയൊ വിദ്യാഭ്യാസത്തെയൊ സംബന്ധിച്ച് ഒന്നും അറിയാൻ കഴിഞ്ഞില്ലെന്നു വരാം. വിദ്യാഭ്യാസമില്ലാത്ത നാട്ടിലെ ആളുകളുടെ ഇടയിൽനിന്നും വരുന്ന ആളുകൾക്ക് ഇവിടുത്തെ കാര്യങ്ങൾ എങ്ങനെ അറിയാൻ കഴിയും? വിദ്യാഭ്യാസത്തിലും ഭരണപരമായ കഴിവിലും മുന്നിട്ടുനിൽക്കുന്ന ഇവിടുത്തെ ആളുകളുടെ മേൽ, ശ്രീ. പട്ടം താണുപിള്ള അവർകൾ പറഞ്ഞതുപോലെ ഒരു അഡ്മിനിസ്ട്രേറററെയോ കൗൺസലറെയോ കെട്ടിവയ്ക്കുന്നതു ഒട്ടും അഭിമാനകരമല്ല. ഈ നിയമനത്തിനെതിരായി എന്തെല്ലാം ആക്ഷേപങ്ങളാണ് രണ്ടുമൂന്നാളുകളായി ഈ നാട്ടിലുണ്ടായിരിക്കുന്നതെന്നുള്ള സംഗതി ഈ സഭയിലെ അംഗങ്ങൾക്കെല്ലാവർക്കും അറിയാമെന്നു ഞാൻ വിചാരിക്കുന്നു. ഇനിയെങ്കിലും ഈ അഡ്മിനിസ്ട്രേററർ ഭരണം വരാതിരിക്കാൻ നാം ശ്രമിക്കേണ്ടതാണ്. ഈ മന്ത്രിസഭ ഇന്നത്തെ നിലയിൽ പോകുകയാണെങ്കിൽ ഈവക കാര്യങ്ങൾക്കു ഒരു പരിഹാരവും ഉണ്ടാകാൻ വഴി കാണുന്നില്ല. ഞാൻ ഈ ഭേദഗതിയെ പിൻതാങ്ങുന്നു.

ശ്രീ. കെ. കരുണാകരൻ: സർ, ഈ സഭയിൽ നടന്ന വാദപ്രതിവാദങ്ങൾ ഞാൻ ശ്രദ്ധാപൂർവ്വം കേൾക്കുകയുണ്ടായി. എന്നിട്ടും ഈ ഭേദഗതികളെ എനിക്കു എതിർക്കാതിരിക്കാൻ നിവൃത്തിയില്ല. ഇന്നത്തെ വാദപ്രതിവാദത്തിൽ ഞങ്ങൾക്കു പല പ്രതീക്ഷകളും ഉണ്ടായിരുന്നു. ഈ ഗവൺമെൻറിനു ഭാവിയിൽ പ്രവർത്തിക്കാനുള്ള നിർമ്മാണപരമായ പല നിർദ്ദേശങ്ങളും പ്രതിപക്ഷകക്ഷികളിൽ നിന്നുണ്ടാകുമെന്നാണ് ഞങ്ങൾ

[Shri K. Karunakaran]

പ്രതീക്ഷിച്ചിരുന്നതു്. എന്നാൽ ചെയ്യാത്ത കാര്യങ്ങളെമാത്രം ഉയർത്തിപ്പിടിച്ചുകൊണ്ടു് സ്ഥാനത്തും അസ്ഥാനത്തും വിമർശിക്കുക എന്ന എതിർപക്ഷകക്ഷികളുടെ സാമാന്യമായ നയം ഇവിടെയും തുടരുകയാണു് ചെയ്തതു്. എതിർപക്ഷകക്ഷിയിൽ ഒരു വിഭാഗം ശ്രീ. ടി. വി. തോമസ്സിന്റെ നേതൃത്വത്തിൽ നടത്തിയ വാക്കൗട്ടിനെപ്പററി ശ്രീ. സദാശിവൻപിള്ള പരാമർശിക്കുകയുണ്ടായി. ആ വാക്കൗട്ടിന്റെ പ്രാധാന്യം ഞങ്ങൾക്കു മനസ്സിലാകുന്നില്ലെന്നാണു് അതിനു മറുപടിയായി ശ്രീ. ടി. വി. തോമസ്സ് പ്രസ്താവിച്ചതു്. ശ്രീ. സദാശിവൻപിള്ള ഒരു ശുദ്ധഗതിക്കാരനാണു്. അതുകൊണ്ടു അദ്ദേഹത്തിനു അതു മനസ്സിലാകുകയില്ല. എന്നാൽ ഇൻഡ്യൻ കമ്മ്യൂണിസ്ററുപാർട്ടിയുടെ ചരിത്രം അറിയാവുന്ന ആളുകൾക്കു് ആ വാക്കൗട്ടിന്റെ അർത്ഥം നല്ലപോലെ മനസ്സിലാകും. ഇന്നലെ ചെയ്തതു് തെററാണെന്നു ഇന്നും ഇന്നു ചെയ്തതു് തെററാണെന്നു നാളെയും അങ്ങനെ തെററുകളുടെ ആവർത്തനങ്ങൾ നടത്തുക എന്നുള്ള പാരമ്പര്യംമാത്രം സിദ്ധിച്ചിട്ടുള്ള ഒരു പാർട്ടി ഇങ്ങനെ ഒരു വാക്കൗട്ടു നടത്തിയതിൽ അത്ഭുതത്തിനു വകയില്ല. കോൺഗ്രസ്സുപാർട്ടിയെപററി അദ്ദേഹം പ്രതിവാദിച്ചു, നാടുവാഴിത്വത്തെയും ജന്മിത്വത്തെയും പിൻതാങ്ങുന്ന ഒരു മുരടിച്ച കക്ഷിയെന്നു്. നാടുവാഴിത്വത്തെയും ജന്മിത്വത്തെയും കോൺഗ്രസ്സ് എതിർത്തിട്ടുണ്ടെന്നു കോൺഗ്രസ്സിന്റെ ചരിത്രം നിശ്ചയമുള്ള, ഈ നാടിന്റെ ചരിത്രം അറിയാവുന്ന എല്ലാവർക്കും അറിയാം. എന്നാൽ ബഹുമാനപ്പെട്ട ശ്രീ. ടി. വി. തോമസ് പ്രതിനിധീകരിക്കുന്ന പാർട്ടി മുതലാളിത്വത്തെയും ജന്മിത്വത്തെയും താലോലിച്ചുപോന്നിരുന്ന ബ്രിട്ടീഷ് സാമ്രാജ്യത്വത്തെ താങ്ങിക്കൊണ്ടിരുന്നു എന്നുള്ള വസ്തുത ആ പാർട്ടിയുടെ ചരിത്രം അറിയാവുന്നവർക്കു അറിയാം. അതുകൊണ്ടു് അതിനെപ്പററി ഞാൻ കൂടുതൽ വിസ്തരിക്കുന്നില്ല.

ഇനി ഞാൻ മററു കാര്യത്തിലേക്കു് പ്രവേശിക്കട്ടെ. ഭൂനയത്തെ കുറിച്ചു് ശക്തിയായി വിമർശനങ്ങൾ ഇവിടെ നടത്തുകയുണ്ടായി. ഇതിനെ സംബന്ധിച്ചു് ഗവമെൻറു ഒന്നും ചെയ്തിട്ടില്ലായെന്നു പറയുന്നതു് മുഴുവൻ ശരിയല്ല. വേണ്ടിടത്തോളം ചെയ്തിട്ടില്ലായെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ഒരു കാര്യം വ്യക്തമാക്കുവാൻ ഞാനാഗ്രഹിക്കുന്നു. കാൺഗ്രസ് ഈ രാജ്യത്തു് ജന്മിത്വം അവസാനിപ്പിക്കുവാനുള്ള നടപടികൾ കാലതാമസമെന്യെ നടത്തുകതന്നെ ചെയ്യുമെന്നു രാജപ്രമുഖന്റെ പ്രസംഗം വായിച്ചിട്ടും പഠിച്ചിട്ടും ഉള്ള ആളുകൾക്കു് നിശ്ചയമായും ബോദ്ധ്യപ്പെടുന്നതാണു്.

ശ്രീ. എൻ. രാജഗോപാലൻനായർ : ജന്മിത്വം അവസാനിപ്പിക്കാൻ വേണ്ടിയാണൊ കൊടുങ്ങല്ലൂർ രാജാക്കന്മാർക്കു് കൂടുതൽ പെൻഷൻ കൊടുക്കുവാനുള്ള പണത്തിനുവേണ്ടി ആവശ്യപ്പെട്ടതു്.

ശ്രീ. കെ. കരുണാകരൻ : ജന്മിമാരുടെ കൂട്ടംപിടിച്ചു് വിശാലജനാധിപത്യമുന്നണി എന്നുംപറഞ്ഞു അധികാരം കിട്ടുമെങ്കിൽ ഏതു വേഷവും കെട്ടുവാൻ തയാറുള്ള ഒരു കക്ഷിയിൽനിന്നു വരുന്ന ഇത്തരം ചോദ്യങ്ങൾക്കു് മറുപടി പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല.

എങ്കിലും ജന്മിത്വത്തെ പുറമെ അവഹേളിക്കുകയും അതേ അവസരത്തിൽ അവരുമായി ഏതെങ്കിലും വിധത്തിൽ അധികാരത്തിൽ പററിക്കൂടു

വാൻവേണ്ടി പലവിധത്തിലുള്ള ഒത്തുതീർപ്പുകളും സന്ധിസംഭാഷണങ്ങളും നടത്തിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നയജ്ഞതയുടെ മുമ്പിൽ തലകുനിക്കാതെ നിവൃത്തിയില്ല.

ഭക്ഷണകാര്യത്തെക്കുറിച്ചും ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഭക്ഷണക്ഷാമം ഇവിടുത്തെമാത്രം പ്രശ്നമല്ല. അഖിലലോക പ്രശ്നമായ ഒന്നാണത്. യാതൊരു കാര്യത്തിലും വടക്കോട്ടു നോക്കരുതെന്നും യാതൊരു കാര്യത്തിലും കേന്ദ്രഗവമ്മെൻറിനെ ആശ്രയിക്കരുതെന്നും പറയുന്ന അതേ ആളുകൾതന്നെയാണ് കേന്ദ്രത്തിൽനിന്നും അരിതരാത്തതിൽ ആക്ഷേപം പുറപ്പെടുവിച്ചിരിക്കുന്നത്. ഇവർതന്നെ മററു സന്ദർഭങ്ങളിൽ ഇൻഡ്യയുടെ അതിർത്തിക്കപ്പുറത്തുള്ള വിദേശങ്ങളിലേക്കു ഉററുനോക്കിക്കൊണ്ടിരിക്കുന്നതും അവിടുത്തെ അധിപന്മാരുടെ വിഗ്രഹാരാധനപോലും നടത്തുവാൻ തയാറാകുന്നതും കാണുമ്പോൾ ഇവരുടെ പ്രസംഗത്തിലുള്ള ആത്മാർത്ഥതയെപ്പററി സംശയിക്കുന്നതിൽ എന്തു തെററാണുള്ളത്? ഈയവസരത്തിൽ ഇവിടുത്തെ നെല്ലെടുപ്പു ഒന്നുകൂടി ഊർജ്ജിതപ്പെടുത്തണമെന്നും പത്തായങ്ങൾ വല്ലതും തുറക്കുവാനുണ്ടെങ്കിൽ ദാക്ഷിണ്യമെന്യേ ഉടനെ തുറക്കണമെന്നും അതിനു കാലതാമസം വരുത്തരുതെന്നും ഞാൻ ഗവമ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. ഗവമ്മെൻറ അതിൽ അമാന്തിക്കുകയില്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

തൊഴിലാളികളുടെ കാര്യവും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. താരതമ്യേന തൊഴിലാളികളുടെ കാര്യങ്ങൾ തൃപ്തികരമായ നിലയിൽ മുന്നോട്ടുകൊണ്ടുപോകുന്നില്ലെന്നു സമ്മതിക്കാമെങ്കിലും അവരെ സ്പർശിക്കുന്നതും അവരുടെ താല്പര്യങ്ങൾ സംരക്ഷിക്കപ്പെടുന്നതുമായ പല കാര്യങ്ങളും ഈ ഗവമ്മെൻറ നടപ്പിലാക്കിയിട്ടുണ്ട്. ജന്മിത്വംപോലെ നിർമ്മൂലനം ചെയ്യപ്പെടേണ്ട ഒരു കൂട്ടരാണു ഇൻഡ്യയിലെ തോട്ടംതൊഴിലാളികളെ സംബന്ധിച്ചിടത്തോളം കങ്കാണികൾ. അങ്ങനെയുള്ള കങ്കാണി സമ്പ്രദായം അവസാനിപ്പിക്കുവാൻ ഗവമ്മെൻറ സത്വരനടപടികൾ കൈക്കൊണ്ടിട്ടുള്ളതായി കാണുന്നതിൽ സന്തോഷിക്കുന്നു. അതുപോലെ കുറഞ്ഞ കൂലി നിശ്ചയിക്കുന്നതിനുള്ള പ്രാരംഭനടപടികളും എടുത്തുകഴിഞ്ഞു. ഫെയർ വേജസ്സ് ഏർപ്പെടുത്തുന്നതിനുള്ള സത്വരനടപടികൾ ഉടൻ ആരംഭിക്കണമെന്നു ഗവമ്മെൻറിനോടു അഭ്യർത്ഥിക്കുന്നു. അഡ്ജൂഡിക്കേഷനെപ്പററി ബഹുമാനപ്പെട്ട ചില മെമ്പർമാർ പറഞ്ഞതു ഏതാണ്ടു ശരിയാണ്. ഈ കാലതാമസത്തിനുള്ള പ്രധാന കാരണം, അതിൻെറ നടപടികളുടെ പിശകും നിയമത്തിലുള്ള ന്യൂനതയും താമസവും മാത്രമാണ്. ഒരു പിൻതിരിപ്പൻ നയമാണു അഡ്ജൂഡിക്കേററർമാർ കാണിച്ചുവരാറുള്ളത്. തൊഴിലാളികളുടെ കാര്യങ്ങൾ അറിയാവുന്ന ആളുകളെ ചേർത്തു ഇതിലേക്കു ട്രിബ്യൂണൽ ഏർപ്പെടുത്തിയാൽ ദൂഷ്യങ്ങൾ കുറെയൊക്കെ നീക്കം ചെയ്യാൻ കഴിയും. കോടതികളുടെ പരിധിയിൽനിന്നും ട്രിബ്യൂണലുകളെ ഒഴിവാക്കുകയും വേണം. ട്രിബ്യൂണലുകൾക്കുപകരം ആർബിട്രേഷൻ ഏർപ്പെടുത്തുന്നതു കുറെക്കൂടി നന്നായിരിക്കുമെന്നാണു എൻെറ അഭിപ്രായം. തൊഴിലില്ലായ്മനിമിത്തം ഇപ്പോൾ അനവധി തൊഴിലാളികളെ പിരിച്ചുവിടുന്നുണ്ട്. അതു തടയേണ്ടതു വളരെ അത്യാവശ്യമാണ്. വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്നവക്കു നഷ്ടം വന്നാൽ വ്യവസായം എങ്ങിനെ മുൻപോട്ടുപോകും, അതുകൊണ്ടു നഷ്ടംവരാതെ സൂക്ഷിക്കേണ്ടതില്ലേ എ

[Shri K. Karunakaran]

ന്നു ചോദിച്ചേക്കാം. നഷ്ടം നഷ്ടം എന്നു പറയുന്നതു മുതലാളിമാർ തരുന്ന കണക്കുകളുടെ അടിസ്ഥാനത്തിൽ ആയിരിക്കുതെന്നേയുള്ളു. ഒരു വ്യവസായം നഷ്ടപ്പെടുന്നുവോ ഇല്ലയോ എന്നു ശരിയായി മനസ്സിലാക്കുവാൻ ഒരു സ്ഥിരം ബോർഡുതന്നെ ഉണ്ടായിരിക്കുന്നതുകൊള്ളാം. ടാററാ കമ്പനി പയനീർ തുടങ്ങി ചില കമ്പനികൾ തൊഴിലാളികളെ പിരിച്ചുവിടുകയുണ്ടായി. ഇന്നത്തെ തൊഴിൽമന്ത്രി ഈ പിരിച്ചുവിടൽ നയത്തോടു ഒരിക്കലും അനുകൂലിക്കുന്ന ആളല്ലെന്നു എനിക്കു നിശ്ചയമുണ്ടു്. അതുകൊണ്ടു് അങ്ങനെ എവിടെയെങ്കിലും തൊഴിലാളികളെ പിരിച്ചുവിട്ടാൽ അതിനെ തടയുവാൻവേണ്ടി ഉടനടി സ്റ്റേഓർഡർ കൊടുക്കുവാൻ ഗവൺമെൻറിനു അധികാരം നൽകുന്ന ഒരു നിയമം ഉടനെ ഉണ്ടാക്കേണ്ടതാണു്. ഞാൻ മുൻപു പറഞ്ഞതുപോലെ ഒരു ബോർഡു രൂപീകരിച്ചു വേണ്ട അന്വേഷണംനടത്തി, തൊഴിലാളികളുടെ അവകാശത്തേയും താല്പര്യത്തേയും സംരക്ഷിക്കണമെന്നു ഗവൺമെൻറിനോടു അഭ്യർത്ഥിക്കുന്നു.

ശ്രീ. സി. കെ. വിശ്വനാഥൻ: ജന്മിമാരുടെ നേതാവാണു രാജപ്രമുഖൻ എന്നു ബഹുമാനപ്പെട്ട മെംബർക്കറിയാമോ?

ശ്രീ. കെ. കരുണാകരൻ: രാജപ്രമുഖനുമായും കൂട്ടുകൂടിയിട്ടെങ്കിലും അധികാരത്തിൽ പററിക്കൂടാൻ ശ്രമിക്കുന്നവരോടു മറുപടി പറയണമെന്നു വിചാരിക്കുന്നില്ല.

ബഹുമാനപ്പെട്ട ഒരു മെംബർ ഐ. എൻ. ടി. യു. സി. ഒരു കോൺഗ്രസ്സു സംഘടനയാണെന്നു പറയുകയുണ്ടായി. തൊഴിലാളികളുടെ താല്പര്യങ്ങളെമാത്രം ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന തൊഴിലാളികളുടെമാത്രം വകയായ ഒരു സംഘടനയാണു ഐ. എൻ. ടി. യു. സി. എന്നും ആ സംഘടനയ്ക്കു കോൺഗ്രസ്സുമായി യാതൊരു ബന്ധവുമില്ലെന്നും ഈയവസരത്തിൽ ഞാൻ ആ ബഹുമാന്യ സ്നേഹിതനെ അറിയിച്ചുകൊള്ളുന്നു.

Shri Krishnan: Sir, on a point of order.

(Several hon. Members rose to speak)

Mr. Speaker: There are only 9 minutes to 4 o'clock. At 4-30 p.m. this discussion must automatically close. If there comes a division, I have to look to the conduct of that also. I have promised half an hour for the hon. Minister to reply. Under these circumstances, the Minister will now reply to the debate.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: സർ, നമ്മുടെ പുതിയ കാൺസ്റ്റിററ്യൂഷൻ അനുസരിച്ചു് നടന്ന തെരഞ്ഞെടുപ്പിനുശേഷം, ആദ്യമായി ഈ രാജ്യത്തെ പ്രതിനിധികൾ സമ്മേളിച്ചു നടത്തുന്ന ഈ യോഗത്തിൽ ആദ്യമായി നടന്ന വാദപ്രതിവാദത്തെ ഞാൻ വളരെ ആദരവോടുകൂടി ശ്രദ്ധിക്കുകയുണ്ടായി. ഈ വാദപ്രതിവാദത്തിൽ പങ്കെടുത്ത പതിനാലു ബഹുമാനപ്പെട്ട മെംബർമാരും പറഞ്ഞിട്ടുള്ള അഭിപ്രായങ്ങൾ ഗവൺമെൻറു വളരെ ശ്രദ്ധയോടുകൂടി കേൾക്കുകയുണ്ടായി. അവയിലടങ്ങിയിട്ടുള്ള നിർമ്മാണാത്മകമായ എല്ലാ അഭിപ്രായങ്ങളും ഗവൺമെൻറു അതിൻെറ ഭാവിപ്രവർത്തനങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നതാണു്.

ഞാൻ ഇത്രയും ഇവിടെ പറയുവാനുള്ള കാരണം, ഈ മാർച്ചുമാസം ൧൬-ാംനു-യാണു് ഈ മന്ത്രിസഭ സത്യപ്രതിജ്ഞചെയ്തു അധികാരത്തിൽ

പ്രവേശിച്ചതെന്നും, അതിനുശേഷം മാർച്ച് ൨൪-ാംനു-നടക്കുന്ന സമ്മേളനത്തിൽ കാൺസ്റ്റിറ്റ്യൂഷൻ നിർബ്ബന്ധിക്കുന്നതനുസരിച്ചു രാജപ്രമുഖൻ ചെയ്തിരിക്കുന്ന പ്രസംഗത്തെ ആസ്പദമാക്കി നടത്തുന്ന പ്രസംഗത്തെസംബന്ധിച്ചുള്ള വാദപ്രതിവാദമാണ് ഇവിടെ ഉണ്ടായിട്ടുള്ളതെന്നും ബഹുമാനപ്പെട്ട സഭയെ അനുസ്മരിപ്പിക്കുന്നതിനുവേണ്ടിയാണ്. കാൺസ്റ്റിറ്റ്യൂഷനിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾപ്രകാരം ഈ സമ്മേളനം വിളിച്ചുകൂട്ടിയതിന്റെ കാര്യങ്ങൾ എന്താണെന്നു പറയേണ്ട ചുമതലമാത്രമെ അദ്ദേഹത്തിനുള്ളു എന്നു കാണുവാൻകഴിയും. എന്നുതന്നെയുമല്ല, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. പട്ടം താണുപിള്ള പറഞ്ഞതുപോലെ, സാങ്കേതികമായി പറയുകയാണെങ്കിൽ, വരുന്ന ഏതാനും കാലത്തേക്ക് ഈ ഗവമ്മെൻറിനു ചെയ്യാനുള്ള കാര്യങ്ങളെപ്പററിയല്ലാതെ മററുള്ള കാര്യങ്ങളെപ്പററി പറയുന്നതിന് ഇപ്പോൾ ഇവിടെ പ്രസക്തിയില്ല. ഈ വിമർശനവേളയിൽ വളരെ ചെറിയ കാര്യങ്ങളെപ്പററിയും ഇവിടെ പ്രസ്താവിക്കുകയുണ്ടായി. അവ അപ്രധാനങ്ങളാണെന്നു ഞാൻ പറയുന്നില്ല. ഉദാഹരണമായി ബഹുമാനപ്പെട്ട ആലുവാ മെമ്പർ ശ്രീ. അബ്ദുൽഖാദർ റേഷൻ കച്ചവടക്കാരുടെ അനീതികളെപ്പററി പറയുകയുണ്ടായി. അവ പ്രാധാന്യമേറിയ കാര്യങ്ങൾതന്നെയാണ്. ഗവമ്മെൻറിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട കാര്യങ്ങളുമാണ്. ഗവമ്മെൻറശ്രദ്ധയിൽ പെടുത്തിയാൽ തീർച്ചയായും കശനമായ നടപടികൾ എടുക്കുകയുംചെയ്യും. പക്ഷെ ഈ സഭയുടെ ഗൗരവമായ ഈ സന്ദർഭത്തെ ഇപ്പോൾ അതിനുവേണ്ടി അദ്ദേഹം ചെലവഴിക്കേണ്ടിയിരുന്നില്ലെന്നു അദ്ദേഹത്തോടു അശേഷം അനാദരവു പ്രകടിപ്പിക്കാതെ ഞാൻ പ്രസ്താവിച്ചുകൊള്ളുന്നു.

രാജപ്രമുഖൻചെയ്ത പ്രസംഗത്തിൽ ചിലകാര്യങ്ങൾമാത്രമെ പ്രധാനമായി സ്പർശിച്ചിട്ടുള്ളു. ആവകകാര്യങ്ങളുടെ വിശദാംശങ്ങൾ ഇങ്ങനെയുള്ള പ്രസംഗങ്ങളിൽ ചേക്കുക പതിവില്ല. ഗവമ്മെൻറിനു ഈയവസരത്തിൽ വന്നിട്ടുള്ള ബുദ്ധിമുട്ടുകളെപ്പററി ആലോചിക്കുക. ഗവമ്മെൻറ വരുന്ന ഒരു കൊല്ലക്കാലത്തേക്ക് അതിന്റെ നയം പ്രഖ്യാപനം ചെയ്യുന്നതു പ്രധാനമായി രാജപ്രമുഖന്റെ പ്രസംഗത്തിൽകൂടിയും ബഡ്ജററിൽ കൂടിയുമാണ്. ബഡ്ജററ അവതരിപ്പിക്കുമ്പോൾ ബഡ്ജററിന്റെ ഉള്ളിലുള്ള നിരവധി അക്കങ്ങളുടേയും കണക്കുകളുടേയും പിന്നിൽ ഗവമ്മെൻറിന്റെ ഒരു നയം സൂക്ഷ്മമായി പരിശോധിക്കുകയാണെങ്കിൽ നമുക്കു കാണുവാൻ സാധിക്കും. എന്നാൽ അങ്ങിനെയുള്ള ഒരു ബഡ്ജററ ഇപ്പോൾ അവതരിപ്പിക്കുവാൻ ഗവമ്മെൻറിനു സാധിച്ചിട്ടില്ല. ഇന്നലെ ഞാൻ ചെയ്ത ബഡ്ജററ പ്രസംഗത്തിൽ പറഞ്ഞിരുന്നതുപോലെ കഴിഞ്ഞ ഒരു വഷക്കാലത്തെ വരവിന്റെയും ചെലവിന്റെയും തോതനുസരിച്ചു വരുന്ന നാലുമാസക്കാലത്തെ വരവുചെലവുകളുടെ കണക്കുകൂട്ടൽ മാത്രമെ നടത്തിയിട്ടുള്ളു. അതനുസരിച്ചു തയാറാക്കിയ ബഡ്ജററാണ് ഇപ്പോൾ സഭാമുമ്പാകെ ഹാജരാക്കിയിരിക്കുന്നതു്. അതുകൊണ്ടു വരുന്ന ഒരു കൊല്ലക്കാലത്തേയ്ക്കു് എന്താണു ചെയ്യുവാൻ പോകുന്നതെന്നു ഈ സഭയെ അറിയിക്കുവാൻ ഗവമ്മെൻറിനു സാധിച്ചിട്ടില്ല. അതു ബഡ്ജററ മുഴുവനായി അവതരിപ്പിക്കുന്ന അവസരത്തിൽ ചെയ്യുവാൻ സാധിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു.

രാജപ്രമുഖന്റെ പ്രസംഗത്തിൽ സൂചനയായി ചിലകാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. പലകാര്യങ്ങളും പറഞ്ഞിട്ടില്ലെന്നുള്ളതു സ്പഷ്ടമല്ലേ? ഈ

[Shri Panampilli Govinda Menon]

ഗവമ്മെൻറിൻെറ പ്രവർത്തനത്തിലിരിക്കുന്ന അനേകം ഡിപ്പാർട്ടുമെൻറുകളിലുണ്ടായികൊണ്ടിരിക്കുന്ന സംഭവങ്ങൾസംബന്ധിച്ചുള്ള വിവരങ്ങൾ ആ ഡിപ്പാർട്ടുമെൻറുകളിൽകൂടിയെല്ലാം അറിഞ്ഞും, ആ ഡിപ്പാർട്ടുമെൻറുകളിൽകൂടിതന്നെ വേണ്ട നടപടികൾ നടത്തിയും കാര്യക്ഷമമായി ഭരണം നിർവ്വഹിക്കേണ്ട കടമ ഏതു ഗവമ്മെൻറിനായാലും ഉണ്ടെന്നിരിക്കെ, അവയെ എല്ലാംപററിയുള്ള പരാമർശനം പത്തോ ഇരുപതോ മിനിട്ടുകൊണ്ടു് ചെയ്തുതീർക്കുന്ന ഒരു പ്രസംഗത്തിൽ നടത്തുക സാദ്ധ്യമല്ല. കേവലം സൂചനകൾമാത്രമെ അങ്ങനെയുള്ള ഒരു പ്രസംഗത്തിൽ നൽകുവാൻ സാദ്ധ്യമാവൂ.

ഇവിടെയുണ്ടായ വാദപ്രതിവാദങ്ങളെപ്പററിത്തന്നെ ആലോചിക്കുക, ഞാൻ അവയ്ക്കെല്ലാം വളരെ പ്രാധാന്യം കല്പിക്കുന്നുണ്ടു്. ശ്രീമാന്മാരായ ഗംഗാധരൻ, ആർ. സുഗതൻ, ടി. വി. തോമസ്സ് ഇവരെല്ലാം കയർവ്യവസായത്തിൻെറ അധഃപതനത്തെപ്പററി പറയുകയുണ്ടായി.

4 p. m.

ഈ വ്യവസായത്തിനു അധഃപതനം വന്നിട്ടുണ്ടെങ്കിലും അവയെ പരിഹരിക്കുന്നതിനു വേണ്ടി ഗവമ്മെൻറ ചില നടപടി നടത്താൻ ഉദ്ദേശിക്കുന്നുണ്ടെന്നും പ്രസ്താവിച്ചിട്ടുണ്ടു്. അങ്ങനെയിരിക്കെ ബഹു. മെമ്പർ ഗംഗാധരൻ പറയുകയുണ്ടായി കയർ വ്യവസായത്തിൻെറ ഈ അധഃപതനം കണ്ടുകൊണ്ടു ഗവമ്മെൻറ മുതലകണ്ണീർ വീഴ്ത്തുകയാണു് ചെയ്യുന്നതെന്നു്. വളരെ കുത്തുമുത്തുള്ള ഇത്തരം കല്ലേറു തുടങ്ങുന്നതു കഷ്ടമാണു്. രാജപ്രമുഖൻെറ പ്രസംഗത്തിൽ ഞങ്ങൾ കണ്ണീർ പൊഴിച്ചിട്ടുണ്ടെങ്കിൽ അതു മുതലകണ്ണീരല്ലെന്നും നേരെമറിച്ചു ചുമതലകണ്ണീരാണെന്നും ഞാനദ്ദേഹത്തെ അനുസ്മരിപ്പിക്കുന്നു. ഈ അധഃപതനത്തിനു ഒരുപോംവഴി കണ്ടുപിടിക്കുവാൻ പൊതുജനങ്ങൾക്കും പൊതുജനപ്രതിനിധികൾക്കും സാധിക്കത്തക്ക ഒരു കാര്യമാണു്. അതു പോലെതന്നെ ചകരിയുടെയും മടലിൻെറയും വിലകുറവുനിമിത്തം വളരെ കഷ്ടനഷ്ടങ്ങൾ സംഭവിച്ചിരിക്കുന്നുവെന്നും യാതൊരുപരിഹാരവും നേടീട്ടില്ലെന്നും മററും പരാതിപ്പെട്ടു. ഈ വകക്കെല്ലാം ഒരു കമ്മററിയെ വെച്ചിട്ടുണ്ടു്. ആ കമ്മററി അന്വേഷണം നടത്തി അപ്പോഴപ്പോൾ ഗവമ്മെൻറിനെ അറിയിക്കുന്നുമുണ്ടു്. തൊണ്ടിൻെറയും, മടലിൻെറയും, ചകരിയുടെയും മററും വില കൂടുമ്പോൾ വില കൂടിയെന്ന കുററവും വിലകുറയുമ്പോൾ കുറഞ്ഞുപോയിയെന്ന കുററവും ആരോപിക്കുന്നതു് നാട്ടിൽ സാധാരണമാണു്. അങ്ങിനെ മാറിയും മറിഞ്ഞും കൊണ്ടിരിക്കുന്ന ഒരു സാമ്പത്തിക പ്രശ്നമാണു് ഇതു്. ഇതിനു ഗവമ്മെൻറിനെയോ മുൻമന്ത്രിയായിരുന്ന കുഞ്ഞുരാമനെയോ കുററം പറയേണ്ട കാര്യമില്ല. പത്തുപന്ത്രണ്ടു ദിവസം മാത്രം പ്രായമുള്ള ഒരു ശിശുഗവമ്മെൻറിൻെറ പേരിൽ ഈ വിധത്തിലുള്ള കുററാരോപണം വർഷിക്കുന്നതു് കുറെ അനൌചിത്യമല്ലെ എന്നു കൂടി തോന്നിപ്പോകുന്നു. നമ്മുടെ നാട്ടിൽ ലക്ഷക്കണക്കിനുള്ള തൊഴിലാളികൾക്കു് സുഖമായും സൌകര്യമായും തൊഴിൽ ഉണ്ടാക്കികൊടുക്കുവാൻ സാധിക്കുന്നില്ലായെങ്കിൽ അതു് ഗവമ്മെൻറ ഒഴിക്കുന്ന മുതലകണ്ണീരാണെന്നു പറയുന്നപക്ഷം എനിക്കുപറയുവാനുള്ളതു് ജനസ്നേഹവും രാജ്യസ്നേഹവും മററും ആർക്കും കുത്തകയല്ലെന്നാണു്.

ശ്രീ. ആർ. ഗംഗാധരൻ. ഈ കാര്യത്തെപ്പററി ഒരുപരാതിയും ആയി ബഹു. മന്ത്രിയെ ഞാൻ സമീപിച്ചതായി ഓർക്കുന്നില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അങ്ങനെയൊരു സംഭവമേ ഉണ്ടായിട്ടില്ല. പൊതുജനങ്ങൾ ഞങ്ങൾക്കും നിങ്ങൾക്കും തുല്യരാണ്. ഞങ്ങൾ ആരെപ്പററിപറഞ്ഞാലും അതു മുതലക്കണ്ണീരാണെന്നും നിങ്ങൾ പറയുകയാണെങ്കിൽ യഥാർത്ഥകണ്ണീരാണെന്നും സമ്മതിക്കാൻ ഞാൻ തയാറില്ല. അതുപോലെതന്നെ എന്റെ മാന്യസ്നേഹിതൻ മി. ഗോപാലകൃഷ്ണമേനോൻ Agrarian Reforms-നെ പററി പറഞ്ഞു. ഈ കാര്യം അദ്ദേഹം ശരിയായ വിധത്തിൽ പഠിച്ചിട്ടുണ്ടോയെന്നുതന്നെ എനിക്കു സംശയമാണ്. [illegible]-ലോ മറേറാ കൊച്ചിയിലെ വെറുംപാട്ടകുടിയാൻ നിയമത്തെപ്പററി പഠിച്ചുവെച്ചതുകൊണ്ടാണ് ഇവിടെ പ്രയോഗിച്ചിട്ടുള്ളതു്. അതിൽപിന്നീടു ഈ നിയമത്തിൽ വന്നിട്ടുള്ള വ്യത്യാസങ്ങൾ എന്തെല്ലാമാണെന്നു അദ്ദേഹം അറിഞ്ഞിട്ടില്ലായിരിക്കാം. ഒരു അഭിഭാഷകനും കൂടിയായ ഞാൻ പറയുന്നു ഒരു വെറുംപാട്ടകുടിയാനെ ഒഴിപ്പിക്കാൻ അത്ര എളുപ്പമല്ലെന്നു്. ഏതോ ഒരു താലൂക്കിൽ ഒരു പാട്ടകുടിയാനെ ഒഴിപ്പിച്ച കാരണം വെച്ചുകൊണ്ടാണ് അദ്ദേഹം ഇപ്രകാരം പറഞ്ഞിട്ടുള്ളതു്. ഒരു കുടിയാനെ ഒരു ജന്മിക്കു അത്ര എളുപ്പത്തിനു ഒഴിപ്പിക്കാൻ സാധിക്കുകയില്ലായെന്നുള്ളതിനു ഞാൻ ഉറപ്പുതരാം. എന്നാൽ മുഷ്ക്കന്മാർ, ചട്ടമ്പിമാർ തുടങ്ങിയവർ ചിലപ്പോൾ പാവപ്പെട്ട കുടിയാനെ തല്ലിഓടിച്ച് വസ്തു കൈവശപ്പെടുത്തിയെന്നുവരാം. ചിലപ്പോൾ അവർ കൊള്ളചെയ്യുന്നില്ലേ? കവച്ച നടത്തുന്നില്ലേ? കൊലപാതകം ചെയ്യുന്നില്ലേ? അതിനൊക്കെ ഗവമ്മെൻറു കൂട്ടുനില്ക്കുന്നു എന്നു പറയുകയാണെങ്കിൽ എന്തു മറുപടിയാണു പറയുവാനുള്ളതു്.

ശ്രീ. ടി. കെ. ദിവാകരൻ: കൊലപാതകം നടത്തിയാൽ ഗവമ്മെൻറു കേസെടുക്കുകയും കുടിയിറക്കിയാൽ ഗവമ്മെൻറു കണ്ണടക്കുകയും അല്ലേ ചെയ്യുന്നതു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: നമ്മുടെ പീനൽ കോഡു നിയമത്തിൽ പോലീസുകാർക്കു് നേരിട്ടു എടുക്കാവുന്ന കേസുകളും അല്ലാത്ത കേസുകളും ഉണ്ടു്. കുടിയിറക്കപ്രശ്നം കോഗ്നിസബിൾ അല്ല.

ശ്രീ. പി. രാമസ്വാമിപിള്ള: ട്രസ്പാസ് കോഗ്നിസബിൾ അല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയിരിക്കാം. എന്തായാലും നിയമത്തിനെപററിയുള്ള ഒരുവാദപ്രതിവാദത്തിനു ഇപ്പോൾ ഞാൻ തുനിയുന്നില്ല. കുടിയിറക്കിനെ സംബന്ധിച്ചിടത്തോളം പോലീസുകാർ കുററം ചെയ്തിട്ടുണ്ടെങ്കിൽ പറഞ്ഞാൽ അതു മനസ്സിലാക്കാൻ സാധിക്കും. ഏതോ ഒരു താലൂക്കിൽ ഒരു കുടിയാനെ കൈയേററം ചെയ്തിട്ടുണ്ടെങ്കിൽ അതിൽ പലകാരണങ്ങളും കണ്ടേക്കും. ആ കാര്യം വെച്ചു കൊണ്ടു പൊതുവെ പോലീസിനെപററിയും അവരുടെ പ്രവൃത്തികളെപററിയും കുററം പറയുന്നതു് ശരിയല്ല. അതു കൊണ്ടു്, നിങ്ങൾ രാഷ്ട്രീയമായി അല്പംകൂടി കാരുണ്യം കാണിക്കണം. ഞങ്ങൾക്കു് ധാരാളം കുററങ്ങൾ ഉണ്ടു്. അനവധി കാര്യങ്ങൾ ചെയ്തുതീർക്കാനുള്ളതിൽ പലതും ബാക്കി കിടക്കുന്നു. സാമൂഹ്യമായും സാമ്പത്തികമായും ഉണ്ടായിരിക്കുന്ന അധഃ

[Shri Panampilli Govinda Menon]

പതനത്തിൽ—ഒരു സ്ക്വയർ മൈലിന് ആയിരം ആളുകൾ തിങ്ങി പാർക്കുന്ന നമ്മുടെ സംസ്ഥാനത്ത് നൂററാണ്ടുകളായി അനുഭവിച്ചുകൊണ്ടിരിക്കുന്ന അനവധി കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും ഇന്നും തീർന്നിട്ടില്ല. അങ്ങനെയിരിക്കെ ഏതുതരത്തിലുള്ളവരായാലും അവർ ഭരണം ഏറെറടുത്താൽ കുഴങ്ങാതെ തരമില്ല. കുററം ചെയ്തിട്ടുണ്ടെങ്കിൽ സമ്മതിക്കാൻ ഞങ്ങൾ തയാറാണ്. ചെയ്യാത്തകുററങ്ങൾ പറയാതിരിക്കാൻ നിങ്ങൾ പഠിക്കുന്നതു നന്നായിരിക്കും. നാട്ടിന്റെ നന്മക്കായിട്ടു ചെയ്തകാര്യങ്ങൾക്ക ഒരു നന്ദിപോലും പറയാതെ വെറും കുററങ്ങളെയും തെററുകളെയും മാത്രം പെറുക്കിപ്പിടിച്ചു കാണിക്കുന്നതു് എന്തുകൊണ്ടാണെന്നു മനസ്സിലാകുന്നില്ല. ബഹു. കൊടുങ്ങല്ലൂർ മെമ്പർ ഞാനിത്രയും പറഞ്ഞതിൽ കോപിക്കരുതെന്നപേക്ഷിക്കുന്നു. മറെറാരു പരാതി ഇവിടെ ഉന്നയിച്ചതു ബഹു. മെമ്പർ രാജഗോപാലൻ നായരാണ്. അദ്ദേഹം പറയുന്നു കീഴ്ജീവനക്കാർക്ക് ജീവിക്കുന്നതിനുള്ള ശമ്പളം കൊടുക്കുന്നതിൽ ഗവമെൻറ് വളരെ അനാസ്ഥപ്രകടിപ്പിക്കുന്നുവെന്ന്. ൧൯൪൯ ജൂലായ് മുതൽ ൧൦ രൂപാ ശമ്പളക്കാരായ ശിപായിമാർക്ക് ൨൦ രൂപാ ശമ്പളവും ൨൦ രൂപാ അലവൻസുമായി കൊടുത്തുവരുന്നു. അതുപോലെതന്നെ പ്രൈമറിസ്കൂൾ അദ്ധ്യാപകന്മാരുടെ ശമ്പളം ൨൫ രൂപയിൽനിന്നും ൨൭ രൂപയായി ഉയർത്തി. സെക്കൻററിസ്കൂൾ അദ്ധ്യാപകന്മാർക്കും ഇതേതോതിൽതന്നെ ശമ്പളം വർദ്ധിപ്പിച്ചു. പോലീസിലും കീഴ്ജീവനക്കാർക്ക് ശമ്പളം കൂട്ടികൊടുക്കുകയുണ്ടായി. ഈ കാര്യങ്ങൾ അദ്ദേഹം വിസ്മരിച്ചതു് വളരെ പരിതാപകരമാണ്. മറെറാരു പരാതി, സർവ്വീസുസംയോജനം ഇതുവരെ നടത്തിയില്ലാഎന്നാണ്. വാസ്തവത്തിൽ അതൊരു തെററാണ്. ഒരു കുററമാണ്. താമസംവിനാ സംയോജനം നടത്തുമെന്നുമാത്രം എനിക്കതിനു മറുപടി പറയാം. സംസ്ഥാനത്തുള്ള എൻ. ജി. ഒ. മാർക്ക് ഗവമെൻറിന്റെ ശക്തിക്കൊത്തവണ്ണം ശമ്പളം കൊടുക്കുന്നുണ്ട്. എൻ. ജി. ഒ. മാരുടെ കാര്യം ഗവമെൻറിന്റെ കാര്യമാണ്. നിങ്ങൾക്കാണ് എൻ. ജി. ഒ. മാരുടെ കാര്യത്തിൽ കൂടുതൽ ശ്രദ്ധയുള്ളതെന്നു പറഞ്ഞാൽ അതു് രാഷ്ട്രീയമായ കാര്യങ്ങൾക്കുവേണ്ടി പറയുന്നു എന്നല്ലാതെ വലിയ അർത്ഥമില്ല. എന്റെ മാന്യസ്നേഹിതൻ ഭരണിക്കാവു മെമ്പർ ഇവിടെ ചിലകാര്യങ്ങൾ ഉന്നയിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രധാന പരാതി ഈ രാജ്യത്തിനെ 'ബി' സ്റ്റേററാക്കി അധഃപതിപ്പിച്ചുവെന്നാണ്. അദ്ദേഹത്തിന്റെ ഈ പരാതികേട്ടപ്പോൾ എനിക്കു് അല്പം വിസ്മയമുണ്ടായി. മാത്രമല്ല, മറെറാരു കാര്യംകൂടി എന്റെ സ്മരണയിൽ എത്തിച്ചേർന്നു. അതായതു് എന്റെ കുടുംബത്തിലെ ഒരു ചെറിയകുട്ടിയെ സ്കൂളിൽ ചേർക്കുന്നതിനായിട്ടു് കൊണ്ടുപോവുകയും അവിടെചെന്നു് ഫോർത്തുഫാറം ബി ഡിവിഷനിൽ ചേർക്കുകയും ചെയ്തു. എ ഡിവിഷനിൽ സ്ഥലം ഇല്ലാത്തതുകൊണ്ടാണ് ബി ഡിവിഷനിൽ ചേർത്തതു്. ഏതായാലും വൈകുന്നേരം കുട്ടി വീട്ടിൽവന്നപ്പോൾ ഞാൻ അയാളോടു ചോദിച്ചു ഫോർത്തുഫാറം ഏതു ഡിവിഷനിൽ ചേർത്തുവെന്ന്. ബി ഡിവിഷനിൽ ചേർത്തുവെന്ന് അയാൾ ഉത്തരം പറഞ്ഞു. എ ഡിവിഷനേക്കാൾ മോശപ്പെട്ട ബി ഡിവിഷനിൽ ചേർത്തതു് നീ മോശക്കാരനായതുകൊണ്ടാണെന്നു് ഞാൻ പറഞ്ഞപ്പോൾ യഥാർത്ഥമാണെന്നു ധരിച്ചു ആ ശിശു അമ്പരന്നുപോയി. വാസ്തവത്തിൽ എ ക്കും ബി ക്കും തമ്മിൽ വ്യത്യാസമി

ല്ലെന്നുള്ള സംഗതി ആ ബാലൻ ധരിക്കാത്തതിൽ കുററപ്പെടുത്താനില്ല. എന്നാൽ എന്റെ ബഹു. സ്നേഹിതൻ ഭരണിക്കാവുമെമ്പർ അതുപോലെയുള്ള ഒരു ശിശുവാണെന്നു ഞാൻ വിചാരിക്കുന്നില്ല.

ബഹുമാനപ്പെട്ട ഭരണിക്കാവു മെമ്പർ ചില കാര്യങ്ങൾ പറഞ്ഞു. ഈ രാജ്യം സ്വതന്ത്രരാജ്യമായിരുന്നപ്പോൾ ഇൻകംടാക്സ് റവന്യൂവും മററെല്ലാ റവന്യൂകളും ഇവിടെതന്നെ ചിലവാക്കിയിരുന്നു എന്നും, തിരുവിതാംകൂറിനു ഒരു ഭരണഘടന ഉണ്ടാക്കാൻവേണ്ടി മാത്രമായിരുന്നു ഇവിടെ ഒരു തിരഞ്ഞെടുപ്പു നടന്നതെന്നും പറഞ്ഞു. ഈ വാദങ്ങളെല്ലാംകൂടി കൂട്ടിച്ചേർത്തു നോക്കിയാൽ സർ സി. പി. യുടെ സ്വതന്ത്ര തിരുവിതാംകൂർ വാദത്തിനു ഒരു മൂടുപടം കൊടുത്ത ഒരു വാദമാണ് അതെന്നു കാണാൻ പ്രയാസമില്ല. നമ്മുടെ രാജ്യം ഇൻഡ്യയുടെ ഒരു ഭാഗമായിത്തീരണമെന്നായിരുന്നു നാമെല്ലാം ആഗ്രഹിച്ചുകൊണ്ടിരുന്നതു്. ഇവിടെ തിരഞ്ഞെടുക്കപ്പെട്ട മെമ്പർമാർ എല്ലാവരുംകൂടി ൧൯൪൯ ഒക്ടോബറിൽ ഇവിടെ സമ്മേളിച്ചു് ഒരു പ്രമേയം പാസാക്കുകയുണ്ടായി. തിരുവിതാംകൂറിനു പ്രത്യേകം ഒരു ഭരണഘടന ഉണ്ടാക്കുന്നതു് ഈ നാട്ടിലെ ജനങ്ങളുടെ ചിരകാലമായ അഭിലാഷങ്ങൾക്കു വിരുദ്ധമാകയാൽ ഇൻഡ്യൻ ഭരണഘടനതന്നെ ഈ നാട്ടിന്റെ ഭരണഘടനയായി അംഗീകരിക്കണമെന്നായിരുന്നു ആ പ്രമേയം. ആ പ്രമേയം പാസാക്കി. ഇൻഡ്യൻ ഭരണഘടനയിൽ ബ്രിട്ടീഷു ഭരണകാലത്തു പ്രോവിൻസായിരുന്ന രാജ്യങ്ങൾക്കു പാർട്ട് എ സ്റ്റേററ് എന്നും നാട്ടുരാജാക്കന്മാർ തങ്ങൾക്കുണ്ടായിരുന്ന അധികാരങ്ങൾ വിട്ടുകൊടുത്ത രാജ്യങ്ങൾക്കു പാർട്ട് ബി സ്റ്റേററ് എന്നും നിർവചനം കൊടുത്തു.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: ആയുഷ്ക്കാല രാജപ്രമുഖന്മാർ പാർട്ട് എ സ്റ്റേററിലുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ആയുഷ്ക്കാല രാജപ്രമുഖന്മാർ ബി സ്റ്റേററിലേയുള്ളു. പക്ഷെ ആയുഷ്ക്കാല രാജപ്രമുഖന്മാരെപ്പററി ഞങ്ങൾക്കു യാതൊരു ഭയവുമില്ല. രാജ്യത്തിലെ അധികാരം ഞങ്ങൾക്കും അവർക്കും ഒരുപോലെയാണ്. ഒരു രാഷ്ട്രീയ ചർച്ചയിൽ പറയത്തക്ക ഒരുകാര്യവും ഇതിലില്ല.

ശ്രീ. എം. എൻ. ഗോവിന്ദൻ നായർ: സാമ്പത്തികമായി നോക്കുകയാണെങ്കിൽ വലിയൊരു തുക രാജപ്രമുഖനു് കൊടുക്കുന്നുണ്ടു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: പാർട്ട് എ സ്റ്റേററിൽ ഒരു ഗവർണ്ണർക്കു ചിലവാകുന്ന സംഖ്യയും ഈ ഗവൺമെൻറ രാജപ്രമുഖനു് കൊടുക്കുന്ന സംഖ്യയും തമ്മിൽ തുല്യപ്പെടുത്തുന്നപക്ഷം രാജപ്രമുഖനു് കൊടുക്കുന്ന സംഖ്യ കുറവാണെന്നുകാണാം.

ഇൻഡ്യൻ ഭരണഘടനയിലെ ൨൩൮-ാം വകുപ്പിനെപ്പററി ൧൯൪൯ ഒക്ടോബർ ആദ്യവാരത്തിൽ കൂടിയ സമ്മേളനത്തിൽ കോൺഗ്രസ്സ് പാർട്ടിയിൽനിന്നു് ശ്രീ. കെ. രാമകൃഷ്ണപിള്ള ഒരു പ്രമേയം അവതരിപ്പിച്ചു. ഈ ൨൩൮-ാം വകുപ്പു ഡ്രാഫ്റ്റ കോൺസ്റ്റിററ്യൂഷനിൽ ൨൦൯ ബി വകുപ്പായിരുന്നു. ആ വകുപ്പു തിരുവിതാംകൂർ-കൊച്ചി സംസ്ഥാനത്തിനു് ബാധകമാക്കരുതു് എന്നായിരുന്നു ആ പ്രമേയം. ആ പ്രമേയം ഇവിടെ പാസ്സാക്കി. അങ്ങിനെ ഒരു പ്രമേയം ഇവിടെ പാസ്സാക്കിയിട്ടുള്ളതു് ഒരുപക്ഷെ ഈ സഭയിലെ അധികം ആളുകളും അറി

[Shri Panampilli Govinda Menon]

ഞതിരിക്കയില്ല. ബഹു. മെമ്പർ ശ്രീ. താണുപിള്ള ആ പ്രമേയത്തെ അനുകൂലിച്ചിട്ടുണ്ട്. പിന്നീട് ഇവിടത്തെ കോൺഗ്രസ്സ് പ്രതിനിധികൾ സ്റ്റേറ്റ്സ് മിനിസ്ട്രിയിലും ഇൻഡ്യാഗവൺമെൻറിൻെറ അടുത്തും ഈ കാര്യത്തെപ്പററി നിവേദനം നടത്തിയിട്ടുണ്ട്. കോൺസാംബ്ലിയിൽ ഭരണഘടന വാദപ്രതിവാദത്തിനുവന്ന അവസരത്തിൽ ബഹു. ശ്രീ. താണുപിള്ള അതിനെ എതിർത്തു. അതുപോലെതന്നെ ഇവിടെ നിന്നുപോയിരുന്ന മെമ്പർമാർ ഈ വകുപ്പു തിരു-കൊച്ചിക്ക് ബാധകമാക്കരുതെന്ന് പറഞ്ഞിട്ടുണ്ട്. ഇവിടെ പാസ്സാക്കിയ പ്രമേയത്തിലെ ഉള്ളടക്കം ഇൻഡ്യാഗവൺമെൻറിനെ ധരിപ്പിക്കുവാൻവേണ്ടി മന്ത്രിസഭയുടെ പ്രതിനിധികൾ ഇൻഡ്യാഗവൺമെൻറിൻെറ അടുത്തുപോയി നിവേദനം ചെയ്തിട്ടുണ്ട്. ആ പ്രതിനിധികൾ ഇൻഡ്യാഗവൺമെൻറിൻെറ അടുത്ത് പറഞ്ഞതിൻെറ ഫലമായിട്ടാണ് സർദാർ പട്ടേൽ കോൺസാംബ്ലിയിൽ ഒരു പ്രഖ്യാപനം നൽകിയത്. സർ, അങ്ങയുടെ അനുവാദത്തോടുകൂടി ആ ഭാഗം ഇവിടെ വായിക്കാം.

"As the House is aware, the States, as we inherited them, were in varying stages of development. In most cases the advance had to be made from the starting point of pure autocracy. Having regard to the magnitude of the task, which confronted the Governments of the Unions in the transitional period, and to the fact that neither the Services inherited by them nor the political organisations, as they existed there, were in a position to assume, unaided, full responsibilities of the administration, we made a provision in some of the Covenants that till the new Constitution came into cperation in these Unions, the Rajpramukh and the Council of Ministers shall, in the exercise of their functions, be under the general control of the Government of India and comply with the instructions issued by the Government from time to time. The stress of the transitional phase is likely to continue for some years. We are ourselves most anxious that the people of these States should shoulder their full responsibilities; however, we cannot ignore the fact that while the administrative organisation and political institutions are to be found in most of the States in a relatively less developed state, the problems relating to the integration of the States and the change-over from an autocratic to a democratic order are such as to test the mettle of long established administrations and experienced leaders of people. We have therefore found it necessary that in the interest of the growth of democratic institutions in these States, no less than the requirements of administrative efficiency, the Government of India should exercise general supervision over the Governments of the States till such time as it may be necessary.

It is natural that a provision of this nature which treats States in Part B differently from Part A States should cause some misgivings. I wish to assure the Hon'ble Members representing these States, and through them the people of these States, that the provision involves no censure of any Government. It merely provides for contingencies which, in view of the present conditions, are more likely to arise in Part B States than in the States of other categories. We do not wish to interfere with the day-to-day administration of any of the States. We are ourselves most anxious that the people of the States should

learn by experience. This article is essentially in the nature of a safety valve to obviate recourse to drastic remedies such as the provision of the breakdown of the constitutional machinery. It is quite obvious that in this matter the States, *e.g.*, Mysore and Travancore-Cochin, where democratic institutions have been functioning for a long time and where Governments responsible to Legislatures are in office, have to be treated differently from the States not conforming to these standards."

ഈ വിധത്തിൽ മററു സ്റ്റേററുകളിൽനിന്നും വ്യത്യസ്ഥമായൊരു നില നമ്മുടെ സ്റ്റേററിന് കിട്ടുന്നതിനു പരിശ്രമിച്ച കോൺഗ്രസ്സിനേയും കോൺഗ്രസ്സ് ഗവമ്മെൻറിനേയും ആക്ഷേപിക്കുന്നതിന് ഈ അവസരം ഉപയോഗിച്ചതിൽ എനിക്ക് വളരെ ഖേദമുണ്ട്. എന്നുതന്നെയല്ല, ഈ വകുപ്പു ഭരണഘടനയിൽ ചേത്തതു് ഇവിടത്തെ കോൺഗ്രസ്സ് ഗവമ്മെൻറ് പല അക്രമങ്ങളും ചെയ്യുന്നുകൊണ്ടാണെന്ന് ശ്രീ. താണുപിള്ള പറഞ്ഞതിനേക്കാൾ ശരിയായിട്ടുള്ളതു് കോൺഗ്രസ്സിനെ എതിക്കുന്ന ആളുകളുടെ കുഴപ്പം കൊണ്ടാണ് എന്ന് വിചാരിക്കുന്നതായിരിക്കും. ഈ രാജ്യത്തിൻെറ അഭിമാനത്തിനു ന്യൂനത തട്ടുന്ന യാതൊന്നും കോൺഗ്രസ്സ് ചെയ്തിട്ടില്ല. പത്തുപന്ത്രണ്ടു ദിവസങ്ങൾക്കു മുമ്പ് ഒരു ഭൂരിപക്ഷകക്ഷി അല്ലാതിരിക്കുന്ന കോൺഗ്രസ്സ് ഭരണഭാരം ഏറെറടുത്തതു് ഇവിടെ ഒരു ഭരണക്കുഴപ്പം ഉണ്ടാകാതിരിക്കുവാൻ വേണ്ടിയാണ്. നിയമസഭയിൽ ഭൂരിപക്ഷമില്ലാത്ത ഒരു കക്ഷിക്ക് ഭരിക്കാൻ സാദ്ധ്യമല്ലെന്ന് എല്ലാവക്കും അറിയാം. ഭൂരിപക്ഷമില്ലാത്ത കക്ഷി പല ദിക്കുകളിലും ഭരണം ഏറെറടുത്തിട്ടുണ്ട്. ബ്രിട്ടീഷ് ട്രഡീഷൻ അനുസരിച്ചു ഭരണം നടത്തുന്ന ദിക്കുകളിൽ ഇങ്ങനെ പലപ്പോഴും ഉണ്ടായിട്ടുണ്ട്. പത്തുപന്ത്രണ്ടു ദിവസങ്ങൾക്കുമുമ്പ് ഞങ്ങൾ അധികാരം ഏറെറടുത്തതു് ഈ രാജ്യത്തിൻെറ അഭിമാനം നിലനിത്തുവാൻ വേണ്ടിയാണ്. ഉദ്യോഗത്തിൽ ഇരിക്കുവാൻ വേണ്ടിയല്ല. അഭിമാനത്തോടുകൂടിയല്ലാതെ ഒരു ദിവസത്തിൽ കൂടുതൽ ഉദ്യോഗത്തിൽ തൂങ്ങിപ്പിടിച്ചിരിക്കുവാനും ഞങ്ങൾ ഉദ്ദേശിക്കുന്നില്ല. അധികാരത്തിൽ ഇരിക്കുന്ന കക്ഷിയെ എതിക്കുവാൻ ആക്കും സാധിക്കും. പക്ഷെ രാജ്യത്തിൻെറ അഭിമാനം നിലനിറുത്തുവാനും കോൺസ്റ്റിററ്യൂഷനൽ മിഷനറിയുടെ രക്ഷയ്ക്കുവേണ്ടിയും ആണ് ഞങ്ങൾ അധികാരം ഏറെറടുത്തതു്. അതിനു നിങ്ങളുടെ സപ്പോട്ട് ഞാൻ ആവശ്യപ്പെടുന്നു. ഞാൻ ഈ ഭേദഗതികളെയെല്ലാം എതിക്കുന്നു.

Amendment No. 1 moved by Shri R. Gangadharan
was, by leave, withdrawn
Amendment No. 5 moved by Shri E. Gopalakrishna Menon
was, by leave, withdrawn
Amendment No. 6 moved by Shri Rajagopalan Nair
was, by leave, withdrawn
Amendment No. 7, moved by Shri R. Sugathan
was, by leave, withdrawn
Amendment No. 8, moved by Shri M. N. Govindan Nair
was, by leave, withdrawn
Amendment No. 9, moved by Shri T. K. Divakaran
was, by leave. withdrawn
Amendment No. 11, moved by Shri T. V. Thomas
was put and lost,

Shri T. V. Thomas: Sir, I demand a poll.

A poll was taken when the House divided as follows:—

AYES—51

1. Shri M. M. Abdul Khadar.
2. Shri A. Achuthan.
3. Shri Achutha Menon.
4. Shri Avira Tharakan.
5. Shri C. C. Ayyappan.
6. Shri Balakrishna Menon.
7. Shri P. Bhaskaran Nair.
8. Shri A. K. Chelliah.
9. Shri A. Chidambaranatha Nadar.
10. Shri S. G. Deviappan Kangany.
11. Shri T. K. Divakaran.
12. Shri R. Gangadharan.
13. Shri E. Gopalakrishna Menon.
14. Shri P. Govinda Pillai.
15. Shri M. N. Govindan Nair.
16. Shrimati K. R. Gouri.
17. Shri Kambisseri Karunakaran.
18. Shri Kochukunju.
19. Shri E. Krishnan Nair.
20. Shri Krishnan.
21. Shri K. V. Krishnankutty Warrier.
22. Shri Kumara Pillai.
23. Shri C. K. Kumara Panicker.
24. Shri K. Kuttappan.
25. Shri T. A. Majeed.
26. Shri Chengarappally P. Narayanan Potti.
27. Shri P. S. Nataraja Pillai.
28. Shri Nilakantaru Pandarathil.
29. Shri N. A. Noor Mohammed.
30. Shri R. Ponnappa Nadar.
31. Shri Prabhakaran Koonath.
32. Shri N. Raghava Kurup.
33. Shri Rajagopalan Nair.
34. Shri Ramakrishnan.
35. Shri P. Ramaswami Pillai.
36. Shri T. S. Ramaswami Pillai.
37. Shri Ravindran.
38. Shri Sadasivan.
39. Shri Sadanandan.
40. Shri A. Samraj.
41. Shri C. Sankar.
42. Dr. N. Sankara Pillai.
43. Shri Chattanatha Karayalar.
44. Shri Alexander Manuel Simon.
45. Shri V. Sridharan.
46. Shri Sreevallabha Menon.
47. Shri R. Sugathan.
48. Shri A. Thanu Pillai.

49. Shri T. V. Thomas.
50. Shri C. K. Viswanathan.
51. Shri M. William.

NOES—53

1. Shri P. C. Athichan.
2. Shri Alexander Parambitharayil.
3. Shri Ayyappan Pazhayarthundy.
4. Shri K. Bhanu.
5. Shri A. C. Chacko.
6. Shri P. Chacko.
7. Shri G. Chandrasekhara Pillai.
8. Shri K. M. Chandy.
9. Shri K. K. Chellappan Pillai.
10. Shri Cheriyan J. Kappan.
11. Shri M. V. Cheriyan.
12. Shri Ambat Eachara Menon.
13. Shri Ganapathy.
14. Shri K. M. George.
15. Shri Panampilli Govinda Menon.
16. Shri A. L. Jacob.
17. Shri James Tharayil.
18. Shri A. J. John.
19. Shri Joseph Vazhappilly.
20. Shri K. Karunakaran.
21. Shri C. Kesavan.
22. Shri Nedumangad R. Kesavan Nair.
23. Shri R. Kesava Pillai.
24. Shri T. T. Kesavan Sastri.
25. Shri K. M. Korah.
26. Shri K. Kochukuttan.
27. Shri K. P. Krishna Menon.
28. Shri V. R. Krishnan Ezhuthassan.
29. Shri Kunjan Nadar.
30. Shri Kunjithommen.
31. Shri V. Madhavan.
32. Shri K. Madhavan Unnithan.
33. Shri Mathai.
34. Shri M. C. Mathew.
35. Shri J. T. Moraes.
36. Shri O. C. Ninan.
37. Shri Pareethu Rowther.
38. Shri L. M. Pylee.
39. Shri P. K. Ramchandra Das.
40. Shri P. Sadasivan Pillai.
41. Dr. M. Sivaraman Nair.
42. Shri K. J. Thomas.
43. Dr. P. T. Thomas.
44. Shri Varghis.
45. Shri E. P. Varghis.
46. Shri N. P. Varghese.
47. Shri T. M. Varghese.

48. Shri V. V. Varkey.
49. Shri Varunny Pulikkal.
50. Shri Vasudevan Pillai.
51. Shri Kalathil Velayudhan Nair.
52. Shri K. I. Velayudhan.
53. Shri Anthonie Andrew Daniel Luiz.

NEUTRALS—Nil.

The original motion was then adopted.

Election of Deputy Speaker

മിസ്റ്റർ സ്പീക്കർ: ഡെപ്യൂട്ടി സ്പീക്കറായി തെരഞ്ഞെടുക്കപ്പെടുന്നതിനു മൂന്നുപേരുടെ നാമനിർദ്ദേശങ്ങൾ കിട്ടിയിട്ടുണ്ടു്. അവ മൂന്നും പരിശോധിച്ചതിൽ സാധുവാണെന്നു കണ്ടിരിക്കുന്നു. നാമനിർദ്ദേശം ചെയ്യപ്പെട്ട മൂന്നുപേരുടേയും പേരുകൾ വായിയ്ക്കാം.

൧. ശ്രീ. കുഞ്ഞൻനാടാർ
൨. ശ്രീ. കെ. പി. കൃഷ്ണമേനോൻ
൩. ശ്രീ. പി. രാമസ്വാമിപ്പിള്ള

ശ്രീ കുഞ്ഞൻ നാടാരെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ ടി. എസ്സ്. രാമസ്വാമിപ്പിള്ളയും സെക്കൻഡ് ചെയ്തിട്ടുള്ളതു് ശ്രീ. ചട്ടനാഥക്കരയാളരും, ശ്രീ കെ. പി. കൃഷ്ണമേനോനെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ കെ. ജെ. തോമസും സെക്കൻഡ് ചെയ്തിട്ടുള്ളതു് ശ്രീ. എൻ. പി. വർഗ്ഗീസും, ശ്രീ. പി. രാമസ്വാമിപ്പിള്ളയെ നാമനിർദ്ദേശം ചെയ്തിട്ടുള്ളതു് ശ്രീ. എ. ചിദംബരനാഥനാടാരും സെക്കൻഡു് ചെയ്തിട്ടുള്ളതു് ശ്രീ. എം. വില്യമും ആണു്. ഒന്നിൽ കൂടുതൽ സ്ഥാനാർത്ഥികൾ ഉള്ളതുകൊണ്ടു് അതിലേക്കുള്ള വോട്ടെടുപ്പു് ഇപ്പോൾ നടക്കുന്നതാണു്. അക്ഷരമാല ക്രമമനുസരിച്ചു് ആദ്യമായി ശ്രീ കുഞ്ഞൻനാടാരുടേയും രണ്ടാമതായി ശ്രീ. കെ. പി. കൃഷ്ണമേനവൻേറയും മൂന്നാമതായി ശ്രീ. പി രാമസ്വാമിപ്പിള്ളയുടേയും പേരുകൾ ബാലട്ടുപേപ്പറിൽ അച്ചടിച്ചിട്ടുണ്ടു്. ബഹുമാനപ്പെട്ട മെമ്പർമാർ ആർക്കുവേണ്ടി വോട്ടുചെയ്യുന്നുവോ ആ സ്ഥാനാർത്ഥിയുടെ പേരിനെതിരെ ഒരു ഗുണനചിഹ്നം രേഖപ്പെടുത്തേണ്ടതാണു്. ഇപ്പോൾ സെക്രട്ടറി ബഹുമാനപ്പെട്ട അംഗങ്ങളുടെ പേരുകൾ വിളിക്കുന്നതാണു്.

(Balloting for the election then proceeded.)

മിസ്റ്റർ സ്പീക്കർ: ഇപ്പോൾ നടന്ന വോട്ടെടുപ്പിൽ ശ്രീ. കുഞ്ഞൻനാടാർക്കു ൨൯-ം, ശ്രീ. കൃഷ്ണമേനോനു് ൩൦-ം, ശ്രീ. രാമസ്വാമിപ്പിള്ളക്കു ൪൬-ം വോട്ടുകൾ വീതം ലഭിച്ചിരിക്കുന്നതിനാൽ, ശ്രീ. കുഞ്ഞൻനാടാർ തള്ളപ്പെട്ടുപോയിരിക്കുകയും ബാക്കിയുള്ള രണ്ടു സ്ഥാനാർത്ഥികൾക്കുവേണ്ടി ഇനിയും ബാലറ്റിംഗ് നടക്കുന്നതുമാണു്.

(Balloting for the election again took place.)

Mr. Speaker: The result of the election is this:— Shri Krishna Menon has got 54 Votes and Shri T. S. Ramaswami Pillai 51 Votes. Shri K. P. Krishna Menon is elected as Deputy Speaker. The House will now adjourn and meet the day after tomorrow.

The Assembly adjourned at 6-12 p. m. to meet again at 11 a. m. on Friday the 28th March 1952.

V. KRISHNAMOORTHI,
Secretary, Legislative Assembly

APPENDIX

List of applicants interviewed in connection with the selection for training as Treasury Officers on Rs. 225—275

Serial No.	Name	Qualifications	Permanent post and pay
1	R. Bhaskara Pillai, Manager, Office of the Chief Engineer, (Electrical) Trivandrum	1. B. A. 2. Travancore Revenue Accounts Tests 3. Public Work Department Divisional Test.	Revenue Accountant Rs. 100 80—100
2	N. Ramalingom Ayyar, Superintendent, State Insurance Department, Trivandrum	1. Intermediate 2, Diploma in Accountancy 3. Shorthand—(Higher) 4. Theory and Practice of Commerce and Precis writing. Examination of the Accountant-General's Office	Superintendent Rs. 185 175—225
3	A. Abdur Rehmankunju, Superintendent, State Insurance Department, Trivandrum	1. M. A. (Com.) II Class 2. Training in Statistics 3. Departmental Examination of the Account-General's Office	Superintendent Rs. 175 175—225
4	P. Parameswaran Nayar, Superintendent, State Insurance Department, Trivandrum	1. B. A. (Hons.) II Class 2. Auditing, Book-keeping, Banking, Co-operation. M.G.T.E. 3. Fellowship Examination of the Chartered Insurance Institute—London	Superintendent Rs. 185 175—225
5	K. C. Ramakrishna Pillai, Superintendent, Government Secretariat, Trivandrum	1. B. A. 2. Account Test 3. Indian Army Officer's Training	Clerk Rs. 100

List of applicants interviewed—(*cont.*)

Serial No.	Name	Qualifications	Permanent post and pay
6	N. Ramakrishna Ayyar, Inspector of Municipal Accounts, Local Fund Audit, Trivandrum	1. B. A. 2. B. L. 3. Account Test 4. Revenue Test	Auditor Rs. 115 100—125
7	K. Kochukunju, Inspector of Municipal Accounts, Local Fund Audit, Trivandrum	1. B. A. II Class 2. Departmental Test of the Accountant-General's Office	Inspector of Municipal Accounts Rs. 155 125—175
8	K. Maria Antony, Co-operative Inspector, Suchindram	1. Graduation	I Grade Co-operative Inspector Rs. 150 100—150
9	V. Sebagnanam, Teacher, G. H. School, Erniel	1. B. A. II Class 2. L. T.	III Grade Teacher Rs. 155 125—175
10	L. Omanakunjamma, Tahsildar, Nagercoil	1. B. A. II Class 2. B. L. I Class 3. Bar Council Test 4. Revenue Test 5. Account Test 6. Higher Survey Test	Clerk Rs. 100 80—100

List of applicants interviewed—(*cont.*)

Serial No.	Name	Qualifications	Permanent post and pay
11	C. Krishna Warrier, Private Secretary to the Minister for P. W., Trivandrum	1. B. A. (Hons.) 2. B. L. 3. Account Test 4. Excise Test, B. C. and D.	Clerk on Rs. 75 45—75
12	C. M. Jacob, Assistant to the Commissioner of Civil Supplies, Trivandrum.	1. B. A. 2. B. L. 3. Account Test 4. Registration Test	Sub-Registrar II Grade Rs. 125 80—125
13	K. Karunakaran, City Rationing Officer, Trivandrum	1. B. A. 2. Departmental Test of the Accountant-General's Office	Auditor on Rs. 100 80—100 Accountant-General's Office
14	C. K. Rama Ayyar, Election Officer, Chief Electoral Office, Trivandrum	1. B. A. 2. Revenue Test I Class 3. Account Test 4. Registration Test 5. Judicial Test 6. Survey Test 7. Survey Training	Assistant Election Officer on Rs. 100 80—120
15	N. Gopalakrishnan Nayar, Secretary, Board of Statistics, Trivandrum	1. M. Sc. 2. B. Sc. I Class I rank for Mathematics and Malayalam and II class for English 3. Recipient of scholarships and College Gold Medal	Technical Assistant, Bureau of Statistics Rs. 100 80—100

List of applicants interviewed—(*cont.*)

Serial No.	Name	Qualifications	Permanent post and pay
16	N. Ramakrishna Pillai, Financial Assistant, Palace Guard's Head Quarter's Office, Trivandrum	1. B. A. II class 2. Account Test 3. T/W. L. C. C. 4. Specially trained for 6 months in Audit and Accounts at Government cost at Bangalore, Belgaum, Poona, Delhi	Superintendent, Military Accountant, Trivandrum Rs. 205 175—225
7	I. Narayana Pillai, Special Inspector of Co-operative Societies, Department for A. B. C., Trivandrum	1. B. A. 2. Apprenticed in the Madras Co-operative Bank 3. Passed the Higher Examination in Banking, Commerce and Finance, Commercial Law Company Law and Winding up 4. Commercial Education Diploma 5. A. E. I. I. B. 6. Account Test 7. Certified Auditor	Special Inspector of Co-operative Societies Rs. 150 100=150
18	T. Maria Susai, Superintendent, Finance Secretariat, Trivandrum	1. B. A. (Hons.) Mathematics II class 2. B. L. 3. Lower Departmental test of the Accountant-General's Office	Clerk, Finance Secretariat, Rs. 95 80—100
19	K. A. Sreedhara Menon, Superintendent, Finance Secretariat, Trivandrum	1. M. A. II class 2. Account Test 3. Revenue Test I class 4. Huzur Office Manual Test I Class	Clerk, Finance Department Rs. 135 125—150

List of applicants interviewed—(*cont.*)

Serial No.	Name	Qualifications	Permanent post and pay
20	P. K. Syed Mohamed, Superintendent, Finance Secretariat, Trivandrum	1. B. A. 2. Huzur Office Manual Test I Class 3. Account Test 4. Revenue Test	Clerk Rs. 155 125—150
21	V. Subramonia Menon, Tahsildar, Trichur	1. M. A.(Hons.) 2. Revenue Test 3. Account Test I Class 4. Forest Test I Class 5. P. W. Test I Class 6. Tramway Test	Head Clerk, District Collector's Office Rs. 135— 125—150
22	T. K. Variath, II Grade Teacher, High School, Perumbavoor	1. B. A.(Math.) I Class 2. L. T. I Class I rank	III Grade Teacher Rs. 100 50—100
23	K. K. Thomas, G. P. Tahsildar, Thodupuzha	1. B. A. 2. Revenue Test 3. Higher Survey Test 4. Account Test	Head Clerk Rs. 100 80—100
24	M. Bhaskara Menon, G. P. Tahsildar, N. Parur	1. B. A. (I Class) 2. Account Test 3. Revenue Test 4. Forest Test I Class 5. P. Works 6. Excise Test I Class 7. Regn. Test	Probationary Assistant Income tax Inspector on Rs. 100—150

List of applicants interviewed—(*cont.*)

Serial No.	Name	Qualifications	Permanent post and pay
25	P. Kandunny Menon, G. P. Tahsildar, Devicolam	1. B. A. 2. Huzur Office Manual Test I Class 3. Civil Account Test 4. Account Test 5. Police Test	Clerk on Rs. 96 80—125
26	S. L. Timothy, G. P. Tahsildar, Peermade	1. B. A. I Class 2. Lower Departmental Test of the Accountant-General's Office	Clerk S. P. C. on Rs. 115 80—120
27	Rama Varma Tampuran, Deputy Supervising Officer of Account, Office of the Deputy Commissioner of Civil Supplies, Ernakulam	1. B. Com. 2. Experience of 4 years, as Auditor, Varma & Varma Registered Acctts.	Nil
28	T. P. Joseph, G. P. Tahsildar, Meenachil	1. B. A. 2. Account Test	Clerk Rs. 120 100—125
29	M. R. Ramachandran, G. P. Tahsildar, Karunagappally	1. B. Sc. 2. Regn. Test	Sub Registrar Rs. 140 100—150
30	M. K. Parameswaran Pillai, Inspector, Co-operative Societies, Karthigappally	M. A. II Class B. L. II Class	Co-operative Inspector Rs. 150 100—150
31	V. Vadivelmurugan Pillai, Inspector, Co-operative Societies, Changanacherry	B. A. Studied up to B. L.	do.

List of applicants interviewed—(*cont.*)

Serial No.	Name	Qualifications	Permanent post and pay
32	T. V. John, Inspector, Co-operative Societies, Kuthiathode	1. B. A.	Co-operative Inspector Rs. 150 100—150
33	A. Harihara Iyer, Dvl. Acctt. Dams Division, Madupatti	1. B. A. 2. Account Test 3. P. W. D. Dvl. Test 4. Dvl. Acctt. Test	Clerk Rs. 100 80—100
34	N. Ganapathy Ayyar, Sub Registrar, Thodupuzha	1. B. A. 2. Regn. Test Higher	Sub Registrar Rs. 150 100—150
35	K. Sankara Warrier, Labour Officer, Trichur	1. B. A. 2. Civil Accounts Tests 3. Account Test 4. Education Test 5. Co-operation Test 6. Revenue Test 7. Anchal Rules	Manager, Office of the Labour Commissioner Rs. 145 125—150
36	K. Madhavan Nayar, The Botanist, Adoor	1. B. A. 2. M. Sc. (Benares) 3. M. S. (Cornell)	
37	N. P. Subramonia Ayyar, Municipal Commissioner, Shencottah	1. B. A. 2. B. L.	